**ഇതേവരെ സോഷ്യലിസത്തിൻെറ ഭാഗമായി കണക്കാക്കിയിരുന്ന പലതും ഇപ്പോൾ കമ്യൂണിസ്റ്റ്‌രാജ്യങ്ങളിൽ ഉപേക്ഷിക്കപ്പെടുന്നു. സോഷ്യലിസത്തിനു വർജ്യമായി കണക്കാക്കിയിരുന്ന പലതും അംഗീകരിക്കുകയും ചെയ്യുന്നു. പക്ഷേ, അതുകൊണ്ടൊന്നും സോഷ്യലിസ്റ്റ്‌സമൂഹത്തിൻെറ പൊതുസ്വഭാവത്തിൽ യാതൊരു മാറ്റവും വരുന്നില്ലെന്നാണ് ഇ.എം.എസ്. ചൂണ്ടിക്കാണിക്കുന്നത്. ഉൽപാദനോപകരണങ്ങളിൽ പ്രധാനപ്പെട്ടവയെല്ലാം സമൂഹത്തിൻെറ പൊതുസ്വത്തായി തുടരുകയാണ്. അവയെ ഉപയോഗിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന രീതിയിലാണു മാറ്റം**

# ലോകസോഷ്യലിസം മുന്നോട്ട്

ഇ.എം.എസ്.

സോവിയറ്റ് യൂണിയനും ചൈനയുമടക്കം എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങളിലും അടിസ്ഥാനപരമായ പരിവർത്തനങ്ങൾ നടക്കുകയാണല്ലോ. അവ സമ്പദ്‌വ്യവസ്ഥയെയും രാഷ്ട്രീയഭരണസംവിധാനത്തെയും ഒരേപോലെ ബാധിക്കുന്നു. സോഷ്യലിസത്തിൻെറ അടിത്തറയെന്ന് അടുത്തകാലംവരെ കരുതപ്പെട്ടിരുന്ന പലതും ഉപേക്ഷിക്കപ്പെടുകയാണ്. സോഷ്യലിസത്തിനു ചിന്തിക്കാൻപോലും സാദ്ധ്യമല്ലെന്നു കരുതിയിരുന്ന പലതും അംഗീകരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കയാണ്.

എന്താണ് ഇതിൻെറ അർത്ഥം? സോഷ്യലിസത്തിൻെറ ശത്രുക്കൾ പറഞ്ഞുപരത്തുന്നതുപോലെ ആ വ്യവസ്ഥ പരാജയപ്പെട്ടുവെന്നാണോ? ആ പരാജയത്തിൻെറ സമ്മതമായി വേണമോ ഈ പരിഷ്കാരങ്ങളെ കണക്കാക്കാൻ? ഈ പരിഷ്കാരങ്ങൾ ഇനിയും മുന്നോട്ടുപോകുമ്പോൾ ഇന്നത്തെ സോഷ്യലിസ്റ്റ് രാജ്യങ്ങൾ നാളത്തെ മുതലാളിത്തരാജ്യങ്ങളായി മാറുമോ?

## മാറ്റം അനിവാര്യം

ഈ ചോദ്യങ്ങൾക്ക് ഉത്തരം കാണണമെങ്കിൽ, സോഷ്യലിസ്റ്റ്‌വ്യവസ്ഥയുടെ താത്വികവും പ്രായോഗികവുമായ അടിത്തറയെ സംബന്ധിച്ച് ഒരു സത്യം മനസ്സിലാക്കണം. സ്ഥലകാലഭേദമില്ലാതെ എല്ലാകാലത്തേക്കും എല്ലായിടത്തേക്കും ഒരുപോലെ ബാധകമായ ചില സിദ്ധാന്തങ്ങളല്ല മാർക്സിസം-ലെനിനിസം. മറ്റു പലതുമെന്നപോലെ, മാർക്സിസം-ലെനിനിസവും സ്ഥലകാലഭേദമനുസരിച്ചു മാറിക്കൊണ്ടിരിക്കും. ഒക്ടോബർ വിപ്ലവത്തെത്തുടർന്നു ലെനിൻ ജീവിച്ചിരുന്ന ആറേഴു വർഷങ്ങൾക്കുള്ളിൽത്തന്നെ സോവിയറ്റ് സോഷ്യലിസത്തിൻെറ രൂപവും ഭാവവും മാറുകയുണ്ടായി.

സ്വകാര്യസ്വത്തുടമയ്ക്കു മിക്കവാറും സ്ഥാനമില്ലാതിരുന്ന യുദ്ധകാലകമ്യൂണിസത്തിൽനിന്ന്, സമ്പദ്‌വ്യവസ്ഥയിൽ പൊതുവിലും കാർഷികമേഖലയിൽ വിശേഷിച്ചും സ്വകാര്യസ്വത്തുടമയ്ക്കു നിർണായകപങ്കുള്ള പുതിയ സമ്പദ്‌വ്യവസ്ഥയിലേക്കുള്ള മാറ്റം ലെനിൻെറ കാലത്താണു നടന്നത്. സോവിയറ്റ് റഷ്യയിൽ പ്രയോഗത്തിൽ വരുത്തുന്ന പലതും പിന്നീടു വരാൻ പോകുന്ന സോഷ്യലിസ്റ്റ്‌രാജ്യങ്ങളിൽ പ്രയോഗത്തിൽ വരികയില്ലെന്നു ലെനിൻ തൻെറ ഒരു പ്രധാനകൃതിയിൽ വ്യക്തമായി പ്രഖ്യാപിക്കുകയുണ്ടായി. അതുകൊണ്ടു സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥയുടെ രൂപത്തിലും ഭാവത്തിലും വരുന്ന മാറ്റം വ്യവസ്ഥയെ ഉപേക്ഷിക്കലായി വ്യാഖ്യാനിക്കുന്നത് അങ്ങേയറ്റം അബദ്ധമാണ്.

## വരട്ടുവാദമല്ല

ലെനിൻ പ്രകടിപ്പിച്ച ഈ അയവേറിയ സമീപനം പിന്നീടുള്ള സോവിയറ്റ് സോഷ്യ



What is meant by Socialism. Theory

ലിസ്റ്റ് നിർമ്മാണത്തിൽ പ്രകടമാവുകയുണ്ടായില്ലെന്നത് ഒരു സത്യമാണ്. മാർക്സിസം - ലെനിനിസത്തെ ഒരു വരട്ടുവാദസിദ്ധാന്തമായി കണക്കാക്കാനുള്ള പ്രവണത ലെനിൻെറ കാലത്തിനുശേഷം പ്രത്യക്ഷപ്പെടുകയുണ്ടായി. അതിൻെറ ഫലമായാണ് "സോവിയറ്റ് മാതൃക" ലോകത്തിലെ എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കും ബാധകമാണെന്ന ധാരണ നിലവിൽവന്നത്. സോവിയറ്റ് യൂണിയനിൽത്തന്നെ സ്ഥിതിഗതികൾ മാറുന്നതനുസരിച്ചു സോഷ്യലിസ്റ്റ് നിർമ്മാണത്തിൻെറ സ്വഭാവത്തിൽ മാറ്റംവരുത്താനുള്ള നീക്കവും നിരുൽസാഹപ്പെടുത്തുകയാണുണ്ടായത്.

ഇതിൻെറ ഫലമായി സോവിയറ്റ് യൂണിയനിലെ സാമൂഹ്യവളർച്ചയുടെ കാര്യത്തിൽ കാര്യമായ ഒരു മുരടിപ്പു പ്രത്യക്ഷപ്പെട്ടു. പുതിയ പുതിയ പരീക്ഷണങ്ങൾ നടത്താനുള്ള ശ്രമങ്ങൾ തികച്ചും നിരുൽസാഹപ്പെടുത്തപ്പെട്ടു. വികസിത മുതലാളിത്തരാജ്യങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന പുരോഗതിയിൽനിന്നു പാഠംപഠിച്ച് സോവിയറ്റ് സമ്പദ്വ്യവസ്ഥയെ പുതുക്കാനും പരിഷ്കരിക്കാനുമുള്ള ശ്രമം നടന്നതേയില്ല.

ഇതിൻെറ ഫലമായി സോഷ്യലിസ്റ്റ്നിർമ്മാണത്തിൻെറ ആദ്യകാലത്തു നിർമ്മാണപരമായി മുൻപന്തിയിൽ നിന്നിരുന്ന സോവിയറ്റ് യൂണിയൻ ക്രമേണ വികസിത മുതലാളിത്ത രാജ്യങ്ങളുടെ പിന്നിലാവാൻ തുടങ്ങി. ഈ ദൗർബല്യം പരിഹരിച്ചില്ലെങ്കിൽ മുതലാളിത്ത സോഷ്യലിസ്റ്റ് ലോകങ്ങൾ തമ്മിലുള്ള മൽസരത്തിൽ സോഷ്യലിസ്റ്റ് ലോകം പിറകിലാവുക എന്ന ദുർഗതി വന്നുചേരും.

## കവച്ചുവയ്ക്കണം

ഇതിൻെറ ഒരാവശ്യവും വസ്തുനിഷ്ഠമായി കാര്യങ്ങൾ നോക്കുമ്പോൾ ഇല്ലെന്നതാണു സത്യം. എന്തുകൊണ്ടെന്നാൽ സോഷ്യലിസ്റ്റ് നിർമ്മാണത്തിൻെറ ആദ്യഘട്ടത്തിൽ മുതലാളിത്തത്തെ അപേക്ഷിച്ചു കൂടുതൽ നന്നായും വേഗത്തിലും മുന്നോട്ടുപോകാൻ സോവിയറ്റ് യൂണിയനു കഴിഞ്ഞിരുന്നു. ഇന്നും ശാസ്ത്രീയ സാങ്കേതികരംഗങ്ങളിൽ സോവിയറ്റ് യൂണിയനുള്ള കഴിവുകൾ മുഴുവൻ ഉപയോഗിക്കുകയാണെങ്കിൽ വികസിത മുതലാളിരാജ്യങ്ങളുടെ ഒപ്പമെത്താൻ മാത്രമല്ല, അവയെ കവച്ചുവയ്ക്കാൻ പോലും സോവിയറ്റ് യൂണിയനു കഴിയും. ഈ കഴിവു പൂർണമായും ഉപയോഗപ്പെടുത്താനുള്ള മാർഗമാണ് പെരിസ്ട്രോയിക്കയും ഗ്ലാസ്നസ്തും.

## പൊതുസ്വത്ത്

ആദ്യം സൂചിപ്പിച്ചതുപോലെ, ഇതേവരെ സോഷ്യലിസത്തിൻെറ ഭാഗമായി കണക്കാക്കിയിരുന്ന പലതും ഇപ്പോൾ ഉപേക്ഷിക്കുന്നുണ്ട്. സോഷ്യലിസത്തിനു വർജ്യമായി കണക്കാക്കിയിരുന്ന പലതും ഇപ്പോൾ അംഗീകരിക്കുന്നുമുണ്ട്. പക്ഷേ, അതുകൊണ്ടൊന്നും സോഷ്യലിസ്റ്റ് സമൂഹത്തിൻെറ പൊതുസ്വഭാവത്തിൽ യാതൊരു മാറ്റവും

**ഇപ്പോൾ അംഗീകരിക്കുന്ന പരിഷ്കാരങ്ങളിൽ പലതും മുതലാളിത്ത രാജ്യങ്ങളിലെ വ്യവസ്ഥയോടു താരതമ്യപ്പെടുത്താവുന്നവയാകയാൽ മുതലാളിത്തത്തിലേക്കുള്ള പോക്കാണിതെന്ന് ധാരണ പരക്കാനിടയാകുന്നു. ഇത് സോവിയറ്റ് യൂണിയനിൽ സോഷ്യലിസത്തിനെതിരായ ചിന്താഗതി വളർത്താൻ സഹായിക്കുന്നു. അതിൽനിന്ന് മുതലെടുക്കാൻ സാമ്രാജ്യക്കോയ്മകൾ ശ്രമിക്കുന്നു. ഇതിനെതിരേ ജാഗ്രത പുലർത്താൻ സോവിയറ്റ് ഭരണകൂടത്തിനും പാർട്ടിക്കും ബാധ്യതയുണ്ട്.**

വരുന്നില്ല. ഉൽപാദനോപകരണങ്ങളിൽ പ്രധാനപ്പെട്ടവയെല്ലാം സമൂഹത്തിൻെറ പൊതുസ്വത്തായി തുടരുകയാണ്. അവയെ ഉപയോഗിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിൻെറ രീതിയിലാണു മാറ്റം.

അതുപോലെ രാഷ്ട്രീയഭരണവ്യവസ്ഥ തൊഴിലാളിവർഗനേതൃത്വത്തിലുള്ള അധ്വാനിക്കുന്ന ബഹുജനങ്ങളുടേതായി തുടരുകയാണ്. അത് ഉപയോഗപ്പെടുത്തുന്ന രീതിയിലാണു മാറ്റം വരുന്നത്. സാമ്പത്തികവും



ഇ. എം. എസ്.

രാഷ്ട്രീയഭരണപരവുമായ രണ്ടുരംഗങ്ങളിലുമുള്ള സാമൂഹ്യനിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കുക, അവയുടെമേൽ അധ്വാനിക്കുന്ന ബഹുജനങ്ങൾക്കുള്ള നിയന്ത്രണം കൂടുതൽ ശക്തിപ്പെടുത്തുക- ഇതാണു പരിഷ്കാരങ്ങളുടെ കാതലായ ഭാഗം. അതുകൊണ്ട് ഉൽപാദനോപകരണങ്ങളുടെ മേലുള്ള പൊതു ഉടമയും രാഷ്ട്രീയഭരണക്രമത്തിലുള്ള തൊഴിലാളിവർഗസ്വഭാവവും കൂടുതൽ ശക്തിപ്പെടുകയാണ്, ക്ഷീണിക്കുകയല്ല ചെയ്യുക.

## നിയന്ത്രണം വേണം

എന്നാൽ ഇതിനൊരു മറുവശമുണ്ട്. ഇപ്പോൾ അംഗീകരിക്കുന്ന പരിഷ്കാരങ്ങളിൽ പലതും മുതലാളിത്തരാജ്യങ്ങളിലെ വ്യവസ്ഥയോടു താരതമ്യപ്പെടുത്താവുന്നവയാകയാൽ മുതലാളിത്തത്തിലേക്കുള്ള പോക്കാണിതെന്നു ധാരണ പരക്കാനിടയാകുന്നു. ഇതു സോവിയറ്റ് യൂണിയനിൽ സോഷ്യലിസത്തിനെതിരായ ചിന്താഗതി വളർത്താൻ സഹായിക്കുന്നു. അതുപയോഗിച്ചു സോവിയറ്റ് യൂണിയനിലെ രാഷ്ട്രീയ ഭരണക്രമത്തിൽ കുഴപ്പങ്ങളുണ്ടാക്കാൻ സാമ്രാജ്യക്കോയ്മകൾ ശ്രമിക്കുന്നു. ഇതിനെതിരേ നിതാന്തജാഗ്രത പുലർത്താൻ സോവിയറ്റ് ഭരണകൂടത്തിനും കമ്യൂണിസ്റ്റ്പാർട്ടിക്കും ബാധ്യതയുണ്ട്.

നടപ്പിലായിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളുടെ പേരിൽ മുതലാളിത്തപുനരുത്ഥാനം നടത്താൻ ചില വൃത്തങ്ങളിൽ ഉണ്ടാവുന്ന പരിശ്രമത്തെ മുളയിലെ നുള്ളിക്കളയാൻ ഇതാവശ്യമാണ്. സമ്പദ്വ്യവസ്ഥയുടെയും രാഷ്ട്രീയഭരണക്രമത്തിൻെറയും മേൽ തൊഴിലാളിവർഗത്തിനും അതിൻെറ രാഷ്ട്രീയപാർട്ടിക്കുമുള്ള നിയന്ത്രണം കൂടുതൽ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ടു മാത്രമേ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂവെന്നർത്ഥം.

## ചൈനയിൽ

സോവിയറ്റ് യുണിയനെസ്സംബന്ധിച്ച് ഇവിടെ പറഞ്ഞ കാര്യങ്ങൾ അതേപടി മറ്റൊരു രാജ്യത്തിനും ബാധകമാവുകയില്ല. പക്ഷേ, ഓരോ രാജ്യത്തും അതാതിടത്തെ സ്ഥിതിഗതികൾക്കൊത്തുള്ള പരിഷ്കാരങ്ങൾ ആവശ്യമാണ്. അവ നടപ്പിലായിക്കൊണ്ടിരിക്കുന്നുമുണ്ട്. അതിൻെറ ഭാഗമായി സോഷ്യലിസത്തിൻെറ ശത്രുക്കൾ സംഘടിതമായ ഇടപെടൽ നടത്താൻ ശ്രമിക്കും. അവരുടെ പ്രേരണയ്ക്കു തദ്ദേശീയരിൽത്തന്നെ ചില വിഭാഗങ്ങൾ വിധേയരായേക്കും. അതാണു ചൈനയിൽ നടന്നത്.

മറ്റൊരു രൂപത്തിൽ അതുതന്നെയാണു കിഴക്കൻജർമ്മനിയിൽനിന്നു പടിഞ്ഞാട്ടുള്ള അഭയാർഥിപ്രവാഹത്തിൻെറയും കാതൽ. ഇത്തരത്തിൽ നടക്കുന്ന വിദേശീയ ഇടപെടലുകളെ ശക്തിയായി ചെറുത്തു തോല്പിക്കാൻ കഴിഞ്ഞാൽമാത്രമേ സാമ്പത്തികവും രാഷ്ട്രീയഭരണപരവുമായ മേഖലകളിലെ പരിഷ്കാരങ്ങൾ പ്രയോജനപ്പെടുകയുള്ളു.

○

**ചൂഷണാധിഷ്ഠിതമായ മുതലാളിത്തത്തിൻെറ അമാനവികതയ്ക്കെതിരേ രംഗപ്രവേശം ചെയ്ത കമ്യൂണിസം അതിൻെറ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണെന്നു പി. പരമേശ്വരൻ കരുതുന്നു. സ്ഥായിയായ ഒരു വ്യവസ്ഥിതി കെട്ടിപ്പടുക്കാൻ ഉപയുക്തമായ സമഗ്ര ദർശനത്തിൻെറ അടിത്തറ പാകാൻ മുതലാളിത്തത്തിനും കമ്യൂണിസത്തിനും കഴിഞ്ഞില്ല. ദിശാബോധമറ്റ നാല്ക്കവലയിലാണിന്ന് മാനവരാശി. പരിവർത്തനത്തിൻെറ യുഗസന്ധ്യയിൽ. ആർണോൾഡ് ടോയൻബിയെ ഉദ്ധരിച്ചുകൊണ്ട്, ഭാരതത്തിനു മാത്രമേ ഈ പ്രതിസന്ധിയെ അതിജീവിക്കാനുള്ള മാർഗനിർദ്ദേശം നൽകാൻ കഴിയൂ എന്നു ലേഖകൻ ചൂണ്ടിക്കാണിക്കുന്നു. അശോകചക്രവർത്തിയുടെയും മഹാത്മാ ഗാന്ധിയുടെയും അഹിംസാ സിദ്ധാന്തത്തിലും ശ്രീരാമകൃഷ്ണൻെറ മതസമന്വയ സാക്ഷ്യത്തിലും, മനുഷ്യവർഗത്തിന് ഒരുമിച്ചൊരു കുടുംബമായി വളരാൻ കഴിയുന്ന മനോഭാവവും ആത്മശക്തിയും കണ്ടെത്താൻ കഴിയുമെന്ന് അദ്ദേഹത്തിനുറപ്പുണ്ട്.**

# പരിവർത്തനത്തിൻ്റെ യുഗസന്ധി

**പി. പരമേശ്വരൻ**

ചരിത്രഗതിയെ നിർണായകമായി നിയന്ത്രിക്കുന്ന നിയമങ്ങൾ ഉണ്ടോ? ഉണ്ടെങ്കിൽ അവയുടെ അടിസ്ഥാനത്തിൽ മനുഷ്യസമൂഹത്തിൻെറ ഭാവി പ്രവചിക്കുവാൻ സാദ്ധ്യമാണോ? അത്തരം നിയമങ്ങളുണ്ടെന്നും മാനവരാശിയുടെ ഭാവി പ്രവചനീയമാണെന്നും ഉറപ്പു പ്രഖ്യാപിച്ച ആളായിരുന്നു കാറൽ മാർക്സ്. മാത്രമല്ല, മറ്റു ദാർശനികന്മാർ പ്രപഞ്ചത്തെ വ്യാഖ്യാനിക്കുകമാത്രം ചെയ്തപ്പോൾ, അതിനെ മാറ്റിമറിക്കുക എന്നതാണു തൻെറ സവിശേഷദൗത്യം എന്നുകൂടി അദ്ദേഹം പ്രഖ്യാപിച്ചു.

മനുഷ്യസമൂഹം പ്രാകൃത കമ്യൂണിസത്തിൽനിന്ന് അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം എന്നീ വർഗസമൂഹവ്യവസ്ഥകൾ പിന്നിട്ട് തൊഴിലാളിവർഗ ഏകാധിപത്യത്തിലും തുടർന്നു സോഷ്യലിസത്തിലുംകൂടി കമ്യൂണിസത്തിൽ എത്തിച്ചേരുമെന്നത് അലംഘ്യവും സാർവത്രികവുമായ ചരിത്രനിയമമാണെന്ന് അദ്ദേഹം പഠിപ്പിച്ചു. വർഗരഹിതമായ കമ്യൂണിസത്തിൽ ഭരണകൂടം താനേ കൊഴിഞ്ഞുപോകുമെന്നും സമൃദ്ധവും സമത്വസുന്ദരവും അന്യവൽക്കരണഭീതികൂടാതെ മനുഷ്യനു പൂർണവികാസം ഉറപ്പുനൽകുന്നതുമായ ആദർശസമൂഹം രൂപംകൊള്ളുമെന്നും ആയിരുന്നു മാർക്സിൻെറ പ്രവചനം.

## റഷ്യയും ചീനയും

മാർക്സിൻെറ ചരിത്രവ്യാഖ്യാനം പ്രയോഗത്തിൽ വരുത്താൻ അവസരം കിട്ടിയ ആദ്യത്തെ രാഷ്ട്രമായിരുന്നുവല്ലോ സോവിയറ്റ് യൂണിയൻ. അതിനുശേഷം ലോകത്തിലെ ഏറ്റവും ജനബാഹുല്യമുള്ള ചീനയിലും പ്രസ്തുത ദർശനം പ്രയോഗത്തിൽ കൊണ്ടുവരാൻ ശ്രമം നടന്നു. എഴുപത്തിരണ്ടു കൊല്ലത്തെ സോവിയറ്റ് യൂണിയനിലെയും നാല്പതു കൊല്ലത്തെ ചീനയിലെയും അനുഭവങ്ങൾ ഇന്നു ലോകത്തിനുമുന്നിലുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഗോർബച്ചേവ് നടത്തിവരുന്ന ധീരസാഹസികമായ പരിവർത്തനശ്രമങ്ങളും, ഈ അടുത്ത് ചീനയിൽ ഉണ്ടായതും, ചോരയിൽ മുക്കി കൊല്ലപ്പെട്ടതുമായ വിദ്യാർത്ഥിപ്രക്ഷോഭവും ലോകത്തിൻെറ മുഴുവൻ ശ്രദ്ധ പിടിച്ചുപറ്റി.

ഈ രണ്ടു സോഷ്യലിസ്റ്റ് അതികായരാഷ്ട്രങ്ങളുടെ അനുഭവങ്ങൾ മാർക്സിൻെറ പ്രവചനങ്ങളുമായി തട്ടിച്ചുനോക്കി വിലയിരുത്തുവാൻ സ്വാഭാവികമായും ലോക

മെമ്പാടുമുള്ള ബുദ്ധിജീവികൾ മുതിർന്നു. ഈ വിലയിരുത്തൽ വ്യത്യസ്തങ്ങളായ നിഗമനങ്ങളിലേക്കാണ് അവരെ കൊണ്ടുചെന്നെത്തിച്ചിട്ടുള്ളത്. എന്നാൽ എല്ലാവരും ഏറെക്കുറെ ഏകകണ്ഠമായി അംഗീകരിക്കുന്ന ഒരു വസ്തുത, ആസന്നമായ ഇരുപത്തൊന്നാം നൂറ്റാണ്ട്, നാം പിന്നിടാൻപോകുന്ന ഇരുപതാം നൂറ്റാണ്ടിൽനിന്നു ഗുണപരമായിത്തന്നെ വ്യത്യസ്തമായിരിക്കുമെന്നതാണ്. അതു കാറൽ മാർക്സിന്റെ പ്രവചനങ്ങളെ ന്യായീകരിക്കുകയല്ല, നിരാകരിക്കുകയായിരിക്കും ചെയ്യുക എന്നതിനെക്കുറിച്ചും ഇന്നു തർക്കമില്ല.

## രണ്ടു പഠനങ്ങൾ

ഈ വിഷയത്തെക്കുറിച്ച് ഇതിനകം നടന്നുകഴിഞ്ഞിട്ടുള്ള രണ്ടു പഠനങ്ങളിലേക്ക് ആദ്യമായി ശ്രദ്ധ ക്ഷണിച്ചുകൊള്ളട്ടെ. ഒന്ന്, ഭാരതത്തിലെ മുൻ അംബാസഡറും വിഖ്യാത ധനതത്ത്വശാസ്ത്രജ്ഞനുമായ ജെ. കെ. ഗാൽബ്രയ്ത്ത് ന്യൂഡൽഹിയിലെ ഹാർവാർഡ് ക്ലബ് ഓഫ് ഇന്ത്യയിൽ ചെയ്ത സ്മാരക പ്രഭാഷണമാണ്. രണ്ടാമത്തേത് ഫ്രാൻസിസ് ഫുക്കുയാമ അമേരിക്കൻ നയരൂപീകരണ വിഭാഗത്തിനുവേണ്ടി തയ്യാറാക്കിയതും National Interest എന്ന അവരുടെ പ്രസിദ്ധീകരണത്തിൽ The End of History? എന്ന ശീർഷകത്തിൽ പ്രകാശനംചെയ്തതുമായ പ്രബന്ധവും.

ഇവ രണ്ടും ആഗോളാടിസ്ഥാനത്തിലുള്ള സമകാലീനസംഭവവികാസങ്ങളെ വിശകലനംചെയ്തുകൊണ്ട്, ഭാവിയെക്കുറിച്ച് അവ നൽകുന്ന സൂചനകൾ എന്തൊക്കെയാണ് എന്നു വ്യക്തമാക്കാൻ ശ്രമിക്കുന്നവയാണ്. ഏതു പ്രവചനങ്ങളെയുംപോലെ അവയും ഭാഗികമായോ പൂർണമായോ പാളിപ്പോയെന്നുവരാം. എന്നിരുന്നാലും അവ ഗൗരവപൂർവമായ പഠനമർഹിക്കുന്നുവെന്നുള്ളതിനു സംശയമില്ല. നമുക്കു നമ്മുടേതായ നിഗമനങ്ങളിൽ എത്തുവാനും അവ സഹായകമായിത്തീർന്നേക്കാം.

## ഗാൽബ്രയ്ത്ത്

തന്റെ പ്രഭാഷണത്തിൽ ഗാൽബ്രയ്ത്ത് ഇങ്ങനെ പറയുന്നു: "ഏറെ നാളുകളായി, നാം സങ്കല്പിച്ചുപോന്നത് നമ്മുടെ രാഷ്ട്രീയ സാമ്പത്തിക ഭാവി, രണ്ടു വലിയ സാമ്പത്തിക സാമൂഹിക വ്യവസ്ഥിതികളിൽ ഏതെങ്കിലും ഒന്നിനെ തെരഞ്ഞെടുക്കുക എന്നതായിരിക്കും, എന്നതാണ്. ഇവയിൽ ഓരോന്നിനും അതിന്റേതായ ഉറച്ച നിയമങ്ങളും അതിനെ ശക്തമായി നിയന്ത്രിക്കുന്ന പ്രത്യയശാസ്ത്രവും ഉണ്ടെന്നും നാം വിശ്വസിച്ചു. ഒരുവശത്ത് സ്വതന്ത്രസംരംഭങ്ങളുടേതായ മുതലാളിത്തം, മറുവശത്തു പൊതുവേ കമ്യൂണിസം എന്നു വിളിച്ചുവരാറുള്ള സോഷ്യലിസം.

"എന്നാൽ, കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ഉറച്ച നിയമങ്ങളിലോ പ്രത്യയശാസ്ത്ര പ്രതിബദ്ധതയിലോകൂടി നമുക്കു മോചനമില്ലെന്ന് രണ്ടു വ്യവസ്ഥിതികളുടെയും അനുഭവങ്ങൾ നമ്മെ തീർത്തും ബോദ്ധ്യപ്പെടുത്തിയിരിക്കുകയാണ്. സാമ്പത്തികജീവിതത്തിന്റെ അടിത്തട്ടിലെ യാഥാർത്ഥ്യങ്ങളുമായും മാനുഷികപ്രചോദനങ്ങളുമായും രണ്ടു വ്യവസ്ഥിതികൾക്കും വിട്ടുവീഴ്ചയ്ക്ക് ഒരുങ്ങേണ്ടിവന്നിരിക്കുന്നു. മുതലാളിത്തമാകട്ടെ സോഷ്യലിസമാകട്ടെ അതിന്റെ അംഗീകൃതരൂപത്തിൽ ഫലപ്രദമായോ പൊറുപ്പിക്കത്തക്ക രീതിയിലെങ്കിലുമോ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നതാണു യാഥാർത്ഥ്യം."

**കമ്യൂണിസത്തിന്റെ പ്രതിച്ഛായയ്ക്കേറ്റ മങ്ങൽ താൽക്കാലികമാണെന്നും ആത്യന്തികവിജയം കമ്യൂണിസത്തിനാണെന്നും വാദിക്കുന്നവരുണ്ട്. എന്നാൽ, ഒക്ടോബർ വിപ്ലവത്തെത്തുടർന്ന് ഉദിച്ച ശുഭാപ്തി വിശ്വാസം ഇന്നാർക്കുമില്ല.**

രണ്ടു വ്യവസ്ഥിതികളും തമ്മിൽ മൽസരത്തിനു പ്രസക്തിയില്ലാത്തവണ്ണം അവയോരോന്നും അത്രകണ്ട് രൂപാന്തരപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട്, അഥവാ, മദാന്ധമായ നേതൃത്വം ഒരു അണ്വായുധമൽസരത്തിലേക്ക് ഇവയെ നയിക്കുന്നപക്ഷം, അവശേഷിക്കുന്നത് ഒരു പിടി ചാമ്പൽ മാത്രമായിരിക്കുമെന്നും, മുതലാളിത്തത്തെയും കമ്യൂണിസത്തെയും നിർമ്മാർജനം ചെയ്തതിനുശേഷം അവശേഷിക്കുന്ന രണ്ടിന്റെയും ചാമ്പലുകൾ തമ്മിൽ യാതൊരു അന്തരവും ഉണ്ടായിരിക്കുകയില്ലെന്നും ഗാൽബ്രയ്ത്ത് ഉറപ്പിച്ചു പറയുന്നു.

ഫുക്കുയാമയുടെ നിഗമനം കൂടുതൽ



**പി. പരമേശ്വരൻ**

സ്പഷ്ടവും നിശിതവുമാണ്. ഇരുപതാംനൂറ്റാണ്ടു നൽകുന്ന പാഠം കമ്യൂണിസത്തിന്റെ സമ്പൂർണപരാജയവും ഉദാരജനാധിപത്യത്തിന്റെ ആത്യന്തികവിജയവുമാണെന്ന് അദ്ദേഹം വാദിക്കുന്നു. "പാശ്ചാത്യമായ ഉദാരജനാധിപത്യത്തിന്റെ പര്യന്തിക വിജയത്തിൽ നിറഞ്ഞ ആത്മവിശ്വാസത്തോടെ ആരംഭിച്ച ഈ നൂറ്റാണ്ട്, അതിന്റെ അവസാനത്തിൽ ഒരു ഭ്രമണം പൂർത്തിയാക്കി പുറപ്പെട്ടിടത്തുതന്നെ മടങ്ങിയെത്തുകയാണ്...... ആദ്യം ചൈനയിൽനിന്നും പിന്നീട് സോവിയറ്റ് യൂണിയനിൽനിന്നുമുള്ള മാർക്സിസത്തിന്റെ നിഷ്ക്രമണം ലോകചരിത്രത്തിൽ പ്രാധാന്യമുള്ള ഒരാശയസംഹിതയെന്ന നിലയിൽ അതിന്റെ മരണത്തെക്കുറിക്കും. അവിടെയും ഇവിടെയുമായി ഏതാനും മാർക്സിസ്റ്റ് ഗ്രൂപ്പുകൾ പിന്നെയും അവശേഷിച്ചേക്കാം. എങ്കിലും വലിയ ഒരു രാഷ്ട്രത്തിലും സ്ഥാനമില്ലെന്നുവരുമ്പോൾ, ലോകചരിത്രത്തിലെ മുന്നണി സിദ്ധാന്തമെന്ന അവകാശവാദം മാർക്സിസത്തിനു നഷ്ടപ്പെടും." എന്നു ഫുക്കുയാമ തീർപ്പു കല്പിക്കുന്നു.

മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും അടിസ്ഥാനതത്ത്വങ്ങളിൽ വിട്ടുവീഴ്ച ചെയ്തുകൊണ്ടുള്ള പരസ്പര വിലയനമാണു സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന ഗാൽബ്രയ്ത്തിന്റെ വിലയിരുത്തലിനെ പാടേ നിഷേധിച്ചുകൊണ്ടു സാമ്പത്തികവും രാഷ്ട്രതന്ത്രപരവുമായ ഉദാരവാദത്തിന്റെ നിസ്സങ്കോചമായ വിജയമാണിപ്പോൾ സംഭവിച്ചിട്ടുള്ളത് എന്നതാണ് അദ്ദേഹത്തിന്റെ ഉറച്ച പ്രഖ്യാപനം.

## ശോഭനമല്ല

കമൂണിസത്തിന്റെ പ്രതിച്ഛായയ്ക്കേറ്റിട്ടുള്ള മങ്ങൽ കേവലം താൽക്കാലികമാണെന്നും അതിന്റെ ആത്യന്തികവിജയം അനിവാര്യമാണെന്നും വാദിക്കുന്നവരുണ്ട്. എന്നാൽ ഒരു വളവു തിരിഞ്ഞാൽ നാമെത്തിച്ചേരുന്നതു കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിലായിരിക്കും എന്ന് ഒക്ടോബർ വിപ്ലവത്തെത്തുടർന്ന് ഉദിച്ച ശുഭാപ്തിവിശ്വാസം ഇന്നാർക്കുമില്ല. ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രകാരൻ ആ നൂറ്റാണ്ടിനെ വിശേഷിപ്പിക്കുന്നതെങ്ങനെയായിരിക്കും? മുതലാളിത്തത്തിന്റെയും സാമ്രാജ്യവാദത്തിന്റെയും നൂറ്റാണ്ട് ആയിട്ടായിരിക്കുകയില്ല.

കാരണം ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയായപ്പോഴേക്കും സാമ്രാജ്യങ്ങൾ ഛിന്നഭിന്നമാവുകയും മുതലാളിത്തത്തിനു കനത്ത വെല്ലുവിളി നേരിടുകയും ചെയ്തു. സോഷ്യലിസത്തിന്റെ നൂറ്റാണ്ടായും അതിനെ വിശേഷിപ്പിക്കാനാവില്ല. സോഷ്യലിസത്തിന്റെ ഉയർച്ചയ്ക്കും താഴ്ചയ്ക്കും സാക്ഷ്യം വഹിച്ച നൂറ്റാണ്ടായിരുന്നു അത്. പരാജയപ്പെട്ട ഈ രണ്ടു പരീക്ഷണങ്ങളും ഉയർത്തുന്ന ചോദ്യചിഹ്നമാണ് ഈ നൂറ്റാണ്ടിന്റെ മുഖമുദ്ര എന്നു തോന്നുന്നു.

## രണ്ട്

സോവിയറ്റ് യൂണിയനിലും കമ്യൂണിസ്റ്റ് ചൈനയിലും സമീപകാലത്തായി സംഭവിച്ച അടിസ്ഥാനപരങ്ങളായ മാറ്റങ്ങളാണ്, മനുഷ്യരാശിയുടെ ഭാവി നിർണയിക്കുന്നതിൽ പ്രത്യയശാസ്ത്രങ്ങൾക്കുണ്ടെന്നു വിശ്വസിക്കപ്പെട്ടിരുന്ന പങ്കിനെക്കുറിച്ചു വിലയിരുത്താൻ വഴിതെളിച്ചത്. ഗോർബച്ചേവിന്റെ ആവിർഭാവത്തിനുശേഷം സോവിയറ്റ് യൂണിയനിൽ നടപ്പിലാക്കിയ ഗ്ലാസ്നോസ്റ്റും പെരിസ്ട്രോയിക്കയും, അതുപോലെത

ന്നെ കമ്യൂണിസ്റ്റ് ചീനയിൽ ഡെംഗ് സിയാവോ പിംഗിന്റെ നേതൃത്വത്തിൻകീഴിലുണ്ടായ നയമാറ്റങ്ങളും അവയുടെ പ്രത്യാഘാതങ്ങളും ഒടുവിൽ ടിയാനെൻമെൻ സ്ക്വയറിൽ നടന്ന ദുരന്തസംഭവങ്ങളും കമ്യൂണിസത്തിന്റെ ഭാവിയെക്കുറിച്ച് ആഗോളവ്യാപകമായ ചർച്ചകൾക്കു വഴിമരുന്നിട്ടു. ലോക കമ്യൂണിസത്തിന്റെ നെടുങ്കോട്ടകളായിരുന്ന ഈ രണ്ടു രാജ്യങ്ങളിലും മാത്രമല്ല മാറ്റങ്ങളുടെ മാലപ്പടക്കം പൊട്ടിത്തെറിച്ചത്.

വ്യത്യസ്തമായ തോതിലാണെങ്കിലും വമ്പിച്ച പരിവർത്തനങ്ങൾക്കു വിധേയമാകാത്ത ഒരൊറ്റ സോഷ്യലിസ്റ്റ് രാഷ്ട്രവും ഇന്നു ഭൂമുഖത്തില്ല എന്നതാണു സത്യം. അല്പകാലം മുമ്പുവരെ പ്രചരിപ്പിക്കപ്പെട്ടിരുന്നതും, വലിയ അളവോളം വിശ്വസിക്കപ്പെട്ടിരുന്നതുമായ ഒരു വസ്തുത ഉണ്ടായിരുന്നു. ഭദ്രമായ അടിത്തറയിൽ പണിതുയർത്തപ്പെട്ട സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ സംവിധാനം ഉറച്ച കാൽവയ്പുകളോടെ കുതിച്ചു മുന്നേറുകയാണെന്നും, അതേസമയം മുതലാളിത്തരാഷ്ട്രങ്ങൾ ബഹുവിധ പ്രതിസന്ധികളുടെ നീർച്ചുഴിയിൽപെട്ട് ചക്രശ്വാസം വലിക്കുകയാണെന്നും ഉള്ളതായിരുന്നു അത്.

മുതലാളിത്തരാഷ്ട്രങ്ങൾ പ്രതിസന്ധികളിൽനിന്നു വിമുക്തമാണെന്ന് ആരും വാദിക്കുവാൻ ധൈര്യപ്പെടുന്നില്ലെങ്കിലും അവയേക്കാൾ എത്രയോ രൂക്ഷമായ പ്രതിസന്ധികളെയാണു റഷ്യയും ചൈനയും അടക്കമുള്ള സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നത് എന്നകാര്യത്തിലിന്ന് ആർക്കും അഭിപ്രായവ്യത്യാസമില്ല. മാത്രമല്ല, തങ്ങളകപ്പെട്ടിരിക്കുന്ന പ്രതിസന്ധികളിൽനിന്നുള്ള മോചനത്തിനുവേണ്ടി സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ ഇന്നു മുതലാളിത്ത രാഷ്ട്രങ്ങളെ പരസ്യമായിത്തന്നെ ശരണം പ്രാപിച്ചിരിക്കുകയുമാണ്.

## വലേസ

മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തെക്കുറിച്ച് എണ്ണമറ്റ പഠനങ്ങളും ഗവേഷണങ്ങളും ഇതിനകം നടന്നുകഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന്, വിചിത്രമായ വിരോധാഭാസമെന്നു പറയട്ടെ, കൂടുതൽ പ്രസക്തമായി തോന്നുന്നത് സോഷ്യലിസത്തിൽനിന്നു മുതലാളിത്തത്തിലേക്കുള്ള പരിവർത്തനത്തെക്കുറിച്ചു നടത്തേണ്ടുന്ന പഠനങ്ങളും ഗവേഷണങ്ങളുമാണെന്നു പോളണ്ടിലെ സോളിഡാരിറ്റി നേതാവ് വലേസ ചൂണ്ടിക്കാണിച്ചത് ശ്രദ്ധേയമാണ്. കാരണം ആ പരിവർത്തനമാണ് ഇന്ന് എല്ലാ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലും ഏറെക്കുറെ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ ഈ ദുരവസ്ഥ താൽക്കാലികമോ വ്യക്തിപരമോ ആയ പാളിച്ചകളുടെ ഫലമാണെന്നു വാദിക്കുന്നവരുണ്ട്. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെതന്നെ പരാജയത്തെയാണ് ഇതടിവരയിട്ടു കാണിക്കുന്നതെന്നു വിശ്വസിക്കുന്നവരുണ്ട്.

എന്നാൽ സാർവത്രികമായ ഈ പരാജയത്തിനു വ്യക്തികളെയോ വ്യവസ്ഥിതികളെയോ മാത്രം കുറ്റപ്പെടുത്തിയിട്ടു കാര്യമില്ലെന്നും അവയ്ക്കാധാരമായ 'കമ്യൂണിസ'മെന്ന തത്ത്വസംഹിതതന്നെ കാലഹരണപ്പെട്ടു കഴിഞ്ഞിരിക്കുകയാണെന്നും വിശ്വസിക്കുന്നവരുടെ എണ്ണവും കുറവല്ല.

നൂറ്റിനാല്പതു കൊല്ലങ്ങൾക്കുമുമ്പാണു മാർക്സും ഏംഗൽസും ചേർന്ന് 'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ' എന്ന 'വിപ്ലവകാരികളുടെ വിശുദ്ധ ഗ്രന്ഥം' (The Holy Book of the Revolutionaries) പ്രസിദ്ധീകരിച്ചത്. അതിനുശേഷം 69 കൊല്ലങ്ങൾ കഴിഞ്ഞാണ് ഒക്ടോബർ വിപ്ലവത്തിലൂടെ ലെനിൻ റഷ്യയുടെ മണ്ണിൽ അതു പ്രയോഗിച്ചു നോക്കിയത്. തന്റെ സങ്കല്പങ്ങൾക്കു വ്യക്തമായ രൂപം നൽകാൻ കഴിയുന്നതിനുമുമ്പേ ലെനിൻ അന്തരിച്ചു. രൂക്ഷമായ അധികാരമൽസരത്തിലൂടെ സഹപ്രവർത്തകരുടെ രക്തത്തിൽ നീന്തിക്കുളിച്ച് സ്റ്റാലിൻ അധികാരത്തിലെത്തി.

മൂന്നു ദശാബ്ദക്കാലം സ്റ്റാലിന്റെ സ്വേച്ഛാധിപത്യമായിരുന്നു സോവിയറ്റ് റഷ്യയിൽ. ഇന്നത്തെ റഷ്യയുടെ ശില്പി സ്റ്റാലിനായിരുന്നുവെന്നതിനു തർക്കമില്ല. അതിന്റെ നന്മകളുടെയും അതിലെത്രയോ ഇരട്ടി തിന്മകളുടെയും ഉത്തരവാദി സ്റ്റാലിനായിരുന്നു. അദ്ദേഹം വരുത്തിവച്ച വിനകളിൽനിന്നും അവയുടെ ദുരന്തഫലങ്ങളിൽനിന്നും സോവിയറ്റ് യൂണിയനെ പുറത്തുകൊണ്ടുവരാനുള്ള പരിശ്രമങ്ങളാണു ക്രൂഷ്ചേവ് തുടങ്ങി ഗോർബച്ചേവ് വരെ നടത്തിക്കൊണ്ടിരിക്കുന്നത് എന്നു പറയാം.

## ലെനിൻ

പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള വിലയിരുത്തലിതാണ്. എന്നാൽ വിപ്ലവാനന്തര സോവിയറ്റ് യൂണിയനിൽ നടന്നിട്ടുള്ള എല്ലാവിധ തിന്മകൾക്കും ഉത്തരവാദി സ്റ്റാലിനാണ് എന്ന കാഴ്ചപ്പാട് ഇന്നു ചോദ്യം ചെയ്യപ്പെട്ടുതുടങ്ങിയിട്ടുണ്ട്. തിന്മകളുടെ മൂലസ്രോതസ് ലെനിൻ തന്നെയായായിരുന്നു

> **മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തെക്കുറിച്ച് എണ്ണമറ്റ പഠനങ്ങളും ഗവേഷണങ്ങളും ഇതിനകം നടന്നുകഴിഞ്ഞു. പക്ഷേ, ഇന്ന്—വിചിത്രമായ വിരോധാഭാസമെന്നു പറയട്ടെ—സോഷ്യലിസത്തിൽ നിന്നു മുതലാളിത്തത്തിലേക്കുള്ള പരിവർത്തനത്തെക്കുറിച്ചാണു പഠനങ്ങൾ നടത്തേണ്ടത്.**

വെന്നും അതിൽനിന്നു പ്രചോദനമുൾക്കൊള്ളുകമാത്രമാണു സ്റ്റാലിൻ ചെയ്തതെന്നും വിശ്വസിക്കുന്നവരുണ്ട്. ലെനിന്റെ അപ്രമാദിത്വം സോവിയറ്റ് യൂണിയനിൽ ചോദ്യംചെയ്യപ്പെടുന്നതു റോമൻ കത്തോലിക്കാ പള്ളിയിൽ സെൻറ് പീറ്ററുടെ പ്രാമാണികത ചോദ്യംചെയ്യപ്പെടുന്നതിനു തുല്യമാണ്. എന്നാലിന്ന് സോവിയറ്റ് യൂണിയനിൽ അതു സംഭവിച്ചുകൊണ്ടിരിക്കുന്നു.

'Science and Life' എന്ന സോവിയറ്റ് സൈദ്ധാന്തിക മാസിക സ്റ്റാലിനെ അവതരിപ്പിക്കുന്നതു ലെനിന്റെ രാഷ്ട്രീയപൈതൃകത്തിന്റെ പിന്തുടർച്ചാവകാശിയായിട്ടാണ്. സ്വതന്ത്രവിപണി എടുത്തുകളയാൻ ബലപ്രയോഗത്തെ ആശ്രയിച്ചതും രഹസ്യപോലീസ്‌വിഭാഗത്തെ പാർട്ടി നിയന്ത്രണത്തിലാക്കിയതും ലെനിൻ ആയിരുന്നുവെന്നും ആ നടപടികൾ ആയിരുന്നു പിന്നീട് സ്റ്റാലിന് അമിതാധികാരം കൈയാളാൻ വഴിയൊരുക്കിയതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. പാർട്ടിയുടെ സ്വേച്ഛാധിപത്യം നടപ്പാക്കാൻ നിർലോപം തോക്കും തടവറയും ഉപയോഗിച്ച ലെനിന്റെ കുറ്റകൃത്യങ്ങൾ സ്റ്റാലിൻ പിന്തുടരുക മാത്രമേ ചെയ്തുള്ളൂവെന്നും 'പുതിയ ലോകം കെട്ടിപ്പടുക്കണമെങ്കിൽ ഒരു പുതിയ ദർശനം കൂടിയേ കഴിയൂ' എന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് ലെനിന്റെ വിമർശകന്മാർ ഇപ്പോൾ ആവശ്യപ്പെടുന്നത്, ഗ്ലാസ്നോസ്റ്റ് ലെനിനിലേക്കുകൂടി വ്യാപിപ്പിക്കണമെന്നാണ്.

## ഏകാധിപത്യം

ലെനിന്റെതന്നെ സ്പഷ്ടമായ നിർദ്ദേശത്തിനെതിരേ നേതൃത്വപദവിയിലേക്കു സ്റ്റാലിൻ ഉയരുകയും മൂന്നു ദശാബ്ദക്കാലം നിരങ്കുശമായ സ്വേച്ഛാധിപത്യം ചെലുത്തുകയും ചെയ്യാനിടയായ സാഹചര്യങ്ങൾ യാദൃച്ഛികങ്ങളാണെന്നു പറഞ്ഞുകൂടാ. കമ്യൂണിസ്റ്റ് തത്ത്വസംഹിതയുടെയും പ്രവർത്തനശൈലിയുടെയും അനിവാര്യഫലംതന്നെയാണത്. കാറൽ മാർക്സ് നിർദ്ദേശിച്ച തൊഴിലാളിവർഗത്തിന്റെ ഏകാധിപത്യം പ്രയോഗത്തിൽ വരുമ്പോൾ പാർട്ടിയുടെ ഏകാധിപത്യമായി മാറും. അത് ഒടുവിൽ കരുത്തനായ ഒരു വ്യക്തിയുടെ സ്വേച്ഛാധിപത്യമായും മാറും. അതാണു ചരിത്രത്തിന്റെ സാക്ഷ്യം.

കമ്യൂണിസ്റ്റ് ചീനയിലും ഇതുതന്നെ സംഭവിച്ചു. നെടുനാളത്തെ നീണ്ട പോരാട്ടങ്ങൾക്കുശേഷം 1949-ൽ കമ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലേറി. ഇന്നും രക്തത്തിന്റെ ഗന്ധം വിട്ടുമാറിയിട്ടില്ലാത്ത ടിയാനെൻമെൻ ചത്വരത്തിൽ നിന്നുകൊണ്ട് 'ചീന ഇതാ നിവർന്നു നിന്നിരിക്കുന്നു' എന്നു വെല്ലുവിളിയുടെ സ്വരത്തിൽ മാവോ ഗർജ്ജിച്ചത് ഇന്നേക്കു നാല്പതു കൊല്ലം മുമ്പായിരുന്നു. 1977-ൽ മാവോ അന്തരിക്കുന്നതുവരെ അവിടെയും നിരന്തരവും നിരങ്കുശവുമായ സ്വേച്ഛാധിപത്യം നിലനിന്നു.

ആധുനിക റഷ്യയുടെ നിർമ്മാണത്തിൽ - നന്മയിലും തിന്മയിലും - സ്റ്റാലിനുണ്ടായിരുന്ന പങ്കെന്തോ അതുതന്നെയായിരുന്നു ആധുനിക ചീനയുടെ നിർമ്മാണത്തിൽ മാവോ സേ തുങ്ങിന്. മാവോയുഗത്തിന്റെ ദുഷ്പരിണാമങ്ങളിൽനിന്നു ചീനയെ രക്ഷിക്കാനുള്ള ശ്രമങ്ങളും അവയുടെ പ്രത്യാഘാതങ്ങളുമാണു ഡെംഗ് സിയാവോ പിംഗിനു വിധിക്കപ്പെട്ടിട്ടുള്ളത്.

വിചിത്രമെങ്കിലും വിജ്ഞേയമായ ഒരു താരതമ്യം ഈ സന്ദർഭത്തിൽ പ്രസക്തമാണെന്നു തോന്നുന്നു. ചീനയിലെയും ഭാരത

ത്തിലെയും കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ഉദ്ഭവം അടുത്തടുത്താണ്. എന്നാൽ രണ്ടു രാജ്യങ്ങളുടെയും സ്വാതന്ത്ര്യസമരത്തിൽ ഈ പാർട്ടികൾ വഹിച്ച പങ്കിൽ വലിയ അന്തരമുണ്ട്. ആദ്യത്തെ ഏതാനും വർഷങ്ങൾ കോൺഗ്രസിനുള്ളിൽ നിന്നുകൊണ്ടു രഹസ്യമായും പിന്നീട് പുറത്തുവന്നു പരസ്യമായും ഇവിടുത്തെ കമ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ റഷ്യൻ ദേശീയ താൽപര്യങ്ങൾക്കു വിധേയമാക്കുവാൻ ശ്രമിക്കുകയായിരുന്നു.

ചീനയിലാകട്ടെ, ദേശീയതയുടെ ഉജ്ജ്വലവക്താക്കളും പടയാളികളുമായിട്ടാണ് അവിടുത്തെ കമ്യൂണിസ്റ്റ്പ്രസ്ഥാനം പ്രവർത്തിച്ചത്. ചീനയിലെ ഭരണാധികാരം കൈയാളുവാൻ മാവോയുടെ നേതൃത്വത്തിൽ അവിടുത്തെ കമ്യൂണിസ്റ്റ് പാർട്ടിക്ക് കഴിഞ്ഞപ്പോൾ, ഒരു ദേശീയ നേതൃത്വമില്ലാത്ത, ദേശീയ ധാരയിൽനിന്ന് എന്നെന്നും ഒറ്റപ്പെട്ടു കഴിയുവാൻ ശപിക്കപ്പെട്ട അനേകം ഗ്രൂപ്പുകളായി ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനം പിളർന്നുകിടക്കുന്നു.

## വിഭിന്ന പാതകൾ

മറ്റൊരു താരതമ്യംകൂടി എടുത്തുകാണിക്കുവാനുണ്ട്. നാലു പതിറ്റാണ്ടുകൾ പിന്നിട്ട സ്വാതന്ത്ര്യാനന്തര ഭാരതവും ചീനയും സ്വന്തം വികസനത്തിനു തെരഞ്ഞെടുത്തതു വിഭിന്നപാതകൾ ആയിരുന്നുവല്ലോ. ഇന്ത്യ പാർലമെൻററി ജനാധിപത്യത്തിൻെറയും ചീന കമ്യൂണിസ്റ്റ് ഏകാധിപത്യത്തിൻെറയും മാർഗം പിന്തുടർന്നു. അഞ്ചു കൊല്ലത്തിലൊരിക്കൽ സമ്മതിദാനാവകാശം രേഖപ്പെടുത്തി തങ്ങളെ ആരു ഭരിക്കണമെന്നു തീരുമാനിക്കാനുള്ള അവസരം ഭാരതീയർ മുടങ്ങാതെ ഉപയോഗപ്പെടുത്തിപ്പോന്നിട്ടുണ്ട്.

ചീനയിൽ ആവക ആഡംബരങ്ങളൊന്നും അനുവദിക്കപ്പെട്ടില്ല. അതിൻെറയർത്ഥം അവിടുത്തെ ജനജീവിതം ശാന്തമായൊഴുകി എന്നല്ല. അഞ്ചോ പത്തോ കൊല്ലം കൂടുമ്പോൾ പാർട്ടി നേതൃത്വം നൽകുന്നതോ, അല്ലാത്തതോ ആയ എത്രയെത്ര രക്തരൂഷിത കലാപങ്ങൾ അവിടെ രൂപം കൊണ്ടിട്ടുണ്ട്! അത്തരം ഓരോ കലാപത്തിലും എത്ര ലക്ഷം മനുഷ്യജീവൻ ബലിയർപ്പിക്കപ്പെട്ടിട്ടുണ്ട്! കോടിക്കണക്കിനു ജനങ്ങളെ കുരുതികൊടുക്കുവാൻ റഷ്യയിൽ സ്റ്റാലിൻ തയ്യാറായെങ്കിൽ അതൊക്കെത്തന്നെ ജനസംഖ്യാനുപാതികമായി ചീനയിൽ മാവോ സേ തൂങ്ങും ചെയ്തിട്ടുണ്ട്.

## ഭാരതത്തിൽ

എണ്ണമറ്റ മനുഷ്യജീവിതങ്ങളെ എടുത്തു പന്താടുന്ന സാഹസികത പ്രദർശിപ്പിച്ച രണ്ടു സ്വേച്ഛാധിപതികളായിരുന്നു സ്റ്റാലിനും മാവോയും. എന്നാൽ താരതമ്യേന സമാധാനപരമായ ജനാധിപത്യപ്രക്രിയയിലൂടെ ഭരണം നടത്തുകയും ഏഴു പഞ്ചവൽസരപദ്ധതികൾ നടപ്പാക്കുകയും ചെയ്ത ഭാരതവും, പ്രകമ്പനങ്ങൾ സൃഷ്ടിക്കുകയും ചോരപ്പുഴകൾ ഒഴുക്കുകയും ചെയ്ത നാല്പതു വർഷങ്ങൾ പിന്നിട്ട ചീനയും കൈവരിച്ച നേട്ടങ്ങൾ തുലനം ചെയ്യുമ്പോൾ നമുക്കത്രയേറെ ലജ്ജിക്കാനോ ചീനയ്ക്ക് അത്രയേറെ അഭിമാനിക്കാനോ വകയുണ്ടെന്നു തോന്നുന്നില്ല.

ഏറ്റവും ഒടുവിലത്തെ World Development Report അനുസരിച്ച് ചൈനക്കാരൻെറ ആളോഹരി വരുമാനം 290 ഡോളറും ഇന്ത്യക്കാരൻേറത് 300 ഡോളറുമാണ്. അവശ്യവസ്തുക്കളുടെയും ഉപഭോഗവസ്തുക്കളുടെയും ലഭ്യത ഭാരതത്തിൽ താരതമ്യേന

> **നിരന്തരമായ മസ്തിഷ്ക പ്രക്ഷാളനത്തിനു വിധേയമായിരുന്ന ബാഹ്യലോകം ആദ്യമാദ്യം അവിശ്വാസത്തോടെയാണു പുതിയ യാഥാർത്ഥ്യങ്ങളുടെ നേരേ കൺമിഴിച്ചത്. ഇന്ത്യയിലെ പ്രമുഖ കമ്യൂണിസ്റ്റുകാരിൽ മനഃസാക്ഷി പണയം വയ്ക്കാത്തവർക്കു ഞെട്ടൽ ഉണ്ടായി. ഉദാഹരണം, സി. അച്യുതമേനോൻ.**

മെച്ചമാണ്. ഭക്ഷ്യരംഗത്ത് ഇന്നും ചീന സ്വയംപര്യാപ്തത നേടിയിട്ടില്ല. സാക്ഷരത, ആരോഗ്യം തുടങ്ങിയ കാര്യങ്ങളിൽ ചീനയ്ക്ക് തീർച്ചയായും മെച്ചം അവകാശപ്പെടാം. പക്ഷേ ചീന നൽകേണ്ടിവന്ന മനുഷ്യജീവൻെറ വില പരിഗണിക്കുമ്പോൾ നമ്മുടെ ജനാധിപത്യപരീക്ഷണം അത്യന്തം പരിഷ്കൃതമായിരുന്നു എന്നതിനു സംശയമില്ല.

## കേരളത്തിൽ

സ്വേച്ഛാധിപതികളെ നേതൃനിരയിലേക്കുയർത്തിക്കൊണ്ടുവരികയും ജനകോടികളുടെ സ്വാതന്ത്ര്യം മാത്രമല്ല അവരുടെ ജീവിതംതന്നെയും അപഹരിക്കുകയും ചെയ്യുന്ന കാര്യത്തിൽ കമ്യൂണിസ്റ്റ് തത്വസംഹിതയും വ്യവസ്ഥിതിയും റഷ്യയിലും ചീനയിലും ഒരേ പങ്കുതന്നെയാണു വഹിച്ചിട്ടുള്ളത്. മറ്റു കമ്യൂണിസ്റ്റ് രാജ്യങ്ങളുടെ കഥയും വ്യത്യസ്തമല്ല. ഈ സ്ഥിതിവിശേഷത്തിനു കാരണം സ്വതന്ത്രമായ ജനാഭിലാഷത്തിൻെറ ഫലമായിട്ടല്ല, സംഘടിത ന്യൂനപക്ഷം നിയന്ത്രിക്കുന്ന സൈനികശക്തിയുടെ ക്രൂരമായ ബലപ്രയോഗം വഴിയായിട്ടാണു കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ ഏതു രാജ്യത്തും അധികാരം പിടിച്ചെടുത്തിട്ടുള്ളത് എന്നതാണ്.

സ്വതന്ത്രമായ തെരഞ്ഞെടുപ്പിലൂടെ പാർട്ടി അധികാരത്തിൽ വന്നിട്ടുള്ള കേരളം, പശ്ചിമ ബംഗാൾ പോലുള്ള സംസ്ഥാനങ്ങളിലെ അനുഭവങ്ങൾ ദൃഷ്ടാന്തങ്ങളായി അംഗീകരിക്കാവുന്നവയല്ല. കാരണം കമ്യൂണിസ്റ്റ് പ്രവർത്തനശൈലിക്കു കർശനമായ കടിഞ്ഞാൺ ഇടുന്ന ഭരണഘടനാസംവിധാനത്തിനുള്ളിൽനിന്നുകൊണ്ടു പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമേ അവർക്കിവിടെ അനുവദിക്കപ്പെട്ടിട്ടുള്ളൂ എന്നതുതന്നെ. തെരഞ്ഞെടുപ്പവകാശം ഭാഗികമായെങ്കിലും തിരിച്ചുകിട്ടിയപ്പോൾ, ജനങ്ങൾ കമ്യൂണിസ്റ്റ് വ്യവസ്ഥിതിക്കെതിരായാണ് അതുപയോഗപ്പെടുത്തിയതെന്നു പോളണ്ടിലെ അനുഭവം തെളിയിക്കുന്നു.

അതേസമയം, പൂർവ ജർമ്മനിപോലെ അയവില്ലാത്ത സ്വേച്ഛാധിപത്യം അടിച്ചേൽപ്പിക്കുന്ന രാജ്യങ്ങളിൽനിന്ന്, വൻതോതിൽ നാടുവിട്ടോടിപ്പോകുന്ന ജനസമൂഹം, കമ്യൂണിസത്തിനെതിരായി 'കാൽകൊണ്ട് വോട്ടു രേഖപ്പെടുത്തുകയാണ്' എന്ന പ്രയോഗം നിലവിൽ വന്നിരിക്കുന്നു.

## മൂന്ന്

പ്രയോഗക്ഷമമായ സിദ്ധാന്തമെന്നനിലയ്ക്ക് കമ്യൂണിസത്തെ വിലയിരുത്തുവാനുള്ള യഥാർത്ഥമാനദണ്ഡം അതു പരീക്ഷിച്ചുനോക്കിയ രാജ്യങ്ങളിലെ അനുഭവങ്ങളാണല്ലോ. ഭാഗ്യവശാൽ ഈ വിഷയത്തെക്കുറിച്ച് ആധികാരികമായ അനവധി രേഖകൾ നമുക്കു ലഭ്യമായിട്ടുണ്ട്. സോവിയറ്റ് യൂണിയനിൽ ഗോർബച്ചേവ് അധികാരത്തിൽ വരികയും ഗ്ലാസ്നോസ്റ്റും പെരിസ്ട്രോയിക്കയും നടപ്പാക്കുകയും ചെയ്തതിൻെറ ഫലമായി ഇരുമ്പുമറയ്ക്കു പിന്നിലുണ്ടായിരുന്ന നിഗൂഢതകൾ പുറത്തുവന്നു. ബീജിംഗിൽ നടന്ന വിദ്യാർത്ഥിപ്രക്ഷോഭവും തുടർന്നുണ്ടായ കൂട്ടക്കുരുതിയും ചൈനയെക്കുറിച്ചുണ്ടായിരുന്ന ഒട്ടേറെ മിഥ്യാസങ്കല്പങ്ങളുടെ തനിനിറം വ്യക്തമാക്കി.

## സി. അച്യുതമേനോൻ

നിരന്തരമായ മസ്തിഷ്കപ്രക്ഷാളനത്തിന് ഏറെനാൾ വശംവദമായിരുന്ന ബാഹ്യലോകം ആദ്യമാദ്യം അവിശ്വാസത്തോടെയാണു പുതിയ യാഥാർത്ഥ്യങ്ങളുടെനേർക്കു കൺമിഴിച്ചത്. ഇന്ത്യയിലെ കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ നെടുനായകസ്ഥാനം വഹിച്ചിരുന്നവരിൽപോലും, മനസാക്ഷി പണയപ്പെടുത്തിയിട്ടില്ലാത്തവർക്ക്, ഉണ്ടായ ഞെട്ടൽ വ്യക്തമായി പ്രതിഫലിപ്പിക്കുന്നതായിരുന്നു ഈ വിഷയത്തിൽ സി. അച്യുതമേനോൻെറ പ്രതികരണം.

"ഇതിൽനിന്നു കമ്യൂണിസ്റ്റുകാർ, പ്രത്യേകിച്ചും പഴയ കൂട്ടർ ഒരു പാഠം പഠിക്കേണ്ടിയിരിക്കുന്നു. സത്യം എല്ലാക്കാലത്തേക്കും മൂടിവയ്ക്കാൻ കഴിയില്ല. സോവിയറ്റ് യൂണിയനെപ്പറ്റി എന്തെല്ലാം നുണകളാണു നമ്മളെ പറഞ്ഞു ധരിപ്പിച്ചിരുന്നത്. അന്നും നമ്മുടെ സുഹൃത്തുക്കളായ പല കമ്യൂണിസ്റ്റിതരരും നമ്മോടു പറഞ്ഞു, സംഗതികൾ നിങ്ങൾ വിചാരിക്കുന്നതുപോലെയല്ല സോവിയറ്റ് യൂണിയനിൽ നടക്കുന്നത് എന്ന്. അവരിൽ ഭൂരിപക്ഷവും കമ്യൂണിസത്തിൻെറ ശത്രുക്കളായിരുന്നില്ല, നേരേ മറിച്ച് ഉത്തമസുഹൃത്തുക്കളായിരുന്നു. കമ്യൂണിസത്തിൻെറ ലക്ഷ്യങ്ങൾ പുഷ്പിച്ചുകാണാൻ നമ്മേപ്പോലെ ആഗ്രഹിക്കുന്നവരായിരുന്നു. പക്ഷേ അവർ പറഞ്ഞതൊന്നും നമ്മൾ ശ്രദ്ധിച്ചില്ല. ഇപ്പോൾ, അവർ പറഞ്ഞതായിരുന്നു ശരി, നമ്മൾ ധരിച്ചുവച്ചതത്രയും നുണയായിരുന്നുവെന്നു തെളിഞ്ഞു." (സി. അച്യുതമേനോൻ)

എഴുപതു കൊല്ലക്കാലം സർവശക്തിയുമുപയോഗിച്ചു സോഷ്യലിസം നടപ്പിലാ

ക്കാൻ ശ്രമിച്ച സോവിയറ്റ് യൂണിയന് ഇത്രകനത്ത പരാജയമാണു നേരിട്ടതെങ്കിൽ, ചീനയടക്കമുള്ള മറ്റു രാജ്യങ്ങളുടെ അനുഭവം അതിലേറെ നിരാശാവഹമായതിൽ അതിശയിക്കാനില്ല. രാജ്യരക്ഷ, ബാഹ്യാകാശഗവേഷണം, സ്പോർട്സ് എന്നിങ്ങനെ ബോധപൂർവം തെരഞ്ഞെടുത്ത അപൂർവം രംഗങ്ങളിലൊഴികെ മറ്റൊന്നിലും സാമാന്യനിലവാരംപോലും പുലർത്തുവാൻ സോവിയറ്റ് യൂണിയന് കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല, മനുഷ്യജീവിതത്തിൻെറ പ്രാഥമികാവശ്യങ്ങളെ സ്പർശിക്കുന്ന അടിസ്ഥാനമേഖലകളിൽ ദയനീയമായ പരാജയംതന്നെ നേരിടേണ്ടിവന്നതായി ആധികാരികമായ സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു.

കഴിഞ്ഞകാലത്തു സംഭവിച്ച മൗലികമായ തെറ്റുകൾ കാരണം, ഈ അധഃപതനത്തിൽനിന്നു കരകയറുവാനുള്ള പരിശ്രമങ്ങൾപോലും ഫലിക്കാതെപോവുകയാണു ചെയ്യുന്നത്. കഴിഞ്ഞ ജൂൺ 8-ന് സോവിയറ്റ് ജനപ്രതിനിധിസഭയിൽ പ്രധാനമന്ത്രി നിക്കാളെ റിഷ്ക്കോവ് സമർപ്പിച്ച റിപ്പോർട്ട്, അവിടുത്തെ വർത്തമാന സമ്പദ്വ്യവസ്ഥയുടെ നഗ്നചിത്രം കാഴ്ചവയ്ക്കുന്നതാണ്. ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകൾ നിരത്തിക്കൊണ്ട് ആ റിപ്പോർട്ട് വരച്ചുകാട്ടുന്ന ചിത്രം, നിയന്ത്രണാതീതമായി താഴോട്ടു പൊയ്ക്കൊണ്ടിരിക്കുന്ന അവിടുത്തെ സാമ്പത്തികജീർണതയിലേക്കു വിരൽ ചൂണ്ടുന്നു.

## ഇരുണ്ട ചിത്രം

മനുഷ്യൻെറ ഏറ്റവും പ്രാഥമികാവശ്യമായ ഭക്ഷ്യധാന്യങ്ങളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ 21 കൊല്ലമായി ഉൽപാദനനിരക്ക് കുറയുകയും കമ്മി കുത്തനെ വർധിക്കുകയും ചെയ്തതിൻെറ ഫലമായി 1964-ൽ 140 കോടി റൂബിൾ വിലവരുന്ന ഭക്ഷ്യധാന്യം ഇറക്കുമതി ചെയ്യേണ്ടിവന്ന സ്ഥാനത്ത് 1985 ആയപ്പോഴേക്കും ഇറക്കുമതി ചെയ്യേണ്ടിവന്ന ഭക്ഷ്യധാന്യങ്ങളുടെ വില 1600 കോടി റൂബിളായി വർധിച്ചുവെന്നു പ്രധാനമന്ത്രി ചൂണ്ടിക്കാണിച്ചിരിക്കുന്നു. പാർപ്പിടപ്രശ്നം അത്യന്തം രൂക്ഷമാണെന്നും മുന്നൂറു ലക്ഷം പാർപ്പിടങ്ങൾ പുതുതായി പണിതീർത്താലേ നിലവിലുള്ള പ്രശ്നം പരിഹരിക്കാനാവൂ എന്നും എത്ര ക്ലേശിച്ചാൽപോലും അതേറെക്കുറെ അസാദ്ധ്യമാണെന്നും അദ്ദേഹം തുറന്നു സമ്മതിച്ചിരിക്കുന്നു.

വ്യവസായമേഖലയിൽ 40% -ത്തിലേറെ കാലഹരണപ്പെട്ടും തുരുമ്പിച്ചും പോയ യന്ത്രസാമഗ്രികളാണ് ഉള്ളതെന്നോർക്കുമ്പോൾ അവയുടെ ഉൽപാദനക്ഷമത എത്ര ദൈന്യമാണ് എന്നു വ്യക്തമാകും. ആരോഗ്യപോഷണത്തിന് ആവശ്യമായ ഔഷധങ്ങളിൽ 40% പോലും ഉൽപാദിപ്പിക്കുവാൻ സോവിയറ്റ് യൂണിയനു കഴിയുന്നില്ല. കാർഷിക, വ്യാവസായികസ്ഥാപനങ്ങൾ എല്ലാംതന്നെ നിരന്തരമായ നഷ്ടത്തിലാണ് ഓടിക്കൊണ്ടിരിക്കുന്നത് എന്നു റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. പ്രതിവർഷം 2000 കോടി റൂബിൾ നഷ്ടം വരുത്തിക്കൊണ്ടു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 28,000-ത്തിലേറെയാണെന്നു കണക്കാക്കപ്പെടുന്നു. വൻകിട യന്ത്രശാലകളിൽനിന്നു പുറത്തുവരുന്ന പത്തുകോടി ടൺ വിഷവാതകങ്ങൾ അന്തരീക്ഷത്തെ സദാ മലിനീകരിച്ചുകൊണ്ടിരിക്കുന്നതായി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

ഞെട്ടിപ്പിക്കുന്ന മറ്റൊരു വസ്തുത, സോവിയറ്റ് യൂണിയനിലെ ജനസംഖ്യയിൽ നാലുകോടിയിലധികം ദാരിദ്ര്യരേഖയ്ക്കു താഴെക്കഴിയുന്നവരാണ് എന്നതാണ്. ചിട്ടയോടെ നടത്തപ്പെട്ട പന്ത്രണ്ടു പഞ്ചവൽസരപദ്ധതികൾക്കുശേഷമുള്ള സ്ഥിതിയാണ് ഇതെന്നോർക്കുമ്പോൾ, മറ്റെന്തെല്ലാം ന്യൂനതകളുണ്ടായാലും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ മനുഷ്യൻെറ പ്രാഥമികാവശ്യങ്ങളെങ്കിലും തൃപ്തികരമായി പരിഹരിക്കപ്പെടുമെന്ന ധാരണ എത്ര അസ്ഥാനത്തായിരുന്നുവെന്നു ബോദ്ധ്യമാകും.

ആയുധശക്തികൊണ്ട് ആധീശരാഷ്ട്രങ്ങളിലൊന്നായ, ലോകത്തിലെ ഏറ്റവും പ്രമുഖ സോഷ്യലിസ്റ്റ് രാഷ്ട്രത്തിലെ സാമാന്യജനത അഭിമുഖീകരിക്കുന്ന ജീവൽപ്രശ്നങ്ങളുടെ ആധികാരിക വിവരണമാണു മുകളിൽ കൊടുത്തത്. സോവിയറ്റ് യൂണിയനെ ആശ്രയിച്ചു കഴിയുന്ന ഉപഗ്രഹരാജ്യങ്ങളുടെ കഥ സങ്കല്പിക്കുന്നതാണു ഭേദം.

## ഉൽപാദനമാന്ദ്യം

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ഉൽപാദനമാന്ദ്യത്തിൻേറതാണ്. അതിനുള്ള മൂലകാരണം ആ വ്യവസ്ഥിതിയിൽതന്നെ അന്തർനിഹിതമായിട്ടുള്ളതുമാണ്. അദ്ധ്വാനിച്ച് ഉൽപാദനം വർദ്ധിപ്പിക്കാനുള്ള പ്രേരണ വ്യക്തിക്കു നഷ്ടമാവുന്നു.

കാരണം, കൂടുതൽ അദ്ധ്വാനിക്കുന്നതിൻെറ പ്രതിഫലം അവനു ലഭിക്കുന്നില്ല എന്നതുതന്നെ. എല്ലാ സ്ഥാപനങ്ങളും പൊതുമേഖലയിലാവുമ്പോൾ, എല്ലാവർക്കും നിശ്ചിതവേതനം ലഭിക്കുമെന്നുറപ്പുള്ളതുകൊണ്ടു കൂടുതൽ അദ്ധ്വാനിക്കാനുള്ള പ്രേരണ നഷ്ടമാവുകയും ഉൽപാദനം സ്തംഭനാവസ്ഥയിലാവുകയും ചെയ്യും. സ്ഥാപനങ്ങളുടെ നടത്തിപ്പ് നഷ്ടത്തിൽ കലാശിക്കും. എന്നാൽ ജനങ്ങളോടുള്ള പ്രതിബദ്ധതമൂലം സ്ഥാപനങ്ങൾ പൂട്ടുവാനോ തൊഴിലാളികളെ പിരിച്ചുവിടുവാനോ സാധനങ്ങൾക്കു വില വർധിപ്പിക്കുവാൻപോലുമോ സോഷ്യലിസ്റ്റ് സ്റ്റേറ്റിനു സാദ്ധ്യമല്ലാതെ വരും. ഒടുവിൽ നഷ്ടം നികത്തുന്നതു ഗുണനിലവാരം കുറച്ചോ ഭീമമായ സബ്സിഡി നൽകിയോ ആയിരിക്കും. അതു പൊതുഖജനാവിനെയും രാഷ്ട്രത്തിൻെറ സമ്പദ്വ്യവസ്ഥയെത്തന്നെയും പ്രതികൂലമായി ബധിക്കും. ആധുനിക സാങ്കേതികരീതികൾ സ്വീകരിക്കാനാവശ്യമായ വിഭവങ്ങൾപോലും സമാഹരിക്കാൻ കഴിയാതെവരും.

ഇത്തരം ജീർണത ദശാബ്ദങ്ങളിലൂടെ തുടർന്നുപോരുന്നതിൻെറ ഫലമായുണ്ടായ ദുർദ്ദശയാണു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ സമ്പദ്വ്യവസ്ഥ ഇന്നനുഭവിക്കുന്നത്. വിപണിയുടെ നിയമങ്ങളെ പാടേ നിഷേധിച്ചുകൊണ്ടുള്ള ഈ പോക്ക് ഇനിയും തുടരുന്നത് അസാദ്ധ്യമാണെന്നുള്ള നിഗമനത്തിൽ ഗോർബച്ചേവിനെപ്പോലെ യാഥാർത്ഥ്യബോധമുള്ള രാജ്യതന്ത്രജ്ഞന്മാർ എത്തിക്കഴിഞ്ഞിരിക്കുന്നു.

## അമേരിക്ക

ഇന്നത്തെ ഭീമമായ തകർച്ചയിൽനിന്നു കരകയറാൻ ശാസ്ത്ര സാങ്കേതിക നവീകരണം അനുപേക്ഷണീയമാണ്. അതിനാവശ്യമായ വൻതോതിലുള്ള വിഭവസമാഹരണം ഇന്നത്തെ നിലയ്ക്കു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം തീർത്തും അസാദ്ധ്യമാണ്. ആയുധപ്പന്തയത്തിനും രാജ്യരക്ഷാ സന്നാഹങ്ങൾക്കും നീക്കിവച്ചിട്ടുള്ള തുക തിരിച്ചുവിടാൻ കഴിഞ്ഞാലല്ലാതെ ഈ പ്രശ്നത്തിനു ഭാഗികമായ പരിഹാരംപോലും സാദ്ധ്യമല്ല.

ഈ യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടാണ്, കമ്യൂണിസത്തിൻെറ അടിസ്ഥാന തത്ത്വങ്ങളിൽ ഒന്നായ വർഗസംഘട്ടനവാദം പാടേ ഉപേക്ഷിക്കുവാനും, ലോകത്തിലെ ഏറ്റവും വലിയ മുതലാളിത്തരാഷ്ട്രമായ അമേരിക്കയുടെ നേർക്കു സഹകരണഹസ്തം നീട്ടുവാനും സോവിയറ്റ് യൂണിയൻ തയ്യാറായത്.

## കുത്തകകൾ

എന്നാൽ അത്രമാത്രംകൊണ്ട് അവരുടെ ഉൽപാദനത്തിൻെറയും, സാങ്കേതികവിദ്യയുടെ നവീകരണത്തിൻെറയും, വിദഗ്ദ്ധമായ വ്യാവസായിക നടത്തിപ്പിൻെറയും പ്രശ്നം പരിഹരിക്കപ്പെടുകയില്ല. അതുകൊണ്ടാണു വിദേശീയ മുതലാളിത്തത്തെത്തന്നെ ആവേശപൂർവം സോവിയറ്റ് യൂണിയൻ സ്വാഗതംചെയ്യുന്നത്. കഴിഞ്ഞകൊല്ലം അമേരിക്ക സന്ദർശിച്ച ഗോർബച്ചേവിൻെറ മുഖ്യപരിപാടികളിലൊന്ന് അവിടുത്തെ വൻകിട വ്യവസായപ്രമുഖരെയും ബഹുരാഷ്ട്ര കുത്തകകളെയും വിരുന്നുസൽക്കാരത്തിനു ക്ഷണിക്കുകയും സോവിയറ്റ് യൂണിയനിലേക്ക് അവരെ സ്വാഗതം ചെയ്യുകയുമായിരുന്നു.

ചൈനയിലും സംഭവിച്ചത് ഇതുതന്നെ. സാംസ്കാരികവിപ്ലവത്തിനുശേഷം തകർന്നു താറുമാറായിക്കിടന്ന ഉൽപാദനമേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ ഡെംഗ് സിയാവോ പിംഗ് കണ്ടുപിടിച്ച മാർഗം വിദേശമുതലാളിത്തത്തെ പരമാവധി ആകർഷിക്കുക എന്നതായിരുന്നു. അതിനാവശ്യമായ

> ദശാബ്ദങ്ങൾ നീണ്ടു നിന്ന ജീർണതയാണു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ സമ്പദ്വ്യവസ്ഥ ഇന്നനുഭവിക്കുന്ന ദുരന്തത്തിനു കാരണം. വിപണിയുടെ നിയമങ്ങളെ പാടേ നിഷേധിച്ചുകൊണ്ടുള്ള പോക്ക് ഇനിയും തുടരുക സാധ്യമല്ലെന്നു ഗോർബച്ചേവിനെപ്പോലെയുള്ള നേതാക്കന്മാർ കണ്ടറിഞ്ഞു.

ഉദാരവൽക്കരണം ഏർപ്പെടുത്തുവാനുള്ള ശ്രമത്തിൽ കമ്യൂണിസ്റ്റ്സിദ്ധാന്തങ്ങളെ കാറ്റിൽപറത്തുവാൻ ഡെംഗ് അശേഷം മടികാണിച്ചില്ല. 'പൂച്ചയുടെ നിറം കറുപ്പാണോ വെളുപ്പാണോ എന്നതല്ല, അത് എലിയെ പിടിക്കുമോ എന്നതാണു പ്രശ്നം'. എന്ന ഡെംഗിന്റെ പ്രസിദ്ധമായ പ്രസ്താവന ഈ കാഴ്ചപ്പാടിലാണു മനസ്സിലാക്കേണ്ടത്.

## പ്രായോഗികത

ചുരുക്കിപ്പറഞ്ഞാൽ പരസ്യമായി കമ്യൂണിസത്തെ തള്ളിപ്പറയുന്നില്ല എന്നതൊഴിച്ചാൽ, പ്രത്യയശാസ്ത്രപരമായ പരിഗണനകൾ എല്ലാം മാറ്റിവച്ചുകൊണ്ടു പ്രായോഗികതയ്ക്കു മുൻതൂക്കം നൽകുകയാണു ചൈനയും റഷ്യയുമെല്ലാം ചെയ്യുന്നത്.

എന്നാൽ ഈ പരീക്ഷണങ്ങളുടെ ഏറ്റവും ദയനീയമായ പരാജയം, അവ ഒരു 'സോഷ്യലിസ്റ്റ് മനുഷ്യനെ' വാർത്തെടുക്കുന്നതിൽ അമ്പേ പരാജയപ്പെട്ടു എന്നതാണ്. വ്യക്തിയാണോ വ്യവസ്ഥിതിയാണോ പ്രധാനമെന്ന വിവാദത്തിനു മാർക്സിസം നൽകുന്ന മറുപടി വ്യവസ്ഥിതിയുടെ സൃഷ്ടിയാണു വ്യക്തിയെന്നും വ്യവസ്ഥിതി മാറിയാൽ നല്ല വ്യക്തികൾ തനിയെ ഉണ്ടായിക്കൊള്ളുമെന്നുമായിരുന്നു. നല്ല വ്യക്തി എന്നാൽ സോഷ്യലിസ്റ്റ് ചിന്താഗതി ഉൾക്കൊള്ളുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യുന്ന വ്യക്തി എന്നർത്ഥം. സമൂഹത്തെ സ്വാർത്ഥത്തിനുവേണ്ടി ചൂഷണം ചെയ്യാത്ത വ്യക്തി. അത്തരം വ്യക്തി, ജീർണിച്ച ബൂർഷ്വാ വ്യവസ്ഥിതിയുടെ തിന്മകളിൽനിന്നു തീർത്തും വിമുക്തനായിരിക്കും എന്നാണല്ലോ വിവക്ഷ.

## ദിവാസ്വപ്നം

എന്നാൽ അത്തരം 'സോഷ്യലിസ്റ്റ് മനുഷ്യൻ' എന്ന സങ്കല്പം ഇന്നു ദിവാസ്വപ്നം മാത്രമായി അവശേഷിക്കുന്നു. അഴിമതി, കൈക്കൂലി, കരിഞ്ചന്ത, സദാചാരരാഹിത്യം, മദ്യത്തോടും മയക്കുമരുന്നുകളോടുമുള്ള വിധേയത്വം, സ്വജനപക്ഷപാതം മുതലായ തിന്മകൾ എത്ര വ്യാപകമായാണു സോവിയറ്റ് യൂണിയനിൽ പടർന്നുപിടിച്ചിരിക്കുന്നതെന്ന് 'Perestroika - A new thinking for our country and the world' എന്ന തന്റെ വിഖ്യാതമായ ഗ്രന്ഥത്തിൽ ഗോർബച്ചേവ് തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

ഇതു സാധാരണ മനുഷ്യരെയല്ല, പാർട്ടിയുടെയും ഭരണകൂടത്തിന്റെയും ഉന്നതസ്ഥാനങ്ങൾ കൈയടക്കിവച്ചിട്ടുള്ളവരെയാണു കൂടുതൽ ബാധിച്ചിട്ടുള്ളത്. വ്യവസ്ഥിതി മാറിയതുകൊണ്ടുമാത്രം മനസ്ഥിതിയിൽ യാതൊരു മാറ്റവും വരാൻ പോകുന്നില്ല എന്നതിന്റെ ഉറച്ച തെളിവാണിത്. ഗോർബച്ചേവിന്റെ ഭരണത്തിൻകീഴിൽ അഴിമതിക്കുറ്റത്തിനു വിചാരണ ചെയ്യപ്പെട്ടവരിൽ ഭൂരിഭാഗവും പാർട്ടി നേതൃത്വത്തിൽപെട്ടവരോ അവരുടെ ബന്ധുക്കളോ ആണ്.

## അഴിമതി

ചീനയെ പിടിച്ചുകുലുക്കിയ വിദ്യാർത്ഥിപ്രക്ഷോഭത്തിനുള്ള മുഖ്യകാരണം അഴിമതിയിൽ മുങ്ങിക്കുളിച്ചുനിന്ന പാർട്ടി നേതൃത്വത്തോടുള്ള അമർഷമായിരുന്നു. അർമേനിയായിലുണ്ടായ ഭൂകമ്പത്തിൽ സർവവും നഷ്ടപ്പെട്ടവർക്കു ലോകരാഷ്ട്രങ്ങൾ കൈയയച്ചു നൽകിയ ദുരിതാശ്വാസസാമഗ്രികൾ പാർട്ടിനേതൃത്വത്തിന്റെയും ഭരണയന്ത്രത്തിന്റെയും ഒത്താശയോടെ കരിഞ്ചന്തയിൽ വിറ്റഴിക്കപ്പെട്ടു. ദുരിതാശ്വാസപ്രവർത്തനത്തിന്റെ മറവിൽ സ്വത്ത് കൊള്ളയടിക്കപ്പെട്ടു.

> **ചീനയെ പിടിച്ചു കുലുക്കിയ വിദ്യാർത്ഥി പ്രക്ഷോഭത്തിനുള്ള മുഖ്യകാരണം, അഴിമതിയിൽ മുങ്ങിക്കുളിച്ചുനിന്ന പാർട്ടിനേതൃത്വത്തോടുള്ള അമർഷമായിരുന്നു....... നഗർണോ-കാരബാക്ക് പ്രദേശത്തെ സ്വയംഭരണാവകാശത്തിനുവേണ്ടി പ്രക്ഷോഭം നടത്തിയ അർമേനിയൻ സഖാക്കളെ പട്ടിണിക്കിട്ടുകൊല്ലാൻ ഉപരോധം ഏർപ്പെടുത്തിയത് അസർബൈജാനിലെ കമ്യൂണിസ്റ്റ് ഭരണകൂടമായിരുന്നു!**

ഭൂകമ്പത്തിൽ തകർന്നുവീണ കെട്ടിടങ്ങളിൽ ഭൂരിഭാഗവും താരതമ്യേന പുതുതായി പണിതീർത്തവയായിരുന്നുവെന്നും അതിനുള്ള കാരണം കൊള്ളലാഭത്തിനുവേണ്ടി അവയുടെ നിർമ്മാണത്തിൽ കാണിച്ച മായംചേർക്കലും മറ്റു കൃത്രിമങ്ങളുമായിരുന്നുവെന്നും ഗോർബച്ചേവ് തന്നെ പറഞ്ഞതായി വാർത്താ മാദ്ധ്യമങ്ങൾ ചൂണ്ടിക്കാണിക്കുന്നു. നഗർണോ - കാരബാക്ക് പ്രദേശത്തെ സ്വയംഭരണാവകാശത്തിനുവേണ്ടി പ്രക്ഷോഭം നടത്തുന്ന അർമ്മേനിയൻ സഖാക്കളെ പട്ടിണിക്കിട്ടു കൊല്ലുവാൻവേണ്ടി ദിവസങ്ങളോളം ഉപരോധം ഏർപ്പെടുത്തിയതു ചുറ്റുപാടുമുള്ള അസർബൈജാൻ റിപ്പബ്ലിക്കിലെ കമ്യൂണിസ്റ്റ് ഭരണകൂടമായിരുന്നു.

## വർഗീയത

ഒരു പ്രശ്നത്തിനു ദുഃഖകരമായ മറ്റൊരു മാനംകൂടിയുണ്ട്. ഒരു മുസ്ലിം റിപ്പബ്ലിക്കായ അസർബൈജാന്റെ ഉള്ളിലകപ്പെട്ടുപോയ അർമ്മേനിയൻ ക്രൈസ്തവർ സ്വയംഭരണത്തിനുവേണ്ടി നടത്തുന്ന പ്രക്ഷോഭത്തെ മർദ്ദിച്ചൊതുക്കാനുള്ള വർഗീയവിദ്വേഷമാണിതിന്റെ പിന്നിൽ. സോവിയറ്റ് യൂണിയനിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനം തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കുകയെന്ന മൗലികമായ കടമ പാടേ കൈയൊഴിയുകയും മാനേജ്മെന്റുകളുടെ പാദസേവകരായി മാറുകയും ചെയ്തതായി ഗോർബച്ചേവ് തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

മോസ്കോയിൽ മാത്രം വിദേശികൾക്കുവേണ്ടി സ്വയം ഉഴിഞ്ഞുവച്ച 1126-ഓളം കുലീനവേശ്യകൾ - 18-നും 30-നുമിടയ്ക്കു പ്രായമുള്ളവർ - ഉണ്ടെന്നും അവർ പ്രതിദിനം 600 റൂബിൾ വരെ സമ്പാദിക്കുന്നുവെന്നും പരസ്പരം മല്ലടിക്കുന്ന വ്യത്യസ്ത ഗ്രൂപ്പുകൾ അവർക്കിടയിൽ ഉണ്ടെന്നും സെപ്റ്റംബർ 28-ലെ ടാസ് റിപ്പോർട്ട് ചെയ്യുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ സംഭവിക്കുമെന്ന് അതിന്റെ കടുത്ത എതിരാളികൾപോലും സ്വപ്നം കാണാതിരുന്ന സാമൂഹികതിന്മകളും സ്വഭാവദൂഷ്യങ്ങളും ഇത്ര ആഴത്തിലും പരപ്പിലും പടർന്നുപിടിച്ചുവെന്നതിന്റെയർത്ഥം മനുഷ്യസ്വഭാവത്തിൽ മാറ്റം വരുത്തുന്നതിൽ മുതലാളിത്തത്തെക്കാൾ സോഷ്യലിസം ഒട്ടുംതന്നെ വിജയിച്ചിട്ടില്ല എന്നുതന്നെയാണ്.

## കാപട്യം

ചില കാര്യങ്ങൾക്കെങ്കിലും സോഷ്യലിസം ശാശ്വതമായ പരിഹാരം കണ്ടെത്തിക്കഴിഞ്ഞു എന്നു നമ്മെ പറഞ്ഞു വിശ്വസിപ്പിച്ചിരുന്നു. ദേശീയവും വംശീയവും വർഗീയവും ഭാഷാപരവുമായ ജനവിഭാഗങ്ങളുടെ സ്വാതന്ത്ര്യവും സ്വയംഭരണാവകാശവും പൂർണമായി ഉറപ്പുനൽകപ്പെട്ടു കഴിഞ്ഞു എന്നതായിരുന്നു സോവിയറ്റ് യൂണിയന്റെ പേരിൽ കമ്യൂണിസ്റ്റുകാരും സഹയാത്രികരും മുഴക്കിയിരുന്ന അവകാശവാദം.

ഭാരതത്തിൽ ഇടയ്ക്കിടെ പൊട്ടിപ്പുറപ്പെടാറുണ്ടായിരുന്ന ഇത്തരം അസ്വസ്ഥതകളും കലാപങ്ങളുമെല്ലാം നമുക്കിന്നും മാറ്റിത്തീർക്കാൻ കഴിയാത്ത പിന്തിരിപ്പൻ ബൂർഷ്വാ വ്യവസ്ഥിതികളുടെ അനിവാര്യഫലങ്ങളാണെന്നും ഒക്ടോബർ വിപ്ലവത്തിനു ശേഷം ലെനിന്റെ നേതൃത്വത്തിൽ ക്രോഡീകരിക്കപ്പെട്ട മാർഗരേഖകൾ നടപ്പാക്കുകവഴി സോവിയറ്റ് യൂണിയനിൽ അത്തരം പ്രശ്നങ്ങൾ ഇങ്ങിനി വരാത്തവണ്ണം പരിഹരിച്ചുകഴിഞ്ഞുവെന്നും അവ നമുക്കും അതേപടി മാർഗദർശകമാണെന്നുമായിരുന്നു നമ്മെ പറഞ്ഞു പഠിപ്പിച്ചത്. എത്ര കപടവും വഞ്ചനാപരവുമായിരുന്നു ആ പ്രചാരണം എന്ന് ഇന്നു പകൽപോലെ തെളിഞ്ഞിരിക്കുന്നു.

## രഹസ്യക്കരാർ

സ്റ്റാലിന്റെ സ്വേച്ഛാധിപത്യത്തിൻകീഴിൽ എന്തെന്തു ക്രൂരതകളാണ് ഈ ഓരോ ജനവിഭാഗത്തോടും അവിടെ അനുവർത്തിച്ചിരുന്നതെന്ന് ഇന്നു ലോകം മനസ്സിലാക്കുന്നു. അടിച്ചമർത്തപ്പെട്ട് ശബ്ദിക്കാൻ കഴിയാതെപോയ ഓരോ ജനവിഭാഗവും പുതിയ കാലാവസ്ഥയിൽ സ്വാതന്ത്ര്യത്തിനും സ്വയംഭരണാവകാശത്തിനുംവേണ്ടി പോരാടാൻ തുടങ്ങിയിരിക്കുന്നു. സ്റ്റാലിനും ഹിറ്റ്ലറും തമ്മിലുണ്ടാക്കിയ കുപ്രസിദ്ധമായ യുദ്ധമില്ലാക്കരാറിലെ രഹസ്യവകുപ്പുകൾ ഉപയോഗിച്ച് സോവിയറ്റ് യൂണിയൻ കൈയടക്കിയ ബാൾട്ടിക് റിപ്പബ്ലിക്കുകൾ സോവിയറ്റ് യൂണിയനിൽനിന്നു കുതറിച്ചാടുവാൻ ശ്രമിക്കുന്നു.

മുസ്ലിം റിപ്പബ്ലിക്കുകളിലെ മതമൗലികവാദത്തോട് ഏറ്റുമുട്ടുകയല്ല, സന്ധിചെയ്യുകയാണു നന്നെന്നു സോവിയറ്റ് നേതൃത്വം കരുതുന്നതായും നാം കാണുന്നു. ഖൊമേനിയുടെ മതമൗലികവാദത്തെ മറ്റു പാശ്ചാത്യരാഷ്ട്രങ്ങൾ എതിർക്കാൻ തയ്യാറായ

പ്പോൾപോലും സോവിയറ്റ് യൂണിയൻ അവരുമായി സൗഹൃദബന്ധം ദൃഢപ്പെടുത്താൻ ശ്രമിച്ചത് ഈ പശ്ചാത്തലത്തിൽ വിലയിരുത്തേണ്ടതാണ്.

## ഇന്ത്യ - മാതൃക

ഈ അടുത്തദിവസം ഭാരതം സന്ദർശിച്ച സോവിയറ്റ് നയതന്ത്രജ്ഞൻ വിഘടനവാദത്തിൻെറ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ സോവിയറ്റ് യൂണിയൻ ഭാരതത്തിൻെറ മാതൃക പിന്തുടരേണ്ടതാണെന്നു പരസ്യമായി പ്രസ്താവിച്ചതോടെ, ആ രംഗത്തെങ്കിലും സോഷ്യലിസം നമുക്കു മാർഗദർശകമായിത്തീരും എന്നു പതിറ്റാണ്ടുകളിലൂടെ പ്രചരിപ്പിക്കപ്പെട്ട വ്യാമോഹവും പാടേ തകർന്നിരിക്കുന്നു.

ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടതിൻെറ ആവശ്യകതയെപ്പറ്റി നമ്മുടെ നാട്ടിലെ കമ്യൂണിസ്റ്റുകാർ വീറോടെ വാദിക്കാറുണ്ടെങ്കിലും ഒരു കമ്യൂണിസ്റ്റ് രാഷ്ട്രത്തിലും അത്തരം അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല എന്നതാണനുഭവം. സോവിയറ്റ് യൂണിയനിലെ വ്യത്യസ്ത റിപ്പബ്ലിക്കുകളിൽ കഴിഞ്ഞുകൂടാൻ വിധിക്കപ്പെട്ടിട്ടുള്ള ഭാഷാ-മത-വംശ ന്യൂനപക്ഷ വിഭാഗങ്ങൾ പീഡനത്തിനു വിധേയരായി കഴിയുകയായിരുന്നു.

മോൾഡേവിയ, യുക്രയിൻ, ലാത്വിയ, ലിത്വേനിയ, എസ്റ്റോണിയ തുടങ്ങിയ റിപ്പബ്ലിക്കുകളിൽ ന്യൂനപക്ഷമായ റഷ്യക്കാർക്കുപോലും സുരക്ഷിതത്വമില്ല. അവർക്കു വോട്ടവകാശവും തൊഴിലവകാശവും ഭാഷാസ്വാതന്ത്ര്യവും നിഷേധിക്കപ്പെടുന്നു. അവർ അവിടെ വെറും രണ്ടാംകിട പൗരന്മാരാണ്. അതിനെതിരേ അവർ പ്രക്ഷോഭരംഗത്താണിന്ന്. കമ്യൂണിസത്തിനുണ്ടെന്നവകാശപ്പെടുന്ന മാനവികതയുടെ മുഖം വെറും പൊയ്മുഖമായിരുന്നുവെന്നതാണു പച്ചയായ അനുഭവം.

കമ്യൂണിസ്റ്റ് ലോകം ദേശീയതയുടെ അതിർവരമ്പുകൾക്കതീതമായിരിക്കും എന്ന മാർക്സിയൻ സങ്കല്പവും തകർന്നു തരിപ്പണമായിരിക്കുകയാണ്. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളോരോന്നും അവരവരുടെ പാരമ്പര്യ ദേശീയതയിലേക്ക് ഉൾവലിഞ്ഞുകൊണ്ടിരിക്കുകയാണ്. സോവിയറ്റ് യൂണിയനിൽപോലും ഔദ്യോഗികാഘോഷവേളകളിൽ മാർക്സിൻെറയും ഏംഗൽസിൻെറയും ഛായാചിത്രങ്ങൾക്കു സ്ഥാനഭ്രംശം വന്നിരിക്കുന്നു. ചീനയിലാവട്ടെ, കമ്യൂണിസ്റ്റ് പ്രവാചകന്മാരെയെല്ലാം ഒറ്റയടിക്കു തള്ളിപ്പറഞ്ഞുകൊണ്ടു സാമ്രാജ്യവാദിയും രക്തദാഹിയുമായ ചെങ്കിഷ്ഖാനെ ദേശീയ വീരപുരുഷൻ എന്ന പദവിയിലേക്കുയർത്തിയിരിക്കുകയാണ്.

ചീന ഇന്നംഗീകരിക്കുന്ന മറ്റു രണ്ട് ആദർശപുരുഷന്മാർ സൺയാറ്റ് സ്യേൻ, മാവോ സേ തൂങ് എന്നിവർ മാത്രമാണ്. മാർക്സ്, ലെനിൻ തുടങ്ങിയവർ അവർക്കന്യരായിക്കഴിഞ്ഞിരിക്കുന്നു. മാനവരാശിയുടെ പ്രതീക്ഷകൾ ഇത്രയേറെ തട്ടിയുണർത്തുകയും, ഇത്രവേഗം അവ നഷ്ടപ്പെടുത്തുകയും ചെയ്ത വേറൊരു പ്രത്യയശാസ്ത്രമുണ്ടായിട്ടില്ല. ഹംഗറി, പോളണ്ട് തുടങ്ങിയ രാഷ്ട്രങ്ങൾ പരസ്യമായിത്തന്നെ ചെങ്കൊടിയും രക്തനക്ഷത്രവും കൈയൊഴിച്ചത്, ഈ പറഞ്ഞതിനു വ്യക്തമായ തെളിവാണ്.

## നാല്

സോഷ്യലിസം നടപ്പിൽവരുത്താൻ ശ്രമിച്ച എല്ലാ രാജ്യങ്ങളെയും ഒരുപോലെ ബാധിച്ചിരിക്കുന്ന രൂക്ഷമായ ഈ പ്രതിസന്ധി അതിശക്തമായി ഉന്നയിക്കുന്ന ചോദ്യം, പരാജയം നടത്തിപ്പിൻെറയോ വ്യവസ്ഥിതിയുടെയോ മാത്രമാണോ എന്നതാണ്. വ്യവസ്ഥിതിക്ക് അടിസ്ഥാനവും നടത്തിപ്പിനു മാർഗദർശകവും ആയ പ്രത്യയശാസ്ത്രത്തിൽതന്നെ ഈ പ്രതിസന്ധിയുടെ ബീജങ്ങൾ അടങ്ങിയിരുന്നില്ലെങ്കിൽ ഈ പ്രതിഭാസം ഇത്ര സാർവത്രികമാകുമായിരുന്നോ? അന്തിമവിശകലനത്തിൽ പ്രത്യയശാസ്ത്രത്തിൻെറ ന്യൂനതകളല്ലേ വ്യവസ്ഥിതിയുടെ പാളിച്ചയിൽ കലാശിച്ചിരിക്കുന്നത്?

ഇന്നു ലോകമാകമാനം ഉറക്കെ ചോദിക്കുവാൻ തുടങ്ങിയിരിക്കുന്ന ചോദ്യമാണിത്. കമ്യൂണിസത്തിൻെറ പ്രത്യയശാസ്ത്രം അശാസ്ത്രീയവും അപ്രായോഗികവും മനുഷ്യപ്രകൃതിക്കു നിരക്കാത്തതുമാണ്. ബലപ്രയോഗത്തിലൂടെ അതു നടപ്പിലാക്കാനുള്ള ശ്രമം സ്വാഭാവികമായും ഇത്തരം വൈകൃതങ്ങളിൽ കലാശിക്കും എന്നതിനു സംശയമില്ല.

## സ്വതന്ത്രമല്ല

യഥാർത്ഥത്തിൽ കമ്യൂണിസം സ്വതന്ത്രവും സമ്പൂർണവുമായ ഒരു പ്രത്യയശാസ്ത്രമായിരുന്നിട്ടേയില്ല. ചൂഷണാധിഷ്ഠിതമായ മുതലാളിത്തത്തിൻെറ അമാനവികമായ ക്രൂരത ഞെട്ടിപ്പിച്ച മനുഷ്യമനസ്സാക്ഷിയുടെ തീവ്രമായ പ്രതികരണമായിരുന്നു മാർക്സിലും ഏംഗൽസിലുംകൂടി കമ്യൂണിസ്റ്റ് തത്ത്വസംഹിതയുടെ പേരിൽ പ്രത്യക്ഷപ്പെട്ടത്. മുതലാളിത്ത വ്യവസ്ഥിതിയുടെ ഉദ്ഭവത്തെയും വളർച്ചയെയുംകുറിച്ചുള്ള അപഗ്രഥനാത്മകമായ പഠനം ആയിരുന്നു അതിൻെറ സൈദ്ധാന്തിക പശ്ചാത്തലം.

**യഥാർത്ഥത്തിൽ കമ്യൂണിസം സ്വതന്ത്രവും സമ്പൂർണവുമായ ഒരു പ്രത്യയശാസ്ത്രമല്ല. ചൂഷണാധിഷ്ഠിതമായ മുതലാളിത്തത്തിൻെറ അമാനവികമായ ക്രൂരത ഞെട്ടിച്ച മനുഷ്യ മനസ്സാക്ഷിയുടെ തീവ്രമായ പ്രതികരണമായിരുന്നു, മാർക്സിലും ഏംഗൽസിലും കൂടി കമ്യൂണിസ്റ്റ് തത്ത്വസംഹിതയുടെ പേരിൽ പ്രത്യക്ഷപ്പെട്ടത്.**

എന്നാൽ യൂറോപ്പിൽ മാത്രം ശക്തിപ്രാപിച്ച ആ വ്യവസ്ഥിതിയെക്കുറിച്ചുള്ള പഠനം എത്രകണ്ടു സൂക്ഷ്മവും വിശദവുമായിരുന്നെങ്കിൽപോലും സമഗ്രമായ മാനവചരിത്രത്തെക്കുറിച്ചുള്ള സമ്പൂർണവീക്ഷണം അതിൽ അടങ്ങിയിരുന്നില്ല. യൂറോപ്പിനു പുറത്തുള്ള രാജ്യങ്ങളിലെ സാമൂഹിക സാമ്പത്തിക ഘടനകളെക്കുറിച്ചുള്ള മാർക്സിസ്റ്റ് വീക്ഷണം അവ്യക്തവും അപൂർണവുമായിരുന്നു. മനുഷ്യചരിത്രത്തിൻെറ വികാസത്തെ നിയന്ത്രിക്കുന്ന നിയമങ്ങളെക്കുറിച്ചുള്ള നിഗമനങ്ങൾ ശാസ്ത്രീയമോ കുറ്റമറ്റതോ ആയിരുന്നില്ല. അവയ്ക്കാധാരമായ പ്രകൃതിനിയമമെന്നു മാർക്സ് വിശേഷിപ്പിച്ച വൈരുദ്ധ്യാത്മക ഭൗതികവാദം, അക്കാലത്തെ ശാസ്ത്രപുരോഗതിയുടെ നിലവാരത്തിൽ കുറെയൊക്കെ വിശ്വസനീയമായി തോന്നിയിരുന്നുവെങ്കിലും, ശാസ്ത്രരംഗത്തു പിൽക്കാലത്തുണ്ടായ വിപ്ലവകരമായ കണ്ടുപിടിത്തങ്ങൾ ഭൗതികവാദത്തിൻെറ അടിത്തറ എന്നെന്നേക്കുമായി തകർത്തുകളഞ്ഞു.

## മരീചിക

മാത്രമല്ല, മനുഷ്യബന്ധങ്ങളെ നിയന്ത്രിക്കുന്നതു വർഗസംഘട്ടനമാണെന്ന സിദ്ധാന്തം അനുഭവത്തിലും തെറ്റാണെന്നു തെളിഞ്ഞു. മുതലാളിത്തം മൂർദ്ധന്യാവസ്ഥയിലെത്തിയ സമൂഹങ്ങൾ അനിവാര്യമായും വർഗസംഘട്ടനത്തിൻെറ പോർക്കളങ്ങളായിത്തീരുമെന്ന പ്രവചനം പാടേ പിഴച്ചു. പരമമായ സത്യം ഭൗതികമാണെന്നും ആദ്ധ്യാത്മികത അന്ധവിശ്വാസമാണെന്നുമുള്ള മാർക്സിയൻസിദ്ധാന്തം പ്രകൃതിയിലെയും മനുഷ്യനിലെയും നിഗൂഢരഹസ്യങ്ങൾ അനാവരണം ചെയ്യുന്നതിലും മനുഷ്യരാശിയുടെ അന്തഃപ്രേരണകളെയും പ്രശ്നങ്ങളെയും കൃത്യമായി വിലയിരുത്തുന്നതിലും അവയ്ക്കു പരിഹാരം നിർദ്ദേശിക്കുന്നതിലും പരാജയപ്പെട്ടു.

ഭൗതികപുരോഗതിയുടെ ഭദ്രതയ്ക്കുപോലും ആദ്ധ്യാത്മികതയും അതിലധിഷ്ഠിതമായ സദാചാരമൂല്യങ്ങളും അനിവാര്യമാണെന്നു സോഷ്യലിസ്റ്റ് ലോകം അനുഭവത്തിലൂടെ മനസ്സിലാക്കുകയും മതം കേവലം മനുഷ്യനെ മയക്കുന്ന കറപ്പാണെന്ന മാർക്സിയൻ കാഴ്ചപ്പാട് നിരാകരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. വിപ്ലവത്തിലൂടെ തൊഴിലാളിവർഗം അധികാരം കൈയടക്കിയാൽപിന്നെ അതിവേഗം സോഷ്യലിസവും തുടർന്നു കമ്യൂണിസവും താനേ നിലവിൽവരുമെന്നും ഭരണകൂടം കൊഴിഞ്ഞുപൊയ്ക്കൊള്ളുമെന്നുമുള്ള പ്രവചനം മരുമരീചികയാണെന്നു തെളിഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ മാർക്സ് വരച്ചുകാണിച്ച കമ്യൂണിസത്തിൻെറ ചിത്രം അശാസ്ത്രീയവും അപ്രായോഗികവുമാണെന്നും ആ പ്രത്യയശാസ്ത്രത്തിൻെറ അടിസ്ഥാനതത്ത്വങ്ങൾ അത്യന്തം ദുർബലങ്ങളാണെന്നും അനുഭവം തെളിയിച്ചു.

## അധികാരം മാത്രം

മാത്രമല്ല, മാർക്സിസത്തിൻെറ പ്രയോക്താക്കളെന്നു സ്വയം പ്രഖ്യാപിച്ച ലെനിനോ മാവോ സേ തൂങ്ങോ മാർക്സിയൻ ദർശനത്തെ അതേപടി അംഗീകരിച്ചു നടപ്പിലാക്കിയവർ ആയിരുന്നില്ല. പ്രായോഗികമായ ഒരു

ദർശനമാണ് അതെന്നും അവർ വിശ്വസിച്ചിരുന്നില്ല. മാർക്സിയൻ ദർശനം അവർക്ക് അധികാരം കരസ്ഥമാക്കുവാൻ ഫലപ്രദമായ ആയുധങ്ങളിലൊന്ന് മാത്രമായിരുന്നു. മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ ആവനാഴിയിൽനിന്നു സൗകര്യമുള്ള ഏതാനും മുദ്രാവാക്യങ്ങൾ തെരഞ്ഞെടുത്തു തന്ത്രപൂർവം അധികാരം പിടിച്ചെടുക്കുവാൻവേണ്ടി സമർത്ഥമായി ഉപയോഗപ്പെടുത്തുക മാത്രമാണ് അവർ ചെയ്തത്.

കമ്യൂണിസത്തിന്റെയും വിപ്ലവത്തിന്റെയും തൊഴിലാളിവർഗ ഏകാധിപത്യത്തിന്റെയും ലേബലുകൾ അവർക്കു പ്രയോജനകരമായിരുന്നു. അതിനപ്പുറം, തിരിച്ചറിയാനാവാത്തവിധം മാർക്സിയൻ ദർശനത്തെ അവർ വളച്ചൊടിക്കുകയും, മാർക്സ് മുഖ്യമായി മുന്നോട്ടുവച്ച മാനവികതയുടെ മുഖം നിശേഷം നിരാകരിക്കുകയും ചെയ്തു. സോവിയറ്റ് + വൈദ്യുതി = കമ്യൂണിസം എന്ന ലെനിന്റെ നിർവചനം മാർക്സിസത്തിൽനിന്ന് എത്രയോ വിദൂരമായിരുന്നു.

## തന്ത്രം

"പ്രത്യയശാസ്ത്രത്തിനു ചാണകത്തിന്റെ വിലപോലുമില്ല. കാരണം ചാണകം വളത്തിനുപയോഗിക്കാം, പ്രത്യയശാസ്ത്രം കൊണ്ട് ആ പ്രയോജനംപോലുമില്ല." എന്നു പ്രഖ്യാപിച്ച മാവോ മാർക്സിസത്തെ ഉപയോഗിച്ചത് അധികാരം പിടിച്ചെടുക്കുന്നതിനു മാത്രമായിരുന്നു. "പൂച്ചയുടെ നിറം കറുപ്പോ വെളുപ്പോ എന്നതല്ല പ്രശ്നം, അത് എലിയെ പിടിക്കുമോ എന്നതാണ്" എന്നു പ്രഖ്യാപിക്കുകയും, "എന്തു വിലകൊടുത്തും വേഗം പണക്കാരാകൂ" എന്നാഹ്വാനം ചെയ്യുകയും ചെയ്ത ഡെംഗ് സിയാവോ പിംഗും മാർക്സിയൻ തത്ത്വസംഹിത അക്ഷരാർത്ഥത്തിൽ വ്യഭിചരിച്ചവരാണ്.

മാർക്സിസത്തിന്റെ ലേബലൊട്ടിച്ച അതിന്റെ എണ്ണമറ്റ പാഠഭേദങ്ങൾ കേവലം പ്രായോഗികവാദത്തിന്റെ പരിണതഫലങ്ങളാണ്. മാർക്സിയൻ തത്ത്വസംഹിതയുടെ അശാസ്ത്രീയതയും അപ്രായോഗികതയും വിളിച്ചോതുന്നവയുമാണ്. നിഷ്കൃഷ്ട ചിന്തകന്മാരുടെ ദൃഷ്ടിയിൽ കമ്യൂണിസം ഒരുകാലത്തും യുക്തിയുക്തമോ ശാസ്ത്രസംഗതമോ ആയ ഒരു ജീവിതദർശനം ആയിരുന്നിട്ടേയില്ല.

മാർക്സിസത്തിന്റെ അശാസ്ത്രീയതയെക്കുറിച്ചു സുദീർഘമായി ഉപന്യസിച്ച ഹുമയൂൺ കബീറിനോട്, 'Why flog a dead horse?' (ചത്ത കുതിരയുടെമേൽ എന്തിനു ചാട്ടവാർ പ്രയോഗിക്കുന്നു?) എന്നു ഡോ. രാധാകൃഷ്ണൻ ചോദിക്കുകയുണ്ടായി.

## ബുദ്ധിജീവികൾ

കമ്യൂണിസ്റ്റ്ലോകം നേരിട്ടുകൊണ്ടിരിക്കുന്ന പ്രത്യയശാസ്ത്ര പ്രതിസന്ധി ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നത് ആ രാജ്യങ്ങളിലെ മുൻനിരക്കാരായ ബുദ്ധിജീവികൾക്കുതന്നെയാണ്. തകർന്ന വിശ്വാസപ്രമാണങ്ങളുടെ പാഴ്കൂമ്പാരങ്ങൾക്കു നടുവിൽ നിന്നുകൊണ്ട് അനിശ്ചിതത്വത്തോടെ അവർ ഭാവിയുടെനേർക്കു നോക്കുകയാണ്. അവരിൽ കുറേപ്പേരെങ്കിലും ബുദ്ധിപരമായ സത്യസന്ധതയോടെ വസ്തുതകൾ വളച്ചൊടിക്കാതെ അവരുടെ ധർമ്മസങ്കടം തുറന്നുപറയാൻ തയ്യാറാവുന്നു എന്നത് ആശയ്ക്കും ആശ്വാസത്തിനും വകനൽകുന്നു.

> **'പ്രത്യയശാസ്ത്രത്തിനു ചാണകത്തിന്റെ വില പോലുമില്ല. കാരണം, ചാണകം വളത്തിന് ഉപയോഗിക്കാം; പ്രത്യയശാസ്ത്രംകൊണ്ട് ആ പ്രയോജനംപോലുമില്ല' എന്നു പ്രഖ്യാപിച്ച മാവോ മാർക്സിസത്തെ ഉപയോഗിച്ചത് അധികാരം പിടിച്ചെടുക്കുന്നതിനു വേണ്ടി മാത്രമായിരുന്നു.**

സോവിയറ്റ് ബുദ്ധിജീവികളുടെ ഏറ്റവും പ്രമുഖമായ പ്രസിദ്ധീകരണങ്ങളിൽ ഒന്നാണ് 'സോവിയറ്റ് ലിറ്ററേച്ചർ'. മാറിയ പരിതസ്ഥിതിയിൽ അതിന്റെ ഔദ്യോഗിക നയത്തിലും പരിപാടിയിലും മൗലികമായ മാറ്റം വരുത്തുവാൻ അതിന്റെ പത്രാധിപസമിതി തീരുമാനിച്ചു. അവരുടെമേലുള്ള സമ്മർദ്ദങ്ങളും അവർ വരുത്താൻ പോകുന്ന മാറ്റങ്ങളും വായനക്കാരോട് ഉള്ളു തുറന്നു പറയുവാൻ അവർ തന്റേടം കാണിച്ചു.

'പത്രാധിപരിൽനിന്നുള്ള കത്ത്' എന്ന പേരിലും 'ആശയങ്ങളുടെ ഭൂപടം' (An atlas of ideas) എന്ന പേരിലും സോവിയറ്റ് ലിറ്ററേച്ചർ N07(496) 1989 പ്രസിദ്ധീകരിച്ച രണ്ടു ലേഖനങ്ങളിലായി, സോവിയറ്റ് യൂണിയനിലെ (സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലെ മുഴുവൻതന്നെ) ബുദ്ധിജീവികളുടെ ധർമ്മസങ്കടം അവരിങ്ങനെ വ്യക്തമാക്കി:

## തകർന്ന വിഗ്രഹം

"കഴിഞ്ഞ ഏതാണ്ട് എഴുപതുകൊല്ലത്തിലേറെയായി, നമ്മുടെ നൈതികവും ബുദ്ധിപരവുമായ പ്രയത്നങ്ങൾക്കുമേലേ തണൽ വിരിച്ചിരുന്ന ശക്തമായ പ്രത്യയശാസ്ത്രത്തിന്റെ മേൽപ്പുര ഇതാ പാടേ തകർന്നു കഷണം കഷണമായി ചിന്നിച്ചിതറിക്കിടക്കുന്നു.

അചഞ്ചലങ്ങളെന്നു കഴിഞ്ഞ എഴുപതു കൊല്ലത്തെ സോഷ്യലിസ്റ്റ് ചരിത്രത്തിൽ വിശ്വസിച്ചുപോന്ന ദാർശനികവും സാമൂഹികവുമായ മൂല്യങ്ങൾ കൊത്തിവച്ചിട്ടുള്ള മാർബിൾഫലകങ്ങൾ അടിച്ചുടയ്ക്കപ്പെട്ടിരിക്കുന്നു. അതിൽ കൊത്തിവച്ചിരുന്ന നിഗമനങ്ങളിലൊന്ന് പാശ്ചാത്യ നാഗരികതയുടെ ശീഘ്രവും അനിവാര്യവുമായ വിനാശവും അത്രതന്നെ വേഗത്തിലും അനിവാര്യമായും ഉള്ള സോഷ്യലിസ്റ്റ് നാഗരികതയുടെ ആളിപ്പടരലും ആയിരുന്നു.

നമ്മുടെ ജീവിതത്തനിമയുടെ മൂർത്തിമത്ഭാവങ്ങളാകയാൽ അത്യന്തം പവിത്രങ്ങളെന്നു കരുതപ്പെട്ട പേരുകളും പ്രതീകങ്ങളും നാം ശ്രദ്ധാപൂർവം രേഖപ്പെടുത്തിവച്ചിരുന്നു. മനുഷ്യസമൂഹത്തിന്റെ മുഴുവൻ അത്യുന്നത നേട്ടങ്ങളെന്ന് അഭിമാനപൂർവം നാം കരുതിപ്പോന്ന നമ്മുടെ ചരിത്രത്തിലെ ആദർശ കാലഘട്ടങ്ങളെയും നാം അതിലുൾപ്പെടുത്തിയിരുന്നു.

നമ്മുടെ ഉൽപാദനസംവിധാനം, സമ്പദ്വ്യവസ്ഥ, രാജനൈതിക വ്യവസ്ഥ, എല്ലാ ജീവിതമേഖലകളിലുമുള്ള നമ്മുടെ നേതൃത്വം, സാർവജനീനമായ, മഹത്തായ നമ്മുടെ ആദർശലക്ഷ്യങ്ങൾ എന്നിവയിലെല്ലാം നാം അഭിമാനം പൂണ്ടിരുന്നു. എന്നാലിന്ന് നാം കാണുന്നതെന്താണ്? ആ പൊട്ടിത്തകർന്ന മാർബിൾ കഷണങ്ങളിലും കളിമൺ ഇഷ്ടികകളിലും മരത്തോൽ ചുരുളുകളിലും ഒക്കെയായി രേഖപ്പെടുത്തപ്പെട്ട അതീവ വൈവിദ്ധ്യമാർന്ന പ്രതിഭാസങ്ങളും ആശയങ്ങളും വിശ്വാസപ്രമാണങ്ങളും നമുക്കു ദൃഷ്ടിഗോചരമാകുന്നു."

## എങ്ങോട്ട്?

കമ്യൂണിസമെന്ന ഏകശിലാശില്പത്തിൽ ഒതുങ്ങിനിന്ന കർക്കശവും വിരസവുമായ ഏകരൂപതയുടെ സ്ഥാനത്ത്, പെരിസ്ട്രോയിക്കയുടെയും ഗ്ലാസ്നോസ്റ്റിന്റെയും ഫലമായി പൊട്ടിവിരിഞ്ഞ എണ്ണമറ്റ വീക്ഷണ വൈവിദ്ധ്യങ്ങളുടെ വർണശബളവും പൊരുത്തപ്പെടുത്താനാവാത്തതുമായ ഒരു ഭൂപടം സത്യസന്ധമായി അവതരിപ്പിച്ചുകൊണ്ട്, പത്രാധിപസമിതി ലേഖകൻ ചോദിക്കുന്നു, 'നമ്മുടെ ആത്മീയലോകത്തിന്റെയും പ്രപഞ്ചവീക്ഷണത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും ഭാവി എന്താണ്? ഛിന്നഭിന്നമായ ഈ സങ്കീർണത സുവ്യക്തമായ ഒരു പുതിയ അസ്തിത്വരൂപം എന്നെങ്കിലും കൈക്കൊള്ളുമോ? അമേരിക്കൻ ഐക്യനാടുകളിലെ സങ്കീർണമായ ആശയഘടനകൾ ഉരുകിച്ചേർന്ന് ഒരു അമേരിക്കൻ സ്വപ്നമായി രൂപംപ്രാപിച്ചതുപോലെ, അവയെല്ലാം ചേർന്ന് ഒരു സോവിയറ്റ് സ്വപ്നം രൂപംകൊള്ളുമോ? ഉത്തമാംശങ്ങളൊന്നും നഷ്ടപ്പെട്ടുപോകാതെ വൈരുദ്ധ്യാത്മകമായ ഒരു ഏകതയിൽ, സങ്കീർണവും വിവിധവും മാനവികവുമായ അടിസ്ഥാനത്തിൽ നമുക്കു ഭാവിയിൽ ഒരു തത്ത്വസംഹിത കെട്ടിപ്പടുക്കാനാവുമോ?'

പുഷ്കിനെ ഉദ്ധരിച്ചുകൊണ്ടു ലേഖനം അവസാനിപ്പിക്കുന്നു: "തിരമാലകളെ മുറിച്ചുകൊണ്ട് അനന്തവിസ്തൃതിയിലേക്കു നാം നീങ്ങുന്നു. എവിടേക്കാണാവോ നാമിപ്പോൾ നീങ്ങിക്കൊണ്ടിരിക്കുന്നത്?"

അതെ, അതുതന്നെയാണ് ഇന്നു സോഷ്യലിസ്റ്റ് ലോകത്തെ അസ്വസ്ഥമാക്കിക്കൊണ്ടിരിക്കുന്ന ചോദ്യം.

## ആദ്ധ്യാത്മികം

സോവിയറ്റ് ജനപ്രതിനിധിസഭയിൽ പ്രധാനമന്ത്രി നിക്കോളെ റിഷ്ക്കോവ് ചെയ്തതും മുമ്പു പരാമർശിച്ചതുമായ പ്രസംഗത്തിന്റെ അന്തിമഭാഗം അവിടെ ഉരുത്തിരിഞ്ഞു വരുന്ന പുതിയ ചിന്താഗതിയിലേക്കു വിരൽ ചൂണ്ടുന്നതാണ്. മതപരവും ആദ്ധ്യാത്മികവുമായ മൂല്യങ്ങളെ പാടേ അവഗണിച്ചു

കൊണ്ടു ഭൗതിക സുഖഭോഗങ്ങളുടെ പിന്നാലെ അന്ധമായി പാഞ്ഞുപോയതാണു തങ്ങൾ നേരിടുന്ന ദുരവസ്ഥയ്ക്കു കാരണമെന്ന് അദ്ദേഹം തുറന്നു സമ്മതിച്ചു:

"ഭൗതികരംഗത്തു ചെയ്തുതീർക്കേണ്ടുന്ന കാര്യങ്ങൾ എത്രതന്നെ പ്രധാനമായിരുന്നാലും ശരി, നമ്മുടെ ഏറ്റവും വിലപിടിച്ച സമ്പത്ത് നാം നഷ്ടപ്പെടുത്തരുത്. അതു നമ്മുടെ ജനതയുടെ സാംസ്കാരികവും ആദ്ധ്യാത്മികവുമായ പൈതൃകമാണ്. ആദ്ധ്യാത്മികഭദ്രത കൈമോശംവന്ന ഒരു രാഷ്ട്രത്തിനു യാതൊരു ഭാവിയുമില്ലെന്നു ചരിത്രം പഠിപ്പിക്കുന്നു...... സംസ്കാരമില്ലെങ്കിൽ സമൂഹത്തിൽ സദാചാരത്തിനു താത്ത്വികാടിത്തറ ഉണ്ടാവുകയില്ല. പ്രാഥമിക സദാചാരമില്ലെങ്കിലോ? സാമൂഹിക സാമ്പത്തിക നിയമങ്ങൾ അവതാളത്തിലാകും."

## മലിനീകരണം

ചീനയിലുണ്ടായ വിദ്യാർത്ഥിപ്രക്ഷോഭത്തിനു കാരണമായി അധികൃതർ ചൂണ്ടിക്കാണിച്ചത് ആത്മീയ മലിനീകരണം (Spiritual Pollution) ആയിരുന്നു. അമേരിക്ക തുടങ്ങിയ വിദേശങ്ങളിലെ വിശ്വവിദ്യാലയങ്ങളിൽ പഠിക്കാൻ അയച്ച പതിനായിരക്കണക്കിനു വിദ്യാർത്ഥിനീവിദ്യാർത്ഥികൾ അവിടുത്തെ അനിയന്ത്രിതമായ ഉപഭോഗസംസ്കാരത്തിന് അടിമപ്പെട്ടുപോയി.

എന്തുകൊണ്ടിങ്ങനെ സംഭവിച്ചു? അനേകായിരം കൊല്ലത്തെ സാംസ്കാരിക പാരമ്പര്യമുള്ള ചീനക്കാർക്ക് എന്തുകൊണ്ട് ഈ ഗതി വന്നുചേർന്നു? ഈ ആത്മീയ മലിനീകരണം ബാധിക്കുവാൻ കാരണം പരമ്പരാഗതമായ മൂല്യബോധം അവർക്കു കൈമോശം വന്നുപോയതുകൊണ്ടാണ്. മസ്തിഷ്ക പ്രക്ഷാളനത്തിലും 'മഹത്തായ സാംസ്കാരിക വിപ്ലവ'ത്തിലുംകൂടി അവരിൽ തുടർച്ചയായി അടിച്ചേൽപ്പിച്ച ഭൗതിക മൂല്യങ്ങളുടെ അതിപ്രസരമായിരുന്നു അതിനു കാരണം.

## പരാജയം

ചൂഷണാധിഷ്ഠിതമായ മുതലാളിത്തത്തിനു ബദലായി രംഗപ്രവേശം ചെയ്ത കമ്യൂണിസം അതിൻെറ പ്രഖ്യാപിതദൗത്യം നിറവേറ്റുന്നതിൽ പരാജയപ്പെട്ടു. അതിൽ അദ്ഭുതമില്ല. രണ്ടും ഒരേ നാണയത്തിൻെറ രണ്ടു വശങ്ങൾ മാത്രമായിരുന്നു. ഒരേ വൃക്ഷത്തിൽ പൊട്ടിവിരിഞ്ഞ രണ്ടു ശാഖകളായിരുന്നു. രണ്ടിൻെറയും ലക്ഷ്യം ഭൗതിക സുഖോപഭോഗങ്ങളുടെ വർധനവായിരുന്നു. അതാകട്ടെ പ്രകൃതിവിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണത്തിലൂടെ മാത്രം നേടിയെടുക്കാവുന്നതാണ്. അതിനാവശ്യമായ ശാസ്ത്രസാങ്കേതിക വിസ്ഫോടനത്തിനുവേണ്ടിയായിരുന്നു മുതലാളിത്തവും കമ്യൂണിസവും പരിശ്രമിച്ചത്. പക്ഷേ പ്രകൃതിവിഭവങ്ങൾ പരിമിതങ്ങളും അവയുടെ സന്തുലനം അതീവലോലവുമാണ്.

ഗാന്ധിജി ചൂണ്ടിക്കാണിച്ചതുപോലെ "എല്ലാവരുടെയും ആവശ്യങ്ങൾ പൂർത്തീകരിക്കാൻ പ്രകൃതിക്കു കഴിയും. എന്നാൽ എല്ലാവരുടെയും ദുരാഗ്രഹങ്ങൾ പൂർത്തിയാക്കാൻ അവൾക്കു സാദ്ധ്യമല്ല." ലളിതമായ ഈ സത്യം അവഗണിച്ചുകൊണ്ട്, പ്രകൃതിയെ നിരന്തരം, നിഷ്ക്കരുണം ചൂഷണം ചെയ്തതാണു മുതലാളിത്തവും കമ്യൂണിസവും കാണിച്ച തെറ്റ്. 'ത്രി മൈൻ ഐലൻറി'ലും 'ചെർണോബിലി'ലും സംഭവിച്ച ആണവദുരന്തങ്ങളുടെ ചാരക്കുമ്പാരങ്ങൾക്കു നിറവ്യത്യാസമുണ്ടായിരുന്നില്ല.

മനുഷ്യനെ പ്രകൃതിയുടെ യജമാനനായും പ്രകൃതിയെ മനുഷ്യനു കൊന്നും തിന്നും അനുഭവിക്കാനുള്ള ചൂഷണവസ്തുവായും കണക്കാക്കുന്ന ജീവിതവീക്ഷണമാണു മുതലാളിത്തത്തിൻെറയും കമ്യൂണിസത്തിൻെറയും. അതിൻെറ ഏറ്റവും ബീഭത്സരൂപമാണ് അണുവായുധങ്ങൾ. പ്രകൃത്യംബയുടെ മടിത്തട്ടിൽ അവളുടെ മുലപ്പാൽ കുടിച്ചു വളരുകയും അന്യോന്യം മാതൃപുത്രബന്ധം പുലർത്തുകയും ചെയ്യുന്ന സംതൃപ്തവും സമന്വയാത്മകവുമായ ജീവിതദർശനത്തിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്ന ഒരു നാഗരികതയ്ക്കേ ഇന്നത്തെ ദുസ്ഥിതിയിൽനിന്നു മാനവരാശിയെ മുന്നോട്ടു നയിക്കാനാവൂ.

ഇവിടെയാണു ഭാരതത്തിനുമാത്രം നൽകാൻ കഴിയുന്ന സംഭാവനയുടെ മഹത്വം പ്രകടമാവുന്നത്. സമീപകാല സംഭവവികാസങ്ങളുടെ സന്ദർഭത്തിലല്ലെങ്കിൽപോലും വിശ്വവിഖ്യാത ചരിത്രകാരനായ ആർനോൾഡ് ടോയൻബി ഈ വസ്തുത നമ്മെ ഉദ്ബോധിപ്പിക്കുകയുണ്ടായി. "ലോകചരിത്രത്തിൻെറ അന്തരാളഘട്ടത്തിലാണു നാം ഇന്നു ജീവിക്കുന്നത്. ഒരു കാര്യം ഇതിനകം തന്നെ വ്യക്തമായിക്കഴിഞ്ഞു. പാശ്ചാത്യമായ തുടക്കത്തോടുകൂടിയ ഈ അദ്ധ്യായം ഭാരതീയമായ അന്ത്യത്തിലല്ല പര്യവസാനിക്കുന്നതെങ്കിൽ ഫലം മാനവരാശിയുടെ ആത്മനാശമായിരിക്കും... ...... മനുഷ്യചരിത്രത്തിലെ അത്യന്തം ആപത്കരമായ ഈ നിമിഷത്തിൽ മാനവരാശിക്കു മോചനം ഭാരതീയ മാർഗത്തിലൂടെ മാത്രമാണ്."

അശോകചക്രവർത്തിയുടെയും മഹാത്മാഗാന്ധിയുടെയും അഹിംസാസിദ്ധാന്തത്തിലും ശ്രീരാമകൃഷ്ണൻെറ മതസമന്വയത്തിലും സാക്ഷ്യത്തിലും മനുഷ്യവർഗത്തിന് ഒരുമിച്ച് ഒരു കുടുംബമായി വളരാൻ കഴിയുന്ന മനോഭാവവും ആത്മശക്തിയും കണ്ടെത്താൻ കഴിയും. ഈ ആണവയുഗത്തിൽ നമുക്കു വംശനാശത്തിൽനിന്നു രക്ഷപ്പെടുവാൻ ഈ ഒരു മാർഗമേയുള്ളൂ.

> അന്നു മുതലാളിത്ത ചൂഷണത്തിനെതിരായ പടവാളായി മാറി, കമ്യൂണിസം. കാലത്തിൻെറ വലിയൊരാവശ്യകത അതു നിറവേറ്റി. പക്ഷേ, ഈ രണ്ടു പ്രത്യയശാസ്ത്രങ്ങൾക്കും സമഗ്രദർശനം ഉണ്ടായില്ല. തന്മൂലം പരിവർത്തനത്തിൻെറ യുഗസന്ധിയിലാണ് ഇന്നു മാനവരാശി.

മേൽപ്പറഞ്ഞതിനർത്ഥം, മുതലാളിത്തവും കമ്യൂണിസവും ഒരു സംഭാവനയും നൽകിയിട്ടില്ലെന്നല്ല; അവ, തീർത്തും വിനാശകരങ്ങളായിരുന്നു എന്നുമല്ല; ചരിത്രത്തിൻെറ താളുകളിലെ കരിപുരണ്ട അദ്ധ്യായങ്ങളായി അവ പിന്തള്ളപ്പെടുമെന്നുമല്ല. മാനവസമൂഹം പുരോഗമിക്കുന്നത് അത്തരം മാർഗത്തിലൂടെയല്ല. ഓരോ തത്ത്വശാസ്ത്രത്തിൻെറയും അതു പരീക്ഷിച്ചുനോക്കുമ്പോൾ കിട്ടുന്ന അനുഭവങ്ങളുടെയും വെളിച്ചത്തിലാണു മാനവരാശി മുന്നോട്ടുള്ള മാർഗം കണ്ടെത്തുന്നത്.

ധീരസാഹസികമായ എണ്ണമറ്റ പരീക്ഷണങ്ങളിലൂടെ, ഋണാത്മകവും ഗുണാത്മകവുമായ ഒട്ടേറെ അനുഭവങ്ങൾ മുതലാളിത്തവും കമ്യൂണിസവും നമുക്കു സംഭാവന ചെയ്തിട്ടുണ്ട്. കൊള്ളേണ്ടവയും തള്ളേണ്ടവയും ആയ ഒട്ടേറെ അനുഭവങ്ങളും പാളിച്ചകളും.

മനുഷ്യൻെറ സർഗശക്തികളെ എല്ലാരംഗങ്ങളിലും കെട്ടഴിച്ചുവിടുവാൻ മുതലാളിത്തത്തിൻകീഴിൽ ഉദാര ജനാധിപത്യത്തിനു സാധിച്ചു എന്നത് അതിൻെറ ഗുണാത്മകവശമാണ്. എന്നാലതു ചൂഷണത്തിനും അസമത്വത്തിനും ഇടയാക്കിയെന്നത് അതിൻെറ ഋണാത്മകവശവും.

ഈ പ്രവണതകൾക്കെതിരേ രൂപംപൂണ്ട കമ്യൂണിസം അന്നു മുതലാളിത്ത ചൂഷണത്തിനെതിരായുള്ള പടവാളായി മാറി. കാലത്തിൻെറ വലിയ ഒരാവശ്യകത. അതു നിറവേറ്റി. എന്നാലതിനപ്പുറം സ്ഥായിയായ ഒരു വ്യവസ്ഥിതി കെട്ടിപ്പടുക്കാൻ ഉപയുക്തമായ സമഗ്രദർശനത്തിൻെറ അടിത്തറ പാകുവാൻ ഈ രണ്ടു പ്രത്യയശാസ്ത്രങ്ങൾക്കും കഴിയാതെപോയി. തൽഫലമായി ദിശാബോധമറ്റ നാൽക്കവലയിലാണ് ഇന്നു മാനവരാശി. പരിവർത്തനത്തിൻെറ യുഗസന്ധിയിൽ.

## മാർഗദർശനം

ഓരോ യുഗസന്ധ്യയും ഓരോ പുതിയ സമന്വയത്തിൻെറ ദശാസന്ധികൂടിയാണ്. അത്തരം വിശാലമായ ഒരു പുതിയ സമന്വയം ഇന്നാവശ്യമായിരിക്കുന്നു. സമന്വയത്തിൻെറ ദർശനം സഹജമായിത്തന്നെ സ്വായത്തമാക്കിയിട്ടുള്ള ഭാരതം മാനവരാശിക്കു പ്രബുദ്ധമായ മാർഗദർശനം നൽകാനുള്ള ബാദ്ധ്യത ഏറ്റെടുക്കേണ്ട സന്ദർഭമാണിത്. ആർനോൾഡ് ടോയൻബിയെയും അരവിന്ദനെയുംപോലുള്ള മനീഷികൾ നമ്മോടാവശ്യപ്പെടുന്നതും അതാണ്.

### പരാമർശങ്ങൾ


1. Gorbachev - Perestroika - New thinking for our country and the world.
2. Nicholai Ryshkov - Address with Congress of People's Deputies-Frontline August -5-18,89.
3. J. K. Galbraith - Span, December 1988.
4. Francis Fuko Yama - National Interest.
5. Time.
6. കലാകൗമുദി Sept. 10, '89.
7. Toynbee - World thinkers on Sree Ramakrishna and Vivekananda.
8. Soviet Literature No7(496)1989.
9. K. P. S. Menon - China - Past and Present. Sarojini Naidu Memorial Lectures.


O

## സംവാദം

**നാല്പതുമുതൽ എഴുപതു വർഷങ്ങൾവരെ കമ്യൂണിസ്റ്റ് പാർട്ടികൾ പരമാധികാരം അനുഭവിച്ച നാടുകളിലെ ജനങ്ങൾ അസംതൃപ്തരാണ്. തരംകിട്ടിയാൽ അവർ പടിഞ്ഞാറൻ നാടുകളിലേക്ക് ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നു. സ്വതന്ത്രമായ തെരഞ്ഞെടുപ്പ് അനുവദിച്ചാൽ, പോളണ്ടിൽ സംഭവിച്ചതുപോലെ പതിറ്റാണ്ടുകളായി അധികാരക്കുത്തക കൈയടക്കിവച്ച കമ്യൂണിസ്റ്റ് പാർട്ടികൾ തിരസ്കരിക്കപ്പെടും. ഈ നിഗമനങ്ങളുടെ വെളിച്ചത്തിൽ, ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളോടുള്ള ഇന്ത്യൻ മാർക്സിസ്റ്റുകാരുടെ പ്രതികരണത്തെ ഒ. വി. വിജയൻ വിമർശിക്കുന്നു. അവർ പാഠമാലയുടെ വരികളെപ്പിടിച്ച് ആണയിടുന്നവരാണ്; യാഥാർത്ഥ്യങ്ങളിലൂടെ ഗോർബച്ചേവും മറ്റും നേടിയ അറിവുകൾ അവർ മനസ്സിലാക്കുന്നില്ല. ഗോർബച്ചേവിൻെറ വിപ്ലവത്തെ സൃഷ്ടിപരമായി ഉപയോഗപ്പെടുത്തുന്നതിനു പകരം, രണ്ടു കൊച്ചുപ്രവിശ്യകളിൽ ഒതുങ്ങിക്കൂടാനാണ് ഇന്ത്യയിലെ മാർക്സിസ്റ്റുകാരുടെ വിധി എന്ന് ലേഖകൻ പറയുന്നു.**

# നഷ്ടപ്പെടുന്ന അവസരങ്ങൾ

ഒ. വി. വിജയൻ

കമ്യൂണിസം ഇന്നു നേരിടുന്ന പ്രശ്നങ്ങൾ അതിന്റെ അസ്ഥിവാരങ്ങളെ പിടിച്ചുകുലുക്കുന്നവയാണ്, അല്ലാതെ എന്തെങ്കിലും ഒരു നയപരിപാടിയുടെ ജയമോ പരാജയമോ അല്ല. മനുഷ്യസമൂഹങ്ങളുടെ ചിന്തയും ചലനവും നിലച്ചിട്ടില്ലെന്നതിനു തെളിവാണ് ഈ പ്രതിസന്ധികൾ.

സംഭവിച്ച സ്ഥിതിവിശേഷങ്ങളുടെ രേഖയാണല്ലോ ചരിത്രം. കഴിഞ്ഞുപോയ കാലങ്ങളുടെ പഠനത്തിൽനിന്നു നമുക്കു നേടാനുള്ള അറിവുകൾ നിരവധിയാണ്. അവ ഭാവിയെ നേരിടാൻ നമ്മേ സഹായിക്കുന്നു എന്നതും സത്യംതന്നെ. എന്നാൽ ഈ പിൻബലത്തിനു വലിയ പരിമിതികളുണ്ട്. കാരണം, ഭാവി എത്രയായാലും ഭാവിതന്നെയാണ്. അതിൻെറ തിരശീലകൾക്കു പിന്നിൽ കാലാന്തരങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ശക്തികളും രൂപങ്ങളും എന്തൊക്കെയാവുമെന്നു തിട്ടപ്പെടുത്താനാർക്കും വയ്യ.

ലോകത്തെ അപഗ്രഥിക്കൽ മാത്രമല്ല, ദാർശനികൻെറ കടമ; ലോകത്തെ രൂപാന്തരപ്പെടുത്തലാണ് എന്ന മാർക്സിൻെറ വചനം സമകാലീന ദന്തഗോപുരങ്ങളെ തകർക്കാൻ സഹായിച്ചു എന്നതു ശരിതന്നെ. എന്നാൽ, വാക്കുകളുടെ വശ്യതയ്ക്കു മാർക്സ് വഴങ്ങിയെന്നു തോന്നുന്നു. ദാർശനികൻ പക്ഷപാതിയും സമരോൽസുകനു

മായാൽ തൻെറ പരാജയങ്ങളെ ദർശന ശാസ്ത്രത്തിലൂടെ നീതീകരിക്കാൻ ശ്രമിക്കുമെന്ന പ്രകൃതിനിയമമാണു കമ്യൂണിസ്റ്റ്ലോകത്തെ ഇക്കാലമത്രയും അനാകർഷകമാക്കിയത്.

ലളിതമായി പറഞ്ഞാൽ ഈ സ്ഥിതിവിശേഷത്തിൽ മൂന്നു ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്ന്, പ്രവചനം. രണ്ട്, പ്രവചനത്തിൻെറ പിൻബലത്തോടെ നടത്തപ്പെടുന്ന വിപ്ലവം. മൂന്ന്, വിപ്ലവഭരണത്തിലുള്ള അസംതൃപ്തിയും ആ അസംതൃപ്തിയെ മറച്ചുവയ്ക്കാൻ ഭരണകൂടത്തിനു പിൻപറ്റേണ്ടിവരുന്ന മർദ്ദനവും.

## വിമതന്മാർ

ഈ മൂന്നു ഘടകങ്ങളുടെ നാനാവിധമായ ചേരുവകളാണു വിപ്ലവഭരണങ്ങളുള്ള നാടുകളിൽ നാമിന്നു കണ്ടുതുടങ്ങുന്നത്. സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്പിലും (ചൈനയിൽപ്പോലും) ഇന്നു സംഭവിക്കുന്നതു പുസ്തകത്തിലെ ഭാഷ്യവും പരുക്കൻ യാഥാർത്ഥ്യവും തമ്മിലുള്ള അന്തരത്തിൻെറ അംഗീകാരമാണ്. സ്റ്റാലിൻ തൊട്ട് ബ്രഷ്നേവ് വരെയുള്ള വർഷങ്ങളിൽ പുസ്തകത്തിൻെറ പരാജയങ്ങളെ ചൂണ്ടിക്കാണിച്ചു പരിശോധിക്കാൻ മുതിർന്ന വിമതന്മാർ വധിക്കപ്പെടുകയോ തുറുങ്കിലടയ്ക്കപ്പെടുകയോ ഉണ്ടായി, ക്രൂഷ്ചേവിൻെറ ചെറിയൊരു ഇടവേളയൊഴിച്ചുനിർത്തിയാൽ.

## അക്ഷമൻ

അക്ഷമനായൊരു മനുഷ്യസ്നേഹിയായിരുന്നു കാൾമാർക്സ്. പ്രാകൃത സംഭരണത്തിൻെറ (primitive accumulation) ക്രൂരത കണ്ടുകൊണ്ടാണു മാർക്സ് തൻെറ ചരിത്രപഠനത്തിനു രൂപംനൽകിയത്. ഒരു നൂറ്റാണ്ടിനുള്ളിൽ പരിസരം എത്രകണ്ടു മാറുമെന്ന് അദ്ദേഹത്തിനു സങ്കല്പിക്കുക വയ്യായിരുന്നു. എല്ലാ ദീർഘദർശനങ്ങളും പങ്കിടുന്നതാണ് ഈ പരിമിതി.

എന്നാൽ കേവലമൊരു ആശയസംഹിത പ്രയോഗത്തിൽ പൊളിഞ്ഞാൽ വിശേഷിച്ചൊന്നും സംഭവിക്കില്ല. കമ്യൂണിസത്തിൻെറ അനുഭവം ഈ തത്ത്വത്തിന് ഒരപവാദമായി. ഇതിനു കാരണങ്ങളുമുണ്ടായിരുന്നു. അഭൗതികമല്ലാത്ത, പരിചിതമായ, സാമൂഹികയാഥാർത്ഥ്യങ്ങളെ അപഗ്രഥിച്ചും ഉയർത്തിപ്പിടിച്ചും സാധാരണ ജനങ്ങളെ സമീപിച്ച മാർക്സിയൻ വിപ്ലവകാരികൾ ജനങ്ങൾക്കു ഭൂമിയിലാണ്, ആകാശത്തിലല്ല സ്വർഗം വാഗ്ദാനം ചെയ്തത്.

## അസംതൃപ്തി

കമ്യൂണിസം നടപ്പിൽവന്ന രാജ്യങ്ങളിൽ വാഗ്ദാനങ്ങൾ ഒന്നൊന്നായി വിഫലമായിത്തീർന്നതോടെ വ്യാപകമായ അസംതൃപ്തി സംഭവിച്ചിരിക്കണം. എന്നാൽ വിപ്ലവഭരണകൂടങ്ങൾ ഭീകരമുറകൾ ഉപയോഗിച്ച് ഈ അസംതൃപ്തിയുടെ പ്രത്യക്ഷത്തെ അടിച്ചു നിലംപരിശാക്കി. സ്റ്റാലിൻെറ കൂട്ടുകൃഷി പരീക്ഷണങ്ങളിലും മാവോസേതുങ്ങിൻെറ 'Big Leap' സാഹസത്തിലും അനേകലക്ഷമാളുകൾ മരിച്ചു. ഹിറ്റ്ലർ വധിച്ച ജൂതന്മാരുടെ സംഖ്യയേക്കാൾ വലുതായിരുന്നു സ്റ്റാലിൻ വധിച്ച സോവിയറ്റ് പൗരന്മാരുടെ എണ്ണമെന്ന് സോവിയറ്റ് യൂണിയൻ വെളിപ്പെടുത്തിയിരിക്കുന്നു.

> വിധിവൈപരീത്യമെന്നു പറയട്ടെ; പ്രസ്തുത പരീക്ഷണങ്ങളിൽ, ചെക്കോസ്ലോവാക്യയിൽ നടന്ന പരീക്ഷണത്തിൽ, ഗോർബച്ചേവിൻെറ മഹാജയത്തിൽ നമ്മുടെ മാർക്സിസ്റ്റുകൾ എന്തിന് അരിശം കൊള്ളുന്നു? സോഷ്യലിസ്റ്റ് ലോകത്തെ ഞാനറിയുന്നത് എൻെറ ബുദ്ധികൊണ്ടും താത്വികമായജിജ്ഞാസ കൊണ്ടുമാണ്. ഭാഗികമായെങ്കിലും എനിക്ക് അടുക്കാവുന്ന ഒരു പ്രസ്ഥാനമുണ്ടെങ്കിൽ അത് മാർക്സിസ്റ്റ് കക്ഷിയാണ്. ഇതാണ് ആ കക്ഷിയോട് എനിക്കുള്ള അരിശത്തിൻെറയും സ്നേഹത്തിൻെറയും ഡയലറ്റിക്സ്.

മുതലാളിത്തത്തിൻെറ ഇടപെടലും കുതന്ത്രങ്ങളും മൂലമാണു സ്റ്റാലിന് ഇതൊക്കെ ചെയ്യേണ്ടിവന്നത് എന്നതിൽ സത്യത്തിൻെറ ഒരു അംശമുണ്ടെങ്കിലും ഒരു ജീവിതശൈലിയായി മാറിയ ഭീകരത, രഹസ്യത, ഭയം എന്നിവയെ കേവലം സുരക്ഷാനടപടികളായി മാത്രം കാണുന്നതു യുക്തിയല്ല.

പിന്തിരിപ്പന്മാരെന്നു മുദ്രയടിക്കപ്പെട്ട പല രാഷ്ട്രീയനിരൂപകന്മാരും ചൂണ്ടിക്കാണിച്ചിട്ടുള്ള ലളിതസത്യം മാത്രമാണിത്. ഇതിൻെറ തെളിവാകട്ടെ, ഇപ്രകാരവും.

## വസ്തുതകൾ

ഒന്ന്, നാല്പതുമുതൽ എഴുപതു വർഷങ്ങൾവരെ കമ്യൂണിസ്റ്റ് പാർട്ടികൾ പരമാധികാരം അനുഭവിച്ച നാടുകളിലെ ജനങ്ങൾ അസംതൃപ്തരാണ്. രണ്ട്, തരംകിട്ടിയാൽ അവർ പടിഞ്ഞാറൻ നാടുകളിലേക്ക് ഓടിരക്ഷപ്പെടാൻ ശ്രമിക്കുന്നു. പടിഞ്ഞാറുനിന്ന് ഇങ്ങോട്ട് അഭയാർത്ഥിപ്രവാഹമില്ല. ജനാധിപത്യം തിരിച്ചുകിട്ടിയ കമ്യൂണിസ്റ്റ് രാജ്യങ്ങളിൽനിന്നും (ഉദാഹരണത്തിന് ഹംഗറി, പോളണ്ട്) അഭയാർത്ഥിപ്രവാഹമില്ല. മൂന്ന്, സ്വതന്ത്രമായ തെരഞ്ഞെടുപ്പ് അനുവദിച്ചാൽ, പോളണ്ടിൽ സംഭവിച്ചതുപോലെ പതിറ്റാണ്ടുകളായി അധികാരക്കുത്തക കൈയടക്കിവച്ച കമ്യൂണിസ്റ്റ് പാർട്ടികൾ തിരസ്കരിക്കപ്പെടും.



ഒ. വി. വിജയൻ

## എന്തിന്?

മുതലാളിത്തം കമ്യൂണിസത്തിൻെറ തകർച്ചയെ സ്വാഗതംചെയ്യുമെന്നതിൽ സംശയമില്ല. എന്നാൽ, കമ്യൂണിസ്റ്റ് ജനാധിപത്യത്തിൻെറ തകർച്ചയെയാണു കൂടുതൽ കാംക്ഷിക്കുക. ഈ സത്യം നമുക്കു മുന്നേ വെളിപ്പെട്ടത് യൂറോ-കമ്യൂണിസത്തിൻെറയും യൂറോ-ലെഫ്റ്റിൻെറയും പരാജയങ്ങളിൽ സാമ്രാജ്യശക്തികൾ കാണിച്ച താൽപര്യവും ഔൽസുക്യവുമായിരുന്നു.

എന്നാൽ വിധിവൈചിത്ര്യമെന്നു പറയട്ടെ, പ്രസ്തുത പരീക്ഷണങ്ങളിൽ, ചെക്കോസ്ലോവാക്യയിൽ നടന്ന പരീക്ഷണത്തിൽ, ഗോർബച്ചേവിൻെറ മഹാജയത്തിൽ, നമ്മുടെ മാർക്സിസ്റ്റുകൾ എന്തിന് അരിശം കൊള്ളുന്നു? സോഷ്യലിസ്റ്റ് ലോകത്തെ ഞാൻ അറിയുന്നത് എൻെറ ബുദ്ധികൊണ്ടും താത്വികമായ ജിജ്ഞാസകൊണ്ടുമാണ്.

ഒരു കേരളീയനെന്ന നിലയ്ക്കു കേരളത്തിലെ രാഷ്ട്രീയവുമായി പ്രതികരിക്കാൻ ഞാൻ നിർബന്ധിതനാകുന്നു. ഭാഗികമായെങ്കിലും എനിക്ക് അടുക്കാവുന്ന ഒരു

പ്രസ്ഥാനമുണ്ടെങ്കിൽ അതു മാർക്സിസ്റ്റ് കക്ഷിയാണുതാനും. ഇതാണ് ആ കക്ഷിയോട് എനിക്കുള്ള അരിശത്തിന്റെയും സ്നേഹത്തിന്റെയും ഡയലറ്റിക്സ്.

## അന്ധത

ചിന്താശക്തിയും ഭൗതികതീവ്രതയുമുള്ള നേതാക്കന്മാരുണ്ട് ഈ കക്ഷിയിൽ. എന്നിട്ടും അവർ എന്തിനുവേണ്ടിയാണ് ഒരു ആഗോളതരംഗത്തെ കണ്ടില്ലെന്നു നടിക്കുന്നത്? മാർക്സിനും, അതിലുമെത്രയോ ഇരട്ടി ലെനിനും, മനുഷ്യസ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ വലിയ തെറ്റുകളാണു പറ്റിയത്. എങ്കിലും മാർക്സിസം സമീപകാലചരിത്രത്തിലെ ഏറ്റവും വലിയ നൈതികതരംഗത്തിനു കാരണമായി. നാം കണക്കിലെടുക്കേണ്ടത് ആ തരംഗത്തെയാണ്, അതുമായി സാന്ദർഭികബന്ധം മാത്രമുള്ള ഏതാനും ദാർശനിക സൂത്രങ്ങളെയല്ല.

## സ്വാതന്ത്ര്യദാഹം

ഒക്ടോബർ വിപ്ലവത്തിൽ തുടങ്ങുന്ന ഈ മഹാപ്രസ്ഥാനത്തിനുണ്ടായ വളർച്ച ചരിത്രത്തിന്റെ യുക്തിയല്ലെന്നും യുദ്ധം (കിഴക്കൻ യൂറോപ്പ്), സൈന്യങ്ങളുടെ കാലുമാറ്റം (ചൈന), ദേശീയത (വിയറ്റ്നാം) തുടങ്ങിയ വിവിധങ്ങളായ നിർണായക ശക്തികളുടെ അതിപ്രസരംമൂലമാണെന്നും നമുക്കു സമ്മതിക്കേണ്ടിവരും. ഇവിടെ മാർക്സിസത്തിന്റെ കാതലായ ധാരണകളിലൊന്ന്, ചരിത്രപരമായ അനിവാര്യത, പൊളിയുന്നു. സോവിയറ്റ് യൂണിയനിലൂടെയും കിഴക്കൻ യൂറോപ്പിലൂടെയും അലതല്ലുന്ന സ്വാതന്ത്ര്യദാഹം കമ്യൂണിസത്തിന്റെ പരിചിതരൂപത്തെ, സ്റ്റാലിനിസത്തെ, പാടെ നിഷേധിക്കുന്നു.

> **മാർക്സിനും, അതിലുമെത്രയോ ഇരട്ടി ലെനിനും മനുഷ്യസ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ വലിയ തെറ്റുകളാണ് പറ്റിയത്. സോവിയറ്റ് യൂണിയനിലൂടെയും കിഴക്കൻ യൂറോപ്പിലൂടെയും അലതല്ലുന്ന സ്വാതന്ത്ര്യദാഹം സ്റ്റാലിനിസത്തെ പാടെ നിഷേധിക്കുന്നു.**

## പരാധീനത

കേരളത്തിലെ മാർക്സിസ്റ്റ് നേതൃത്വം ഈ ഇതിഹാസത്തെ സാമ്രാജ്യത്വത്തിന്റെ കുത്തിത്തിരുപ്പായി വ്യാഖ്യാനിച്ച് സ്വാസ്ഥ്യമടയുന്നു. ഈ നിലപാടിലെത്താൻ അവരെ സഹായിക്കുന്നത് അവരുടെതന്നെ പരാധീനതയുമാണ്.

ഈ കുഴപ്പത്തിനൊക്കെ കാരണം കമ്യൂണിസത്തിന്റെ പ്രയോഗത്തിൽവന്ന തെറ്റുകളാണ്. കേരളത്തിലെ മാർക്സിസ്റ്റ് ആചാര്യന്മാർ പറയുന്നു: 'യഥാർത്ഥ മാർക്സിസം പ്രയോഗിക്കാൻ കഴിഞ്ഞാൽ സർവം മംഗളമാകും.'

## തിരുത്തണം

എന്താണ് മാർക്സിസം? താന്ത്രികാഭിചാരമോ? മാർക്സിസം ഒരഗാധപണ്ഡിതന്റെ ഏതാനും നിഗമനങ്ങളിൽനിന്നു വളർന്നു തിടംവച്ച ഒരു സാമൂഹ്യശാസ്ത്രമാണ്. അതിൽക്കവിഞ്ഞു മറ്റൊന്നുമല്ല. അതിൽ തെറ്റും ശരിയുമുണ്ടാകാം. കുറവുകളുണ്ടാവാം, ഉണ്ട്. മറ്റേതു ശാസ്ത്രത്തേയുംപോലെ അതും തിരുത്തിനു വിധേയമാണ്.

എന്നാൽ കേരളത്തിൽ പരിശുദ്ധ മാർക്സിസത്തിന്റെ മുദ്രാവാക്യം ഒരിക്കലും നിശ്ശബ്ദമാകുകയില്ല-സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്പിലും ആയതുപോലെ. 'ഇന്ത്യയുടെ ബൂർഷ്വാ ഭരണഘടന ജനങ്ങളെ വിലക്കുന്നു', നമ്മുടെ ആചാര്യന്മാർ പറയുന്നു: 'ജനങ്ങൾക്കു പരമാധികാരമുണ്ടായിരുന്നെങ്കിൽ മാർക്സ് വിഭാവനം ചെയ്ത നല്ല ലോകത്തെ എങ്ങനെ കെട്ടിപ്പടുക്കണമെന്നു ജനങ്ങൾ കാണിച്ചുതരുമായിരുന്നു.'

## പുസ്തകമല്ല

ക്രൂരമായ ഒരു ഫലിതം. കാരണം, അടുത്തകാലത്തൊന്നും ഇന്ത്യൻ മാർക്സിസ്റ്റുകൾ പരമാധികാരം കൈയാളാൻപോകുന്നില്ല. അവർ സംരക്ഷിക്കുന്നതു പുസ്തകത്തേയാണ്. പുസ്തകത്തിന്റെ ശുദ്ധിയെ സംരക്ഷിക്കുവാൻ അച്ചടിപ്പിഴ ഒഴിവാക്കിയാൽ മതി. ഗോർബച്ചേവിനു സംരക്ഷിക്കാനുള്ളതു പുസ്തകമല്ല; അച്ചടിയല്ല. കലങ്ങിമറിയുന്ന രാഷ്ട്രങ്ങളാണ്; ആണവയുദ്ധത്തിന്റെ നിഴലിൽക്കഴിയുന്ന മനുഷ്യരാശിയാണ്.

## ഗോർബച്ചേവ്

മനുഷ്യന്റെ യാഥാർത്ഥ്യത്തെ കൈകാര്യം ചെയ്യുന്നതിലൂടെ നേടിയ അറിവുകളുടെ അടിസ്ഥാനത്തിലാണു ഗോർബച്ചേവ് സ്റ്റാലിനിസത്തെ നിഷേധിക്കുന്നത്. പാഠമാലയുടെ വരികളെപ്പിടിച്ച് ആണയിട്ടിട്ടാണ് ഇന്ത്യൻ മാർക്സിസ്റ്റുകൾ ലോകത്തിൽ എല്ലായിടത്തുനിന്നും അകറ്റിയ ബാധയെ, സ്റ്റാലിനിസത്തെ, തങ്ങളുടെ താവളങ്ങളിൽ അഭയംകൊടുത്തു കുടിവയ്ക്കുന്നത്.

ഗോർബച്ചേവിന്റെ വിപ്ലവത്തെ നമ്മുടെ മാർക്സിസ്റ്റുകൾക്കു സൃഷ്ടിപരമായി ഉപയോഗപ്പെടുത്താമായിരുന്നു. നവീകരണത്തിന്റെയും നവോത്ഥാനത്തിന്റെയും സുവർണാവസരമായിരുന്നു അത്. എന്നാൽ രണ്ടു കൊച്ചുപ്രവിശ്യകളിൽ കൊച്ചുകൊച്ചു കാര്യങ്ങളിൽ മുഴുകി കാലംകഴിക്കാനാണെന്നു തോന്നുന്നു അവരുടെ വിധി.

○

> **മനുഷ്യന്റെ യാഥാർഥ്യത്തെ കൈകാര്യം ചെയ്യുന്നതിലൂടെ നേടിയ അറിവുകളുടെ അടിസ്ഥാനത്തിലാണ് ഗോർബച്ചേവ് സ്റ്റാലിനിസത്തെ നിഷേധിക്കുന്നത്. പാഠമാലയുടെ വരികളെപ്പിടിച്ച് ആണയിട്ടാണ് ഇന്ത്യയിലെ മാർക്സിസ്റ്റുകൾ, ലോകത്തിൽ എല്ലായിടത്തുനിന്നും അകറ്റിയ ബാധയെ - സ്റ്റാലിനിസത്തെ - തങ്ങളുടെ താവളങ്ങളിൽ അഭയം കൊടുത്തു കുടിവയ്ക്കുന്നത്. ഗോർബച്ചേവിന്റെ വിപ്ലവത്തെ നമ്മുടെ മാർക്സിസ്റ്റുകൾക്ക് സൃഷ്ടിപരമായി ഉപയോഗ പ്പെടുത്താൻ കഴിയുമായിരുന്നു. നവീകരണത്തിന്റെയും നവോത്ഥാനത്തിന്റെയും സുവർണാവസരമായിരുന്നു, അത്.**

**കഴിഞ്ഞ കുറച്ചു കാലമായി ഇന്ത്യയിലെ രണ്ടു കമ്യൂണിസ്റ്റ് പാർട്ടികളും സാമ്രാജ്യത്വ - പിന്തിരിപ്പൻ പാർട്ടികളുമായി കൂട്ടുകെട്ടിലാണെന്ന്, പ്രമുഖ കമ്യൂണിസ്റ്റ് താത്വികാചാര്യനും ഇപ്പോൾ യുണൈറ്റഡ് കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ ജനറൽ സെക്രട്ടറിയുമായ മോഹിത്സെൻ അഭിപ്രായപ്പെടുന്നു. ഇന്ത്യ ഭരിക്കുന്ന ജനാധിപത്യ - സാമ്രാജ്യത്വവിരുദ്ധ ഗവൺമെൻറിനേയും കോൺഗ്രസ് (ഐ) യേയും തകർക്കാൻ സി. പി. ഐ. (എം) ശ്രമിച്ചുകൊണ്ടിരിക്കുന്നു. കമ്യൂണിസത്തെ കമ്യൂണിസ്റ്റുകാർ തന്നെ വഞ്ചിക്കുകയല്ലേ എന്നു ലേഖകൻ ചോദിക്കുന്നു.**

**കമ്യൂണിസം ഇപ്പോഴത്തെ പ്രതിസന്ധിയെ അതിജീവിക്കുകതന്നെ ചെയ്യുമെന്നാണു മോഹിത്സെന്നിൻെറ വിശ്വാസം. പി. സി. ജോഷി ചൂണ്ടിക്കാണിച്ചതുപോലെ, നാഗരികതയുടെ അന്തസ്സത്ത ഉൾക്കൊണ്ടു സ്വയം ശുദ്ധീകരിക്കാൻ അതു തയാറാവണമെന്നു മാത്രം.**

# ഇന്ത്യൻ നാഗരികത ഉൾക്കൊള്ളണം

**മോഹിത് സെൻ**

മറ്റുള്ളവരുടെ പ്രശ്നങ്ങളെക്കുറിച്ചു സദാ സംസാരിക്കാറുള്ള കമ്യൂണിസ്റ്റുകാർ സ്വയം പ്രതിസന്ധിയിൽ ചെന്നു ചാടിയതിൽ കമ്യൂണിസ്റ്റ്വിരുദ്ധർ വളരെയേറെ സന്തോഷിക്കുന്നുണ്ട്. സോവിയറ്റ് യൂണിയൻ ഗുരുതരമായ വംശീയകലാപത്തെ നേരിടുന്നു. പോളണ്ടിൽ ഒരു കമ്യൂണിസ്റ്റിതര ഭരണകൂടം അധികാരമേറ്റുകഴിഞ്ഞു. ഹംഗറിയിലെ കമ്യൂണിസ്റ്റുകാർ സോഷ്യലിസം അംഗീകരിച്ചിരിക്കുന്നു. ജർമ്മൻ ജനാധിപത്യറിപ്പബ്ലിക്കിലെ ആയിരക്കണക്കിനു യുവാക്കൾ ആ രാജ്യം വിട്ടോടി. കമ്യൂണിസത്തിനെതിരേ തങ്ങളുടെ അസംതൃപ്തി പ്രകടിപ്പിക്കുന്നു. ജനാധിപത്യം സ്ഥാപിക്കണമെന്നാവശ്യപ്പെട്ട വിദ്യാർഥികളെ കൂട്ടക്കൊല ചെയ്യാൻ ചൈനയിൽ ടാങ്കുകൾ ഉപയോഗിച്ചു. ക്യൂബയിൽ മൂന്നാമത്തെ പ്രധാന കമ്യൂണിസ്റ്റ് നേതാവിനെ മയക്കുമരുന്നു കള്ളക്കടത്തിനോടനുബന്ധിച്ചു കുറ്റക്കാരനായി കാണുകയുണ്ടായി.

## ഇന്ത്യയിൽ

മേൽക്കാണിച്ച പട്ടികയിൽ ഇന്ത്യ ഉൾപ്പെടുന്നില്ല. രണ്ടു സംസ്ഥാന ഗവൺമെൻറുകളെ നയിക്കുകവഴി സി. പി. ഐ. (എം) നേടിയതായി പറയപ്പെടുന്ന വിജയമാണിതിനു കാരണം. രണ്ടിടത്തും സി. പി. ഐ. ജൂനിയർ പാർട്ണർമാരാണ്. പക്ഷേ, കഴിഞ്ഞ ഒരു ദശവർഷക്കാലമായി രണ്ടു പാർട്ടികളും സാമ്രാജ്യത്വ - പിന്തിരിപ്പൻ പാർട്ടികളുമായി കൂട്ടുകെട്ടിലാണ്. ഇന്ത്യ ഭരിക്കുന്ന ജനാധിപത്യ - സാമ്രാജ്യത്വവിരുദ്ധ ഗവൺമെൻറിനെ താഴെയിറക്കാൻ സി. പി. ഐ. (എം) കഴിഞ്ഞ കുറേക്കാലമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. പിന്നീടു കോൺഗ്രസ് (ഐ) യേയും. കമ്യൂണിസത്തെ കമ്യൂണിസ്റ്റുകാർതന്നെ വഞ്ചിക്കുകയല്ലേ ചെയ്യുന്നത്?

കമ്യൂണിസത്തിൽ പ്രതിസന്ധിയില്ലെന്നു പറയുന്നതു മടയത്തരമാണ്. പ്രത്യേകിച്ചും, അങ്ങനെയൊന്നുണ്ടെന്ന് സോവിയറ്റ് യൂണിയനിലെ കമ്യൂണിസ്റ്റ് നേതാവ് ഉച്ചത്തിൽ പ്രഖ്യാപിക്കുമ്പോൾ. അദ്ദേഹവും അദ്ദേഹത്തെപ്പോലെ ചിന്തിക്കുന്ന മറ്റു

കമ്യൂണിസ്റ്റ് നേതാക്കന്മാരും, കമ്യൂണിസ്റ്റ് വിരോധികളുമായി വിയോജിക്കുന്നത് എവിടെവച്ചാണ്?

## വിയോജിപ്പ്

അവർ - അവരിൽ ഞാൻ എന്നേയും ഉൾപ്പെടുത്തുന്നു - മൗലികമായ രണ്ടു കാര്യങ്ങളിലാണു കമ്യൂണിസ്റ്റ് വിരുദ്ധരുമായി വിയോജിക്കുന്നത്: ഒന്ന്, കമ്യൂണിസത്തിലെ പ്രതിസന്ധി, നേട്ടങ്ങളുടെ പ്രതിസന്ധികൂടിയാണ്. രണ്ട്, ഈ പ്രതിസന്ധിയിൽ നിന്നു രക്ഷപ്പെടാൻ കമ്യൂണിസത്തിന് അതിൻേറതായ മാർഗമുണ്ട്. (മുതലാളിത്തത്തിന് അതില്ലതാനും.)

ആദ്യത്തെ വാദഗതി വിശദീകരിക്കാം. മാർക്സിസത്തിന് 140 വർഷത്തെ പഴക്കമുണ്ടെങ്കിലും, മാർക്സിസത്തിൽ അടിയുറച്ച കമ്യൂണിസത്തിന് ഒരു പ്രസ്ഥാനമെന്നനിലയിൽ അതിൻെറ പകുതി പ്രായമേയുള്ളൂ. കഴിഞ്ഞ എഴുപതു വർഷങ്ങൾകൊണ്ട് ഈ കാലഘട്ടത്തിലെ ഏറ്റവും കരുത്തുറ്റ പ്രസ്ഥാനമായി അതു വളർന്നു. മനുഷ്യരാശിയുടെ ചരിത്രത്തിൽ മറ്റേതൊരു പ്രസ്ഥാനത്തേയുംകാൾ ഏറ്റവുമധികം മനുഷ്യജീവികളെ ചൂഷണത്തിൽനിന്നും മർദ്ദനത്തിൽനിന്നും രക്ഷിച്ചതു കമ്യൂണിസമത്രേ.

## നേട്ടം കാണണം

സോവിയറ്റ് യൂണിയനിലും ചൈനയിലും ക്യൂബയിലും മറ്റു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലും സംഭവിച്ച തെറ്റുകളെ മൂർച്ചയുള്ള ഭാഷയിൽ നമുക്കു വിമർശിക്കാം. പക്ഷേ, സാറിൻേറയും ചിയാങ് കൈഷേക്കിൻെറയും ബാറ്റിസ്റ്റയുടേയും കീഴിൽ ഈ രാജ്യങ്ങളിലെ ദശലക്ഷക്കണക്കിനു ജനങ്ങൾ എങ്ങനെയാണു ജീവിച്ചിരുന്നതെന്നു നമുക്കു മറക്കാൻ കഴിയുമോ? ഇന്ന് ലോകത്തിൽ ഈ രാഷ്ട്രങ്ങളൊക്കെ തല ഉയർത്തി നിൽക്കുന്നു; മനുഷ്യരുടെ ഭാവി കരുപ്പിടിപ്പിച്ചെടുക്കാൻ സഹായിക്കുന്നു. കമ്യൂണിസ്റ്റ് വിപ്ലവത്തിനുമുമ്പ് ഇവിടത്തെ ജനങ്ങൾ നിസ്സഹായതയുടേയും ഇല്ലായ്മയുടേയും ചരിത്ര സ്മാരകങ്ങളായിരുന്നുവെന്ന കാര്യം നമുക്കു വിസ്മരിക്കാൻ കഴിയുമോ?

പിക്കാസോ കമ്യൂണിസ്റ്റുകാരനായി എന്നതു വെറുമൊരു യാദൃച്ഛിക സംഭവം മാത്രമാണോ? അതുപോലെതന്നെ ലുസുൻ, ഷോഷ്റ്റക്കോവിച്ച്, ബെർ ടോൾഡ് ബ്രെച്ട്, ടാഗോർ, പ്രേംചന്ദ്, വള്ളത്തോൾ, ഭാരതി, ഇക്ബാൽ എന്നിവരും സോവിയറ്റ് യൂണിയൻെറയും കമ്യൂണിസത്തിൻെറയും സുഹൃത്തുക്കളായി സ്വയം പ്രഖ്യാപിച്ചില്ലേ? അവരും അവരേപ്പോലെയുള്ള അനേകരും വെറും വിഡ്ഢികളോ ഏജൻറുമാരോ മറ്റോ ആണെന്നു പറയാൻ കഴിയുമോ?

അധ്വാനിക്കുകയും യാതന അനുഭവിക്കുകയും കൂടുതൽ മനുഷ്യത്വപരമായ ഒരു വ്യവസ്ഥിതിക്കുവേണ്ടി പോരാടുകയും ചെയ്ത കോടിക്കണക്കിനു സ്ത്രീപുരുഷന്മാരുടെ പ്രത്യാശയും പ്രസ്ഥാനവുമായി കമ്യൂണിസം മാറിയതെപ്പോഴാണ്? കാ

> **സ്റ്റാലിനിസം അനിവാര്യമായിരുന്നില്ല. ലെനിൻ കുറച്ചുകാലംകൂടി ജീവിച്ചിരിക്കയും ബുഖാറിനെ കേന്ദ്രബിന്ദുവാക്കി പിന്തുടർച്ചയ്ക്കു നൈരന്തര്യം ഉണ്ടാക്കുകയും ചെയ്തിരുന്നെങ്കിൽ സ്ഥിതിഗതികൾ മാറിപ്പോയേനേ. പക്ഷേ, കമ്യൂണിസത്തിൻെറ നേതൃത്വം സ്റ്റാലിനിസമാണ് ഏറ്റെടുത്തത്.**

ലഘട്ടംകൊണ്ടു ചെറുതാണെങ്കിലും കമ്യൂണിസത്തിൻെറ ഇതിഹാസചരിത്രം ഹിന്ദുയിസത്തേക്കാളും ഇസ്ലാം മതത്തേക്കാളും ക്രിസ്ത്യൻ മതവിശ്വാസത്തേക്കാളും ചെറുതൊന്നുമല്ല. ആധുനിക മനുഷ്യൻെറ വിശ്വാസ പ്രമാണമാണത്. അതിനു നാശമില്ല - മേൽചൊന്ന മതങ്ങളെപ്പോലെത്തന്നെ.

തങ്ങൾ വിമോചിപ്പിച്ച അതേ രാജ്യങ്ങളോടും കമ്യൂണിസ്റ്റുകാരോടും ഇതേ കമ്യൂണിസ്റ്റ്പ്രസ്ഥാനം കടുംകൈകൾ


മോഹിത്സെൻ

ചെയ്തു. ലെനിൻ കമ്യൂണിസ്റ്റുകാരനായിരുന്നു; പോൾ പോട്ടും. ഇതെങ്ങനെ സംഭവിച്ചു?

## ക്രൂരത

തങ്ങൾ പൊരുതിയ അതേ ക്രൂരതയും പിന്നോക്കാവസ്ഥയും കമ്യൂണിസത്തേയും ഗ്രസിച്ചതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ആയിരത്തി തൊള്ളായിരത്തി പതിനേഴിലെ ഒക്ടോബർ വിപ്ലവം ദാസ്ക്യാപ്പിറ്റലിനെതിരായ വിപ്ലവമായിരുന്നു എന്നു മഹാനായ ഇറ്റാലിയൻ കമ്യൂണിസ്റ്റുകാരനായിരുന്ന ഗ്രൗസിർ എഴുതി. സോഷ്യലിസത്തിനു വേണ്ടിയുള്ള വിപ്ലവമായിരുന്നു അതെന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. മുതലാളിത്തം റഷ്യയിൽ ശക്തിയാർജിച്ചുകഴിഞ്ഞിരുന്നുമില്ല. ലെനിൻ ഇതു മനസ്സിലാക്കി. അതുകൊണ്ടാണ് അദ്ദേഹം തൻെറ പുതിയ സാമ്പത്തികനയം പ്രഖ്യാപിച്ചത്. ഒരു സോഷ്യലിസ്റ്റ് രാജ്യത്തിൽ സോഷ്യലിസത്തിനാവശ്യമായ മുൻ ഉപാധികൾ സൃഷ്ടിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. വൈരുദ്ധ്യാധിഷ്ഠിതം എന്ന മാർക്സിസ്റ്റ് സിദ്ധാന്തത്തെപ്പോലെ യുക്തിവാദപരവും അംഗീകൃതാഭിപ്രായത്തിനു വിരുദ്ധവും ആയിരുന്നു അത്.

ഈ പദ്ധതി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞതിനുശേഷം വെറും മൂന്നു കൊല്ലം മാത്രമേ ലെനിൻ ജീവിച്ചിരുന്നുള്ളൂ എന്നതാണു ഖേദകരമായ വസ്തുത. ഒരു ദശകത്തിനകം സ്റ്റാലിനിസം സമ്പൂർണാധിപത്യം ചെലുത്തുകയും ചെയ്തു. സ്റ്റാലിന് ഇതൊക്കെ ചെയ്യാൻ കഴിഞ്ഞു എന്നതും അതിനുശേഷം ദശകങ്ങളോളം അദ്ദേഹത്തിനു ഭരിക്കാൻ സാധിച്ചു എന്നതും കാണിക്കുന്നത്, പിന്നോക്കാവസ്ഥയ്ക്കു ചൂഷണം ചെയ്യാൻ കഴിയുന്ന ദൗർബല്യങ്ങൾ കമ്യൂണിസത്തിനുണ്ടായിരുന്നു എന്നാണ്. തന്നെ ധിക്കരിച്ചതിനു മാർക്സ് ചരിത്രത്തെ ശിക്ഷിച്ചു. ദാസ് ക്യാപിറ്റൽ പകരംവീട്ടി.

## സ്റ്റാലിനിസം

ഇങ്ങനെയൊന്നും സംഭവിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. സ്റ്റാലിനിസം അനിവാര്യവുമായിരുന്നില്ല. ലെനിൻ കുറച്ചുകാലംകൂടി ജീവിച്ചിരിക്കുകയും ബുഖാറിനെ കേന്ദ്ര ബിന്ദുവാക്കി പിന്തുടർച്ചയ്ക്കു നൈരന്തര്യം ഉണ്ടാക്കുകയും ചെയ്തിരുന്നെങ്കിൽ സ്ഥിതിഗതികൾ മൗലികമായിത്തന്നെ മാറിപ്പോയേനെ. പക്ഷേ, കമ്യൂണിസത്തിൻെറ നേതൃത്വം സ്റ്റാലിനിസമാണ് ഏറ്റെടുത്തത്. രണ്ടാമത്തെ സോവിയറ്റ് വിപ്ലവത്തിലൂടെ - പെരിസ്ട്രോയിക്കയിലൂടെ - ഇപ്പോഴാണു സ്റ്റാലിനിസം നേതൃനിരയിൽനിന്നു പുറത്താക്കപ്പെടുന്നത്.

വസ്തുനിഷ്ഠമായ ചരിത്രപ്രക്രിയയുടെ അടിസ്ഥാനത്തിൽ, കമ്യൂണിസ്റ്റ്പ്രസ്ഥാനം കമ്യൂണിസത്തിൻെറ ശത്രുക്കളെ നേരിട്ടുകൊണ്ടിരിക്കുന്നു. കമ്യൂണിസ്റ്റുകാർ പ്രതീക്ഷിച്ചിരുന്നതിലും എത്രയോ അധികം കാലം മുതലാളിത്തം നിലനിന്നു. കരുതിയതിലും എത്രയോ നന്നായി അതു സ്വയം രൂപപ്പെട്ടുനിന്നു. പക്ഷേ, മുതലാളിത്ത

ത്തിന് അതിന്റെ വൈരുദ്ധ്യങ്ങളെ അതിജീവിക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം നഷ്ടപ്പെട്ട ചരിത്രപ്രതാപം വീണ്ടെടുക്കാനും മുതലാളിത്തത്തിനു സാധിച്ചില്ല.

## അതിജീവിക്കും

മുതലാളിത്തത്തിന്റെ സാങ്കേതികവിദ്യയും ചില ടെക്നിക്കുകളും സോഷ്യലിസത്തിന് ആവശ്യമുണ്ട്. പക്ഷേ, ചരിത്രത്തിന് അവയൊന്നുംതന്നെ വേണ്ട. അതിന്റെ കാലം കഴിഞ്ഞു. വസ്തുനിഷ്ഠമായ ഈ ചരിത്രപ്രക്രിയയാണു കമ്യൂണിസത്തിന്റെ വിജയത്തിന്റെ അടിസ്ഥാനം. ഇതേ അടിസ്ഥാനത്തിലാണു കമ്യൂണിസം അതിന്റെ പ്രതിസന്ധിയേയും അതിജീവിക്കുക.

ലോകമെങ്ങുമുള്ള ഏറ്റവും നല്ല മനസ്സുകളും ധീരമായ ഹൃദയങ്ങളും ചരിത്രത്തെ മനസിലാക്കുകയും പ്രസ്ഥാനത്തിന്റെ മുൻനിരയിൽത്തന്നെ നിൽക്കാൻ തീരുമാനിക്കുകയും ചെയ്തത്, കമ്യൂണിസത്തിന്റെ വിജയത്തിനുള്ള കാരണങ്ങളിലൊന്നാണ്. ചരിത്രത്തിന്റെ ആഹ്വാനത്തിനു പ്രതികരണമുണ്ടാവാതെ വരില്ല.

കമ്യൂണിസവും മുതലാളിത്തവും തമ്മിലുള്ള വൈരുദ്ധ്യത്തോടൊപ്പം തന്നെ, കമ്യൂണിസത്തിനകത്തുള്ള വൈരുദ്ധ്യവും ഉണ്ടായിരുന്നു. സ്റ്റാലിനിസവുമായുള്ള വൈരുദ്ധ്യമായിരുന്നു, അത്.

സ്റ്റാലിനിസ്റ്റ് തിയറിയുടെ പ്രധാന സവിശേഷതകൾ ഇവയാണ്:

— സോഷ്യലിസത്തിനുവേണ്ടിയുള്ള പോരാട്ടത്തിനു നേതൃത്വം നൽകുകയും സോഷ്യലിസം കെട്ടിപ്പടുക്കുകയും ചെയ്യാൻ കമ്യൂണിസ്റ്റുകാർക്കു മാത്രമേ കഴിയൂ. ഈ നേതൃത്വം അംഗീകരിക്കാൻ തയാറുള്ളവർക്കേ ഇതിൽ പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുകയുള്ളൂ.

— കമൂണിസ്റ്റുകാരുടെ നേതൃത്വം അംഗീകരിച്ചാൽ മാത്രമേ ജനങ്ങൾക്കു ചരിത്രം സൃഷ്ടിക്കാൻ സാധിക്കൂ. അതായത്, ജനങ്ങൾക്കുവേണ്ടി ചരിത്രം സൃഷ്ടിക്കാൻ കമ്യൂണിസ്റ്റുകാർക്കു കഴിയും.

— സോവിയറ്റ് വിപ്ലവവും, സോവിയറ്റ് യൂണിയനിൽ സോഷ്യലിസം കെട്ടിപ്പടുക്കാൻ സ്റ്റാലിൻ സ്വീകരിച്ച മാർഗവും സാർവദേശീയമാണ്. ഇവയിൽനിന്നുള്ള വ്യതിചലനം, ശത്രുവിനു കീഴടങ്ങുന്നതിനു തുല്യമത്രേ.

— കമ്യൂണിസം മുന്നോട്ടു പോകുംതോറും ശക്തികളുടെ ധ്രുവീകരണം നടക്കും. ശത്രുക്കൾ വർധിക്കും. മധ്യമാർഗക്കാരായിരിക്കും മുഖ്യ ശത്രുക്കൾ.

— വ്യത്യസ്താഭിപ്രായങ്ങളുള്ള പാർട്ടി അംഗങ്ങൾ നേതൃത്വത്തോട് അനുസരണയുള്ളവരായാൽ മാത്രമേ കമ്യൂണിസ്റ്റ് പാർട്ടി പൂർണത പ്രാപിക്കുകയുള്ളൂ.

— കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ്, അതായതു സ്റ്റാലിൻ; അദ്ദേഹം അംഗീകരിച്ച മറ്റു നേതാക്കൾ എന്നിവർക്കായിരിക്കും സത്യത്തിന്റെ കുത്തക. രാഷ്ട്രീയവും ജീവശാസ്ത്രവും മുതൽ സിനിമവരെ എല്ലാ കാര്യങ്ങളിലുമുള്ള തന്ത്രപരമായ അറിവിന്റെ കുത്തകയും അവർക്കു തന്നെ. ഇക്കാര്യം എല്ലാവരും അംഗീകരിച്ചേ തീരൂ.

— നേതാവിനോടു വിധേയത്വമുണ്ടെങ്കിൽ ധാർമിക മര്യാദകളെ ഉല്ലംഘിക്കുന്ന ഏതു പ്രവൃത്തിയും നീതീകരിക്കപ്പെടും.

## ദുഷ്ക്കരമായ പാത

കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനകത്തു സ്റ്റാലിനിസവും കമ്യൂണിസവും തമ്മിൽ 1929 മുതൽ വൈരുദ്ധ്യമുണ്ടായിരുന്നു. ആയിരത്തി തൊള്ളായിരത്തിഅൻപത്തിമൂന്നുവരെ സ്റ്റാലിനിസം അധീശശക്തിയായി നിലനിന്നു. കമ്യൂണിസത്തിന്റെ വളർച്ച അന്നു മുതൽ മന്ദഗതിയിലായി. പെരിസ്ട്രോയിക്കയുടെ ആവിർഭാവത്തോടെ അതിന്റെ വിജയസാധ്യത ചക്രവാളത്തിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. എങ്കിലും, വിജയത്തിലേക്കുള്ള പാത ദീർഘവും ദുഷ്ക്കരവുമായിരിക്കും. പ്രത്യേകിച്ചും; പല കമ്യൂണിസ്റ്റുകാർക്കും സ്റ്റാലിനിസം എന്നുവച്ചാൽ കമ്യൂണിസം എന്ന ധാരണയുള്ളപ്പോൾ.

**കമ്യൂണിസവും മുതലാളിത്തവും തമ്മിലുള്ള വൈരുധ്യത്തോടൊപ്പംതന്നെ, കമ്യൂണിസത്തിനകത്തുള്ള വൈരുധ്യവും ഉണ്ടായിരുന്നു. സ്റ്റാലിനിസവുമായുള്ള വൈരുധ്യമായിരുന്നു, അത്. ഈ പ്രതിസന്ധിയിൽ നിന്നു പുറത്തുകടക്കാൻ കമ്യൂണിസ്റ്റുകാർക്കു മറ്റു സുഹൃത്തുക്കളുടെ സഹായം അത്യന്താപേക്ഷിതമാണ്.**

മാർക്സ്, എംഗൽസ്, ലെനിൻ എന്നിവരുടെ കമ്യൂണിസത്തിലുള്ള വിശ്വാസം ആവർത്തിച്ചുറപ്പിക്കുകയും അതിനെ ധീരവും സർഗപരവുമായ മാർഗങ്ങളിലൂടെ വികസിപ്പിച്ചെടുക്കുകയും ചെയ്യണം. കമ്യൂണിസത്തിലെ പ്രതിസന്ധിയെ അതിജീവിക്കാനുള്ള കമ്യൂണിസ്റ്റ് മാർഗം ഇതാണ്. കമ്യൂണിസത്തെ തിരുത്തുകയും പുതുക്കുകയും മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യാനുള്ള ശ്രമം ലെനിന്റെ പാർട്ടിയുടെ നേതാവാണു നടത്തുന്നത് എന്നതു യാദൃച്ഛിക സംഭവമല്ല. എന്നാൽ, തങ്ങൾ നേരിടുന്ന പ്രതിസന്ധിയിൽനിന്നു പുറത്തു കടക്കാൻ കമ്യൂണിസ്റ്റുകാർക്കു തനിച്ചു സാധിക്കുകയില്ല. വിശ്വാസത്തിലും രാഷ്ട്രീയത്തിലും തങ്ങളിൽനിന്നു വ്യത്യസ്തവീക്ഷണം പുലർത്തുന്ന സുഹൃത്തുക്കളുടെ സഹായം അവർക്കു വേണ്ടിവരും. ചൂഷണവും അന്യവൽക്കരണവും ഇല്ലായ്മചെയ്യുകയെന്ന ആത്യന്തികലക്ഷ്യം ശരിവയ്ക്കുന്നവരായിരിക്കും ഈ സ്നേഹിതന്മാർ.

## സഹായം വേണം


ഇതുകൊണ്ടാണു പെരിസ്ട്രോയിക്ക കമ്യൂണിസ്റ്റ് പുനരുത്ഥാനത്തോടൊപ്പം സംഭവിക്കുന്നത്. സാർവദേശീയ താല്പര്യങ്ങളും മാനുഷിക മൂല്യങ്ങളും വർഗതാല്പര്യങ്ങൾക്കും മൂല്യങ്ങൾക്കുമുപരിയായി കാണേണ്ടതിന്റെ ആവശ്യകതയും അത് ഊന്നിപ്പറയുന്നു. കമ്യൂണിസ്റ്റുകാർക്ക് ഇക്കാര്യത്തിൽ സഹായം ആവശ്യമാണ്. കമ്യൂണിസ്റ്റുകാരെ സഹായിക്കേണ്ടതു സ്വന്തം താല്പര്യത്തിനുതന്നെ ആവശ്യമാണെന്നു മാനവീയതയെ സ്നേഹിക്കുന്നവരെല്ലാംതന്നെ സമ്മതിക്കും. കമ്യൂണിസ്റ്റുകാരുടെ സഹായം കൂടാതെ ലോകത്തെ മനുഷ്യത്വപരമായി മാറ്റുകയോ രക്ഷിക്കുകയോ ചെയ്യാൻ കഴിയില്ല.

## ഭാരതീയത

1934 - 1947 കാലഘട്ടത്തിൽ സി. പി. ഐ. യുടെ ജനറൽ സെക്രട്ടറിയും അക്കാലത്തെ മഹാന്മാരായ കമ്യൂണിസ്റ്റുകാരിൽ ഒരാളുമായിരുന്ന പരേതനായ പി. സി. ജോഷി ഇന്ത്യയെപ്പറ്റി നടത്തിയ ഒരു അഭിപ്രായ പ്രകടനത്തോടെ ഞാൻ വിരമിക്കാം. ഇന്ത്യൻ നാഗരികതയുടെ അന്തസ്സത്ത ഉൾക്കൊണ്ടു സ്വയം ശുദ്ധീകരിച്ചാൽ മാത്രമേ കമ്യൂണിസത്തിന് അതിന്റെ സ്വത്വം കണ്ടെത്താൻ കഴിയൂ എന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്.

കമ്യൂണിസത്തെ സ്റ്റാലിനിസത്തിൽനിന്നു വിമോചിപ്പിക്കാൻ പ്രവർത്തിക്കുന്നവരെ നയിക്കേണ്ടത് ഈ വീക്ഷണമായിരിക്കണം. മുതലാളിത്തത്തിലേക്കു പിൻവാങ്ങിക്കൊണ്ടല്ല, മനുഷ്യത്വത്തിലേക്കു മുന്നേറിക്കൊണ്ടാണു കമ്യൂണിസത്തിന് അതിന്റെ സ്വത്വം വീണ്ടെടുക്കാൻ കഴിയുക.

ഠ



# എൻ.വി: ആധുനിക കേരളത്തിന്റെ ആചാര്യൻ

**ടി. കെ. ജി. നായർ**

**ഈയിടെ അന്തരിച്ച ഡോ. എൻ. വി. കൃഷ്ണവാരിയർ അത്യപൂർവമായ ഒരു ബഹുമുഖ പ്രതിഭയായിരുന്നു. കവി, വിമർശകൻ, ചിന്തകൻ, ബഹുഭാഷാപണ്ഡിതൻ, പത്രപ്രവർത്തകൻ. ബുദ്ധിയുടെയും മനസ്സിൻെറയും സിദ്ധികൾ ഇത്ര സമഞ്ജസമായി സമ്മേളിച്ച പ്രതിഭകൾ തുലോം വിരളമാണ്. ഭാഷയ്ക്കും സാഹിത്യത്തിനും എൻ. വി. നൽകിയ അമൂല്യസംഭാവനകൾ ഹ്രസ്വമായി അനുസ്മരിക്കുകയാണ് ഈ ലേഖനത്തിൽ.**

"സ്നേഹിച്ചിടുന്നു മനുഷ്യവർഗത്തെ ഞാൻ,
സ്നേഹിച്ചിടുന്നു മനുഷ്യധർമ്മത്തെ ഞാൻ,
സ്നേഹിച്ചിടുന്നു ഞാനുള്ളുണർന്നെപ്പൊഴും
സ്നേഹത്തെ,യുൺമയെ, നന്മയെ, ച്ചെമ്മയെ".

ഒരു മാനിഫെസ്റ്റോയുടെ മട്ടിൽ ഇങ്ങനെ എഴുതിവിടാൻ മറ്റുപലരും ശ്രമിച്ചിട്ടുണ്ട്.

"സ്നേഹിക്കയില്ല ഞാൻ, നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും"

എന്ന വയലാറിൻെറ വിശ്രുതമായ വരികൾ നമുക്കൊക്കെ ഓർമ്മയുണ്ടല്ലോ. പക്ഷേ, എൻ. വി. കൃഷ്ണവാരിയരുടെ 'മാനിഫെസ്റ്റോ'യുടെ മർമ്മം, അവസാനത്തെ ഈരടിയിലുള്ള "ഉള്ളുണർന്നെപ്പൊഴും" എന്ന പ്രയോഗത്തിലടങ്ങിയിരിക്കുന്നു. സുചിന്തിതമായി, അനുഭവങ്ങളുടെയും ആർജ്ജിതവിജ്ഞാനത്തിൻെറയും അടിസ്ഥാനത്തിൽ ജീവിതത്തോടു പ്രതികരിച്ച സംസ്കൃതചിത്തനായ മനുഷ്യസ്നേഹിയായിരുന്നു എൻ. വി.

എൻ. വി. കൃഷ്ണവാരിയരെ, കവി

ന്ന നിലയ്ക്കോ, ബഹുഭാഷാപണ്ഡിത നെന്ന നിലയ്ക്കോ, പത്രപ്രവർത്തനരംഗ ത്തെ വഴികാട്ടിയെന്ന നിലയ്ക്കോ വിലയി രുത്താൻ, ആ ബഹുമുഖപ്രതിഭൻെറ വേർ പാടുളവാക്കിയ തേങ്ങൽ അടങ്ങിക്കഴിഞ്ഞി ട്ടില്ലാത്ത ഈ ഘട്ടത്തിൽ ഞാൻ മുതിരുന്നി ല്ല. കാരണം, അതിനുള്ള കഴിവോ അർഹത യോ എനിക്കില്ല എന്നതുതന്നെ. അദ്ദേഹ ത്തിൻെറ സംഭാവനകൾ കാലത്തിൻെറ മൂ ശയിലുരുകിത്തിളങ്ങുമ്പോഴേ അവയുടെ യഥാർത്ഥമൂല്യം നിശ്ചയിക്കാനാവൂ എന്ന സത്യവും അവശേഷിക്കുന്നു.

പക്ഷേ, അരനൂറ്റാണ്ടുമുമ്പ്, മദ്ധ്യകേരള ത്തിലെ ഒരു ഗ്രാമത്തിൽ, ഫ്യൂഡൽചുറ്റുപാ ടുകളിൽ, സാമ്പത്തികപരാധീനതകളുടെ നടുവിൽ ബാല്യം പിന്നിട്ടശേഷം സാമൂഹി കസാംസ്കാരിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു പൊതുജീവിതമാരംഭിച്ച എൻ. വി. യെ ആധുനികകേരളത്തിൻെറ മഹാചാ ര്യന്മാരിലൊരാളായി അംഗീകരിക്കാൻ ആർ ക്കും വൈമനസ്യമുണ്ടാവേണ്ടതില്ല. സ്കൂ ളുകളിലും കലാലയങ്ങളിലും സംസ്കൃത വും മലയാളവും പഠിപ്പിച്ചതുകൊണ്ടല്ല അദ്ദേഹം ഗുരുവര്യനായത്.

തൻെറ കർമ്മമണ്ഡലത്തിൽ തന്നോടിട പെട്ടവർക്കെല്ലാം പുതിയ അറിവുകളദ്ദേഹം പ്രദാനം ചെയ്തു. ശാസ്ത്രത്തിൻെറയും ചരിത്രത്തിൻെറയും ഈടുവയ്പുകളിൽ ആണ്ടിറങ്ങി മുങ്ങിത്തപ്പി കണ്ടെടുത്ത രത് നങ്ങൾ തൻെറ കൃതികളിലും പ്രഭാഷണ ങ്ങളിലും എടുത്തുനിരത്തി.

**അര നൂറ്റാണ്ടു മുൻപു മധ്യകേരളത്തിലെ ഒരു ഗ്രാമത്തിൽ, ഫ്യൂഡൽ ചുറ്റുപാടുകളിൽ സാമ്പത്തിക പരാധീനതകളുടെ നടുവിൽ ബാല്യം പിന്നിട്ടശേഷം, സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു പൊതുജീവിത മാരംഭിച്ച എൻ. വി. യെ ആധുനിക കേരളത്തിൻെറ മഹാചാര്യന്മാരിൽ ഒരാളായി അംഗീകരിക്കാൻ ആർക്കും വൈമനസ്യമുണ്ടാവേണ്ടതില്ല.**

## കടപ്പാട്

മലയാളസാഹിത്യവേദിയിൽ പ്രമാണിമാ രായി വർത്തിക്കുന്നവരടക്കം, ഷഷ്ടിപൂർ ത്തിക്കുതാഴെ പ്രായമെത്തിനിൽക്കുന്ന എഴുത്തുകാരിൽ എൻ. വിയോടു കടപ്പാടു ണ്ടെന്നു സമ്മതിക്കേണ്ടതില്ലാത്തവരായി ആരെങ്കിലുമുണ്ടോ? കൊല്ലങ്ങൾക്കുമുമ്പു കോഴിക്കോട്ടെ മാതൃഭൂമി പത്രം ഓഫീസിൽ നിന്നും, അടുത്തകാലത്ത് കൊല്ലത്തെ കു ങ്കുമം ഓഫീസിൽനിന്നും, "താങ്കളുടെ ലേ ഖനം/കഥ/കവിത കിട്ടി. നന്നായിരിക്കുന്നു. വാരികയിൽ ചേർക്കുന്നുണ്ട് " എന്ന എൻ. വിയുടെ കൈപ്പടയിലുള്ള വരികളെഴുതിയ കാർഡ് കിട്ടാത്തവർ അക്കൂട്ടത്തിലുണ്ടാവാ നിടയില്ല.

തങ്ങളുടെ കൈക്കുറ്റപ്പാടുകളിൽ, എൻ. വി. നടത്തിയ തിരുത്തലുകളുടെ ശോഭ അവരോരുത്തരുടെയും മനസ്സിലുണ്ടാവും. എൻ. വി. യെക്കാൾ ആറേഴുകൊല്ലം പ്രായ ക്കൂടുതലുള്ള ബാലാമണിയമ്മപോലും, തൻെറ കവിതയ്ക്ക് ഒന്നോരണ്ടോ വാക്കു മാറ്റി പ്രതിഷ്ഠിച്ച് എൻ. വി. നൽകിയ അദ് ഭുതകരമായ തിളക്കത്തെപ്പറ്റി എത്ര ആദര വോടെയാണെഴുതിയിട്ടുള്ളത്!

എൻ. വി. കവിതയെഴുതുക മാത്രമല്ല ചെയ്തത്. തൻെറ ഓരോ കവിതയും ഒരു മഹാസംഭവമാക്കുന്നതിൽ വിജയിക്കുകയു മുണ്ടായി. അദ്ദേഹം കവിതയിൽ പുതിയ പരീക്ഷണങ്ങൾ നടത്തി. അതേസമയം, പരീക്ഷണങ്ങൾക്കുവേണ്ടിമാത്രം നട ത്തുന്ന പരീക്ഷണങ്ങളെ നിരുൽസാഹപ്പെ ടുത്താൻ മടിച്ചതുമില്ല. "ഏതു പരീക്ഷണ വും ജീവിതത്തിനിണങ്ങിയതാവണം; ജീവി തത്തിൻെറ പ്രതിഫലനവും വിമർശനവുമാ ണു കലയ്ക്കു മാറ്റുകൂട്ടുന്നത്. അതിൽ നിന്ന് ഒളിച്ചോടാനുള്ള വെമ്പലായി പരീ ക്ഷണം അധഃപതിക്കുമ്പോൾ കവിതയും സാഹിത്യവുമെല്ലാം അർത്ഥശൂന്യവും അപ്രസക്തവുമായിത്തീരുന്നു."— നാലു പതിറ്റാണ്ടിനുമുമ്പേതന്നെ എൻ. വി. പറഞ്ഞുവച്ചു.

## മനുഷ്യത്വം

എൻ. വി. യുടെ വിമർശനഭാവം പലപ്പോ ഴും കർക്കശമായിരുന്നുവെന്ന് അദ്ദേഹത്തി



ടി. കെ. ജി. നായർ

ൻെറ കവിതകളും ലേഖനങ്ങളും മുഖപ്ര സംഗങ്ങളും അവതാരികകളും വായിച്ചിട്ടു ള്ളവർക്കു തോന്നാം. പക്ഷേ, മനുഷ്യ ത്വത്തെ അതിൻെറ അതിവിസ്തൃതമായ പശ്ചാത്തലത്തിൽ കണ്ടറിഞ്ഞ്, അതിൻെറ ചൈതന്യം ഹൃദയത്തിൽ ഏറ്റുവാങ്ങിയ എൻ. വി. വിശ്വമാനവികതയുടെ പതാകാ വാഹകനായിരുന്നു എന്നും.

"എങ്ങു മനുഷ്യനു ചങ്ങല കൈകളി-
ലങ്ങെൻ കയ്യുകൾ നൊന്തീടുകയാ-
ണെങ്ങോ മർദ്ദന,മവിടെ പ്രഹരം
വീഴുവതെൻെറ പുറത്താകുന്നു."

എന്നെഴുതാൻ എൻ.വി.ക്കല്ലാതെ മറ്റാർ ക്കെങ്കിലും കഴിയുമായിരുന്നോ എന്നത് ഉത്തരം കിട്ടാനിടയില്ലാത്ത ചോദ്യമാണ്.

## ഭാഷാപ്രാവീണ്യം

പതിനെട്ടുഭാഷകൾ കൈകാര്യം ചെ യ്യാൻ എൻ.വി.ക്കു പ്രയാസമുണ്ടായിരുന്നി ല്ല. സംസ്കൃതവും ഇംഗ്ലീഷുമുൾപ്പെടെ പല ഭാഷകളിലും അസാമാന്യപാണ്ഡിത്യം നേ ടിയിരുന്നു അദ്ദേഹം. ഭാഷാപോഷിണി യിൽ കഴിഞ്ഞകൊല്ലം ഏതാണ്ടിക്കാലത്ത് "എൻ.വി.യുടെ വിമർശനസങ്കല്പവും സാ ഹിത്യവിമർശനവും" എന്ന ശീർഷകത്തി ലെഴുതിയ ലേഖനത്തിൽ എം.എസ്. മേ നോൻ എടുത്തുകാട്ടിയതു പകർത്തട്ടെ: "പാരമ്പര്യസമ്പ്രദായത്തിൽ സംസ്കൃതാഭ്യ സനം നേടിയ എൻ.വി., ആധുനികരീതി യിൽ രൂപപ്പെടുത്തിയെടുത്ത വിദ്യാഭ്യാ സസ്ഥാപനങ്ങളിലൊന്നും പഠിക്കാതെത ന്നെ ആധുനികവിജ്ഞാനത്തിൻെറ നല്ല

വശങ്ങളെല്ലാം സ്വാധീനമാക്കി. ക്ലാസിക്കലെന്നും മോഡേൺ എന്നും മറ്റും അതിർവരമ്പുകളിട്ടു വേറെ വേറെ നിർത്തിയിട്ടുള്ള വിദ്യാഭ്യാസത്തിന്റെയും സാഹിത്യത്തിന്റെയും വിജ്ഞാനത്തിന്റെയുമെല്ലാം മേഖലകളിൽ മാറിമാറി വിഹരിക്കുന്ന ഒരു പ്രതിഭയാണ് അദ്ദേഹത്തിന്റേത്. മഹാഭാഷ്യവും അഷ്ടാധ്യായിയും ഭട്ടികാവ്യവും നൈഷധീയചരിതവുംപോലെതന്നെ സോഷ്യലിസവും കമ്യൂണിസവും ആധുനിക ശാസ്ത്രവിജ്ഞാനവും എൻ. വി.യുടെ മനസ്സിൽ സഹവർത്തിത്വത്തോടെ പ്രവർത്തിക്കുന്നത് അതുകൊണ്ടാണ്. ഈ വിഷയത്തിൽ അദ്ദേഹം ഒരു 'അനന്വയ'മാണ്."

## ക്രാന്തദർശി

ആസൂത്രിതമായി ഏതു മണ്ഡലത്തിലും വികസനം സാധ്യമാണെന്നു ചിന്തിച്ച ക്രാന്തദർശികളിലൊരാളായിരുന്നു എൻ. വി. വിദ്യാഭ്യാസപരിഷ്കരണം, ഭാഷാവികസനം, പത്രപ്രവർത്തനത്തിന്റെ ആധുനികവൽക്കരണം, സാഹിത്യചക്രവാളങ്ങൾ വിപുലീകരിക്കൽ— എല്ലാറ്റിനും സമയബന്ധിതമായ പദ്ധതികളാവാമെന്നതായിരുന്നു എൻ. വി.യുടെ സമീപനം. സാക്ഷരതയുടെ പ്രാധാന്യംതൊട്ട് ഉന്നതവിദ്യാഭ്യാസത്തിനു കാലഘട്ടത്തോടുത്തരവാദപ്പെട്ട ഉള്ളടക്കമുണ്ടാവേണ്ടതിന്റെ ആവശ്യകതവരെയുള്ള സമസ്തവിഷയങ്ങളും തന്റെ വിദ്യാഭ്യാസ ചിന്തകളിൽ അദ്ദേഹം ഉൾപ്പെടുത്തി.

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനു നേതൃത്വം നൽകിയ കാലത്ത് ശാസ്ത്രഗ്രന്ഥരചനയ്ക്ക് അദ്ദേഹം നൽകിയ ലക്ഷ്യബോധത്തോടുകൂടിയ ഊന്നൽ എടുത്തുപറയേണ്ടതുണ്ട്. ശാസ്ത്ര-സാങ്കേതികകാര്യങ്ങളെക്കുറിച്ചു പ്രതിപാദിക്കാനുള്ള കഴിവുപോലും മലയാളഭാഷയ്ക്കില്ലെന്നു വാദിച്ചുറപ്പിക്കാൻ നിന്നവരെ അമ്പരപ്പിക്കുമാറാണ് ഈ ഗ്രന്ഥങ്ങളത്രയും പുറത്തുവന്നത്.

## ലിപി, അച്ചടി

അച്ചടിയുടെയും ലിപിയുടെയും പരിഷ്കരണത്തിനു യാഥാർത്ഥ്യബോധത്തോടുകൂടിയ നിർദ്ദേശങ്ങൾ എൻ. വി. ഉന്നയിച്ചു. ഇലക്ട്രോണിക്-കംപ്യൂട്ടർ യുഗത്തിന്റെ സാദ്ധ്യതകൾ, ഇന്ത്യയിലെ പത്രങ്ങളുടെ തലയിൽ ഓർക്കാപ്പുറത്തു പൊട്ടിവീഴുന്നതിനു തൊട്ടുമുമ്പുള്ള വർഷങ്ങളിൽ വഴിമുട്ടിനിൽക്കുന്ന പത്രങ്ങൾക്കു പ്രത്യാശയുടെ വെളിച്ചംകാട്ടിയ നിർദ്ദേശങ്ങൾ എൻ.വി.യും സമാനമനസ്കരും രൂപം നൽകിയവയായിരുന്നുവെന്നത് അനിഷേധ്യമായ വസ്തുതയാണ്.

പത്രഭാഷയെപ്പറ്റിയും പത്രങ്ങളുടെ ഉള്ളടക്കത്തെപ്പറ്റിയും എൻ.വി.ക്കു കരുത്തുറ്റ അഭിപ്രായങ്ങളുണ്ടായിരുന്നു. ധാർമ്മികമൂല്യങ്ങളിൽനിന്നു പത്രങ്ങൾ അകന്നകന്നു പോകുന്നതിനെതിരേ അദ്ദേഹം മുന്നറിയിപ്പു നൽകി.

പത്രപ്രവർത്തകരെ പരിശീലിപ്പിക്കാനും, മാധ്യമമേഖലയിലെ നൂതനപ്രവണതകളെപ്പറ്റി പഠിക്കാനും, ഗവേഷണപ്രവർത്തനങ്ങൾ നടത്താനുമായി കേരളത്തിൽ പത്തുകൊല്ലംമുമ്പ് ഒരു പ്രസ് അക്കാദമി രൂപവൽകൃതമായപ്പോൾ അതിനൊരു പരിപ്രേക്ഷ്യാധിഷ്ഠിതമായ കർമ്മപദ്ധതി തയ്യാറാക്കിയത് എൻ.വി.യാണ്. പിന്നീട് ആറുകൊല്ലക്കാലം ആ സ്ഥാപനത്തിന്റെ അധ്യക്ഷസ്ഥാനത്തു വർത്തിച്ച എന്നെ സംബന്ധിച്ചിടത്തോളം, എത്ര തെളിഞ്ഞ ഉൾക്കാഴ്ചയെയാണ് ആ പദ്ധതി പ്രതിഫലിപ്പിക്കുന്നതെന്നതിനെപ്പറ്റി സംശയമേയില്ല. അക്കാദമി ഇപ്പോഴും നടപ്പാക്കുന്ന പരിപാടികളുടെയെല്ലാം ഉറവിടം ആ പദ്ധതിയാണെന്നു സമ്മതിക്കാനെനിക്കു മടിയുമില്ല.

## സാർവഭൗമൻ

ഏതെല്ലാം വിഷയങ്ങളാണ് ആ തൂലികത്തുമ്പിൽ വിടർന്നത്! അദ്ദേഹത്തിന്റെ മനസ്സും ബുദ്ധിയും വ്യാപരിക്കാത്ത മേഖലകളില്ലായിരുന്നു. അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടികളുടെ വൈപുല്യം ഏതു ബുദ്ധിമല്ലനെയും നടുക്കും. പക്ഷേ, ഏറെക്കുറെ നിസ്സംഗമായ വിനീതഭാവത്തോടെ അതിലൊന്നും അത്ര ഊറ്റംകൊള്ളാനില്ലെന്ന മട്ടിൽ അദ്ദേഹം ജീവിച്ചു.

അന്ധവിശ്വാസങ്ങളുടെ കറുത്ത മൂടുപടം തകർത്തെറിയാൻ ശാസ്ത്രവിജ്ഞാനത്തിന്റെ ഗദ ചുഴറ്റിയ ആ യോദ്ധാവ്, ഭാരതത്തിന്റെ സഞ്ചിതസംസ്കാരശക്തിയിൽ വിശ്വസിച്ചു. സൂര്യനും വെളിച്ചവും ദൈവവും മനുഷ്യത്വവും മരവിക്കുന്ന നൂതനപരിഷ്കാരസാഹചര്യങ്ങളിൽ യുഗചേതനയുടെ കൈപ്പന്തത്തിൽനിന്നു ചൂടു പകർന്നുനൽകാൻ ആർഷസംസ്കാരത്തിനേ കഴിയൂ എന്നദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരുന്നു.

## ഒരു കവിത

ഒരു ദശാബ്ദംമുമ്പ്, ഭാഷാപോഷിണിയിൽ പ്രസിദ്ധീകൃതമായ ഒരു കവിതയിൽനിന്ന്:

സൂര്യൻ ഉദിച്ചതു കിഴക്കായിരുന്നു;
വെളിച്ചംവന്നതു കിഴക്കുനിന്നായിരുന്നു;
കിഴക്കൻകാറ്റുകൾ പടിഞ്ഞാറൻ
കാറ്റുകളെ കീഴടക്കിയിരുന്നു.
പക്ഷേ, ലക്ഷങ്ങളും കോടികളും
ഒഴുകുന്നത്
പടിഞ്ഞാറുനിന്നാണ്.
പദവിയും പ്രമാണിത്തവും പടിഞ്ഞാറു
പൊട്ടിവിടരുന്നു
അതിനാൽ ഞങ്ങൾ പടിഞ്ഞാട്ടുപോകുന്നു.
പടിഞ്ഞാട്ടുപോകാൻ പറ്റാത്തവർ
പോകുന്നതിനെപ്പറ്റി സ്വപ്നം കാണുന്നു;
അതിനുവേണ്ടി സാഹസങ്ങൾ ചെയ്യുന്നു
.................
സൂര്യനിൽ മരിച്ചതു കിഴക്ക് ആയിരുന്നു
കിഴക്കിന്റെ ജയക്കാറ്റുകളായിരുന്നു.
............
ഞങ്ങൾക്ക് എല്ലാമുണ്ട്;
ഒന്നുമാത്രമില്ല—
ഞങ്ങളുടെ സൂര്യൻ;
ഞങ്ങളുടെ സൂര്യൻ മരിച്ചിരിക്കുന്നു.

(സൂര്യന്റെ മരണം- ഭാഷാപോഷിണി 1979 ഡിസംബർ- 1980 ജനുവരി ലക്കം).

## ജീവിതം, മരണം

പ്രിയപ്പെട്ട എൻ.വി.,

അങ്ങയുടെ മരണം ഉളവാക്കുന്ന നിസ്സഹായതാബോധത്തിലും, മരണത്തെക്കാൾ മഹത്താണു കർമ്മനിരതമായ ജീവിതമെന്ന് അങ്ങ് ഒരവസരത്തിൽ അല്പം രോഷത്തോടുകൂടി വിഷാദാത്മകവേഷംകെട്ടി നടന്ന ഒരു യുവകവിയോടു പറഞ്ഞതു ഞാൻ ഓർക്കുകയാണ്. അതുകൊണ്ട്, അശുഭചിന്തകളോട് വിടവാങ്ങട്ടെ. അങ്ങയെച്ചൊല്ലി കേരളം എന്നും അഭിമാനിക്കുമെന്നതാണല്ലോ മരണമില്ലാത്ത നേര്.

○

**പത്രഭാഷയെപ്പറ്റിയും പത്രങ്ങളുടെ ഉള്ളടക്കത്തെപ്പറ്റിയും എൻ. വി. ക്കു കരുത്തുറ്റ അഭിപ്രായങ്ങളുണ്ടായിരുന്നു. ധാർമ്മികമൂല്യങ്ങളിൽനിന്നു പത്രങ്ങൾ അകന്നകന്നു പോകുന്നതിനെതിരേ അദ്ദേഹം മുന്നറിയിപ്പു നൽകി. ഏതെല്ലാം വിഷയങ്ങളാണ് ആ തൂലികത്തുമ്പിൽ വിടർന്നത്! അദ്ദേഹത്തിന്റെ ബുദ്ധിയും മനസും വ്യാപരിക്കാത്ത മേഖലകൾ ഇല്ലായിരുന്നു. അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടികളുടെ വൈപുല്യം ഏതു ബുദ്ധിമല്ലനെയും നടുക്കും. എന്നിട്ടും അദ്ദേഹം നിസ്സംഗതയോടെ ജീവിച്ചു.**